# സ്മരണ

# U.C. COLLEGE ANNALS 89-90



WE VIEW ON...

Phone: 5791 / Res: 5756, 3770

**The Queen**
**Always Reigns and Rules supreme**
**We Distinguish Ourselves**
**With our Midasian**
**Touch on Everything**
**In Education**

# Queen Mother's College, Alwaye

( Near Private Bus Stand )

## Offers Courses

in

Parallel Classes:

| | | |
|---|---|---|
| PRE - DEGREE | (3rd & 4th Group) | - ( Mahatma Gandhi ) |
| B. Com., B. A. | MALAYALAM, ECONOMICS | - ( Mahatma Gandhi ) |
| M. A. . . . . . | ECONOMICS | - ( Kerala ) |
| | MALAYALAM | - ,, |
| | HISTORY | - ,, |
| | ENGLISH | - ,, |
| M. Com., M. A. | HINDI | - ,, |
| M. Sc. . . . . . | MATHS | - ( Calicut ) |
| B. Sc. . . . . . | MATHS | - ,, |

Failed Batches:

PRE - DEGREE
B. Sc. MATHS & ENGLISH
AND TUITION IN ALL SUBJECTS

**N. B.**

1. **Library Facilities Available for P. G. Students**
2. **Hostel Facilities Available for Girls and Boys**

# U. C. COLLEGE
## ANNALS 1989 - '90





**"Yes. I understand**

**We are the last specimen of the species preserved in houses**

**"We are evolution's missing link. Human race is yet to be born."**

**Let me go, Let me go...... ......"**

**COVER :-** 'Unity in Diversity? Does it Mean destroying the individuality and Preserving the whole? Or preserving the individuality and destroying the whole? How shall we attain the snblime end? Judge for yourself.

**TITLE :-** Whatever be your judgement the sublime destiny is hardly attainable. But we keep on praying ''നയ'' a term from sanskrit language; which means 'lead'.

Editor

ജീവിതം താളം നഷ്ടപ്പെട്ട രാഗമായി മാറുമ്പോഴും, ശ്രുതി വിടാതെ ആലപിക്കാൻ വെമ്പുന്ന ഒരു തലമുറയുടെ സ്വരാപസ്വരങ്ങളാണ് വരും താളുകളിലൂടെ കേൾക്കുക. ഇവ വ്യക്തമായി പ്രതിഫലിപ്പിക്കാനുള്ള പ്രതിബദ്ധത എന്റെ പരിമിതികൾക്കുള്ളിൽ നിന്നാകുമ്പോൾ പൂർണ്ണത നേടാനും വഴിയില്ല.

എങ്കിലും ഞാനേറെ സംതൃപ്തനാണ്. തല്ലി തകർന്ന് നുരഞ്ഞുകുത്തിയൊഴുകിയ നദി കെട്ടിനിറുത്തിയപോലെ; ഏറെ തെളിമ. ആഴത്തിൽ പുതിയ പലതും കാണ്മാറായി-പുഞ്ചിരികൾക്കപ്പുറമുള്ള രത്നപ്പൊലിമയാർന്ന സൗഹൃദങ്ങൾ, സ്വപ്നയാഥാർത്ഥ്യങ്ങൾക്കിടയിലെ അളക്കാനാവാത്ത അന്തരം, ഈ കലാലയത്തെ കണ്ടെത്തിയ നിമിഷങ്ങൾ, വിദ്യാർത്ഥികളെ അടുത്തറിഞ്ഞ അവസരങ്ങൾ. സ്വാർത്ഥതയിൽ മിനുക്കിയ 'അഹ'ങ്ങളുടെ ജാടയുംശൂന്യതയുംദർശിച്ചസംഭവങ്ങൾ, എല്ലാററിലുമുപരി, യു. സി. യിലെ ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിന്റെ തീവ്രത തൊട്ടറിയാൻ കഴിഞ്ഞ സാഹചര്യങ്ങൾ....തെളിഞ്ഞു കിട്ടിയ സമയം അല്പമെങ്കിലും ഏറെ കാണാൻ കഴിഞ്ഞു. ഈ അവസരം ഒരുക്കിതന്നത് നിങ്ങളാണ്. ഏറെ കടപ്പാടോടെ വിമർശനത്തിനും, വിലയിരുത്തലിനും, സങ്കുചിതമല്ലാത്ത ആസ്വാദനത്തിനുമായി ഈ എളിയ സമാഹാരം.....

ഒത്തിരി സ്നേഹത്തോടെ,

**സാജു പി. ജെ.**

എഡിറ്റർ.



അവകാശ വാദങ്ങളും
ആർത്ത നാദങ്ങളും
ഒന്നുമില്ലാതെതന്നെ
യു. സി. കോളേജ്' മാഗസിൻ '90
നിങ്ങളുടെ കൈകളിലർപ്പിക്കുകയാണ്'.
കലാലയത്തിന്റെ മുഖമുദ്ര
ഇതിലൂടെ തുറന്നു കാട്ടുവാനുള്ള ഉത്തരവാദിത്വം
തികവോടെ നിറവേറ്റിയിരിക്കാനും ഇടയില്ല.
എങ്കിലും
നിറമനസ്'സോടെ തന്നെ
ഞങ്ങളത്' നിർവ്വഹിക്കുന്നു -
സഹായിച്ചവർ സഹകരിച്ചവർ
ഉപദേശിച്ചവർ അനുഗ്രഹിച്ചവർ
ഏവരോടും ഞങ്ങൾക്കുള്ള
കൃതജ്'ഞതയുടെ അനുരണനങ്ങൾ
ഞങ്ങളിൽ നിന്നും ഏററുവാങ്ങുമ്പോൾ തന്നെ
ഈ 'ഛായാ ചിത്രവും'
നിങ്ങളുടെ മനസ്'സിൽ മനനം ചെയ്യപ്പെട്ടാൽ
ഞങ്ങളേറെ ധന്യരായി.

മാഗസിൻ കമ്മിററി '90



# The Principal's Message

Warm greetings and the best wishes to the staff and students of Union Christian College, Aluva !

Many of us are aware of the fact that the quality of higher education in India is undergoing deterioration. This is particularly true of Kerala as revealed by the reports of the performance of our students in the recent competitive examinations. There are many reasons for this situation. Important among them are: the steady increase in the number of Colleges and Universities without proper direction and planning; lack of proper vision on the part of those who start the institutions; lack of dedication to duty on the part of teachers and students; indifference of parents and society in general and the meaningless and ineffective control by the Government.

No one can deny the important ro played by the private colleges in the fie of higher education in India. some of the colleges remain to be outstanding in the performance. But many are totally unf and do not deserve to exist as institutions f higher study. In the good Colleges, goo traditions, healthy discipline and hig academic and moral standards exist. O the other hand, many institutions thriv on corrupt practices with poor quality administration, low academic standards an chronic indiscipline. *Such institutions hav no right to exist.*

Our College has certain unique feature It is the only centre of higher education i Kerala run on inter church basis. The Co llege was founded by men of vision, commi

ment and deep faith in God. These men were able to translate their vision into reality. From its inception, the College had outstanding teachers who could inspire students by their mode of life, behaviour and academic achievements. These 'gurus' saw teaching as a vocation. There was total commitment to the profession. This situation has changed to a great extent. The vision and enthusiasm of the founders are hardly seen in many of their successors. As a result, the students of the present generation are unable to derive any inspiration from their teachers. We have in this College a large number of teachers and students with the required potential. What is required is the recapturing of the spirit and quality of our predecessors. Renewed vision and planning are needed to make our institution a model for other institutions in India.

How can we achieve this aim? The most important step required is the obtaining of autonomy for our College. This will enable us to run the institution more effectively. In such a system, the faculty could plan appropriate curricula relevant to the existing needs of the society and the nation. Autonomy will give us freedom to conduct tests and examinations to evaluate the performance of students in the right manner at the right time. New methods could be deviced to improve the quality of higher education. This will create more involvement and participation of teachers and students in the teaching - learning process. It is very important that our teachers and students should be exposed to new ideas and challenges. This could be achieved by providing them with opportunities to attend intercollegiate seminars, international conference etc. In our class rooms, teaching is done by repeating what others have spoken or done. This outdated method has to be replaced by the search for new knowledge outside the class rooms by a joint effort on the part of teachers and students. Library work, field studies, and leading and participating in seminars and workshops should be encouraged. The quest for new knowledge should be inculcated in our students. The beginning for this should take place in the school itself.

It is generally pointed out that the present students are not really interested and serious in their studies. While this may be true of some students, it is my feeling that the present generation of students, on the whole, is comparatively more mature, responsible and academically better than the students of my own College days. Of course, now there is more interference of political ideology and disturbance in studies than in the earlier years. There should be all efforts to liberate higher education from the grip of vested interests. Regarding the behaviour of the present day students, as a teacher for many years and later as the Head of the institution, I have found that even the most rebellious among them are amenable to reason if it is extended to them in an atmosphere of mutual respect and good will.

Finally, I wish to emphasize the fact that our College is meant to be a 'Christian' institution standing for certain 'Christian' values which are universally accepted. The teachers and students, irrespective of their religion, community or caste, should have a feeling of 'oneness' within the College. Such an academic community can certainly bring about radical changes in the institution. Let this be our aim.

I take this opportunity to congratulate the editor and all others who have laboured so much to bring out a nice magazine of literary and artistic value.

**Dr. C. JOYCE MATHEW**
PRINCIPAL

# THE PRINCIPAL'S MESSAGE



## IT IS WITH YOU......

I am glad to convey my warm greetings and best wishes to the staff and students of our college.

Our college was started with a purpose of producing responsible Citizens excellent in their field of work. The founders gave equal care for the nourishment and development of the body, soul and mind.

While preserving the desirable values and traditions, the College should be prepared to welcome new ideas and challenges which will help in the creation of individuals who could play a better role in the modern world. The maintenance and bequeathing of the traditions of a college are largely in the hands of successive groups of students.

Educational institutions should not be used for any activity which reduces the quality of academic life. The members of the faculty, students and all others involved in the learning process have greater responsibility and accountability to society.

I request the whole-hearted co-operation of the college community to make our college excellent in producing mature personalities.

I take this opportunity to congratulate the student chief editor and others who laboured hard to bring out a nice publication of literary and artistic value.

**Prof. C. J. THOMAS**
PRINCIPAL [1990......]

ദേശീയ ഐക്യത്തിൻെറ പാത
യിൽ ജീവൻ ബലി കൊടുത്ത
ആയിരങ്ങൾക്കായി.....



“ 'Born of same Mother' is the common human identity which we all require, as all blood has the same colour, all pain speaks the same language and all poverty has the same face. ”

## From Editor's Desk

# WHAT CAN WE DO..... ?

**[ Role of Education in National Unity ]**

Integrity is the nucleus of any organised body set out for a cummulative growth; so to a nation like India where 'Unity in diversity' is sought.

India from her birth, as a free land began to encounter the unfortunate Phenominon-disintegration, and she is not free yet. Today the 'Virus' of disintegration seems to be a passive concern of the people involved; because they find an unfavourable atmosphere to implant the feeling of oneness.

No doubt it is the time of education that is suited best to aflame the primary lessons of mutual respect and love for one another.

What can we as students and teachers; the components of the educational system, contribute to generate and preserve the feeling of oneness? Perhaps it may be the right platform. So we have found "National Unity" as the theme for our annals.

India's greatest wealth is its people, the vast mosaic of its different cultures, languages, religions and races. A socially oriented education must help them to respect each other as persons. as persons who have a right to be different, as persons who have the same fundamental rights, dignity, fears, problems and hopes and thus help them to grow. Not to do so would be to hasten the degeneration of persons and the disintegration of society. As Martin Luther King says, "We can either live together as brothers or perish together as fools."

The present educational system is still unrelated to life. It still does not contribute much towards economic development, democracy, sercularism and above all national integration - a term heard as feeble echoes in remote parts of the country, being enguifed by scattering forces. National consciousness is not achieved even after the so called higher education as is obvious from the vast brain-drain from the country. Education, especially at the primary level has a vital role in promoting integrity in the hearts and labours of the citizens at the national and at the international level.

Education begins in the womb. N individual exists by himself without a pa that has moulded him and a futu towards which he sets his goal. Anthr pological studies have confirmed that the is not a single society where religion h not been an essential component of societ living. Trying to separate man's religio nature from his social nature is lil trying to separate his humanity from h intelligence, the gift which distinguishes hi from the rest of the animal kingdom. F national integration, a secular education wi respect and toleration for every religion essential. On the surface, a secular educat onal system is being established, but wh such communal riots occur in various part the country, we are left to wonder ho far this ideal has reached the minds educated citizens.

The next footing is the system primary education. Leaving aside th vast majority of children who is deni this inspite of the numerous education policies, we find an almost adolescen emerging, staring wide-eyed at the worl helpless, and questioning, after spendin nearly 12-13 years in school. Unles economic development is achieved, we ca not expect a radical change in these stat of things.

What other force, but education wil arouse the indian masses from their ag old, soul - destroying acceptance of misery as their 'Karma?' How else, can an atmosphere of brotherhood, fellowship and goodwill be created but through education? where else will we find a country having two-thirds of the world's cattle and where

th men and cattle starve because the mer will not eat the latter? what we quire today is an educational system ured to the actual needs of the country, system that will help break down ejudice against working with the hands it will stress initiative and personal ought and the dignity of human labour. must realize that no nation can live long on borrowed brain without coming a back number in the world. nation can advance only if it can think l do. The thinkers and doers need not the same, but at least some thinkers st be produced every year by our versities.

The banking concept of Education st undergo a total change. As indian zens, we are members of the ociation of associations' called the te which is governed by a constitution. er 44 years of Independence, how many mbers of our polity could pride themselves h even a minimal knowledge of the supreme of our land? If the percentage of illiteracy igh, it is a fair guess that the percentage political illiteracy is even higher. The ues of our people's constitution are not to nain confined to the pages of a document. enlightened citizenship, therefore, would l its best anchorage in popular knowledge l appreciation of our fundamental law to ich all law in the land, down to the minu- t, must conform.

The services rendered by the public service advertising, broad-based social movements, television and voluntary groups deserve notice.

An integrative education where unity in diversity and the maintenance of a proper balance between tradition and modernity are the cardinal objectives, is essential for national unity.

when all is said about the importance of education in national integration, one must not forget the role of teachers in all this. No other agency, however up to date it is, can ever replace a teacher. He is the real live human voice through which education is imparted in the best form. The best part of every person is spent in the educational institutions and the life there must be one of brotherhood and fellowship. If such an atmosphere is achieved, then unity cannot stay far from us. In such an institution there can be no selfishness and it is natural for the students who go out into the wide world from there to acquire such a spirit. " IT IS THIS COMMON HUMAN IDENTITY WHICH WE ALL REQUIRE, AS ALL BLOOD HAS THE SAME COLOUR, ALL PAIN SPEAKS THE SAME LANGUAGE AND ALL POVERTY HAS THE SAME FACE."

## College Union



ROY JOHN E.
Chairman



BETTYMOL A.
V. Chairman



MARTIN ANTONY
General Sectry.



UNNI K. K.
U. U. C.



DIXON P. T.
U. U. C.



ALI K. S.
Arts Club Sectry.



BINDU S.
Lady Rep.



SHAILAJA S.
Lady Rep.

## Representatives

1



2



3



4



5



6



* *See Union Report for details*

## Nominees

1



2



3



4



5



6



7



# "ഹലോ... യു. സി. കോളേജല്ലേ, ഇതു ഞാനാ..."

ഇൻറർവ്യൂ



## കയറിൻേറയും കടൽത്തീരത്തിൻേറയും കഥാകാരൻ !!!

വിശ്വസാഹിത്യത്തിൽ മലയാളത്തിന് സ്ഥാനം നേടിക്കൊടുത്ത തകഴി, എക്കാലത്തും എഴുതിയത് മനുഷ്യ ജീവിതത്തെക്കുറിച്ചായിരുന്നു. മനുഷ്യൻെറ പ്രശ്നങ്ങളാണ് അദ്ദേഹത്തെ എന്നും എഴുതാൻ പ്രേരിപ്പിച്ചത്. കേരളീയ ജീവിതത്തിൻെറ ആത്മാവിനെ മലയാള ഭാഷയിലേക്ക് ആവാഹിച്ച തകഴി വർത്തമാന കാലഘട്ടത്തിൻെറ ഇതിഹാസമായി മാറിക്കഴിഞ്ഞു.

വാർദ്ധക്യവും, രോഗവും ശരീരത്തെ നിരന്തരം വേട്ടയാടുമ്പോഴും തകഴിയുടെ അരോഗദൃഢമായ മനസ്സ് പുതിയ തലമുറയ്ക്കുവേണ്ടി മലർക്കെ തുറക്കുന്നു. യു. സി. കോളേജു മാഗസിൻ കമ്മററിക്കുവേണ്ടി ശ്രീ. എൻ. സി. പ്രശാന്ത് തകഴിയുടെ വസതിയിൽ നേരിട്ട് സന്ദർശിച്ച് തയ്യാറാക്കിയ അഭിമുഖത്തിലെ പ്രസക്തമായ ഭാഗമാണ് ചുവടെ ചേർക്കുന്നത്. ആ വലിയ മനസ്സിനോട് നന്ദി എന്ന പാഴ്‌വാക്കു പറയുന്നില്ല. അദ്ദേഹത്തിൻെറ ആയുരാരോഗ്യ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

— എഡിററർ



❝ ഒരുപാട് വായിക്കുക. ഒരുപാട് അറിയുക. കണ്ണുതുറന്നു നടക്കണം. ജീവിതം കാണണം. വഴിയിലെ വിളക്കുകൾ തെളിയിക്കണം. കഷ്ടപ്പാടിൽ സുഖം കണ്ടെത്തണം. ❞





ആലപ്പുഴയിൽനിന്നു കുട്ടനാടൻ ഗ്രാമങ്ങളിലൂടെയുള്ളയാത്ര ആദ്യമായിട്ടായിരുന്നില്ലെങ്കിലും ഈ ആവണിപ്പിറപ്പിൻ നാളിലെ യാത്രയ്ക്ക് എന്തോ പുതുമ അനുഭവപ്പെട്ടിരുന്നു. പുന്നപ്രയും, വയലാറും കടന്നുപോകുമ്പോൾ, അവിടുത്തെ മണൽനിറഞ്ഞ മണ്ണിൽ ജീവരക്തമൊഴുക്കിയവരുടെ സ്മാരക മണ്ഡപങ്ങൾ കാണുമ്പോൾ, മനസ്സ് ആരാധനയോടെ കുമ്പിടാറുണ്ട്. ചെമ്പകശ്ശേരി പെരുമാളിന്റെ അമ്പലപ്പുഴയിൽ എത്തുമ്പോൾ എവിടെനിന്നോ ഒരു വേണുഗാനം ഒഴുകി വരുന്നതുപോലെ! എവിടെയോ ഒരു നമ്പ്യാർ തുള്ളൽ കഥ പറയുന്നതുപോലെ! എവിടെയോ ഒരു ചെറുശ്ശേരി കൃഷ്ണഗാഥ പാടുന്നതുപോലെ! ഇടക്കയൊലിയൊത്ത് ഉയരുന്ന നമ്യഷ്ടപദീഗാനത്തിൽ മുങ്ങിത്തോർത്തി, അമ്പലപ്പുഴയിലെ കണ്ണന്റെ സവിധത്തിൽ നിൽക്കുമ്പോൾ എല്ലാം മറന്നുപോകാറുണ്ട്. കരുമാടിയിലെത്തിയാൽപിന്നെ നോക്കുക, ആ കരുമാടിക്കുട്ടനെ തന്നെ!

കരുമാടിയിൽ നിന്നല്പം പോയാൽ പമ്പയുടെ തീരത്ത് സുമനോഹരിയായ ആ ഗ്രാമം എത്തുകയായി. കരിമണ്ണിന്റെയും, കയറിന്റെയും, കടൽത്തീരത്തിന്റെയും മനഃസ്പന്ദനങ്ങളെ, നമ്മുടെയെല്ലാം ജീവസ്പന്ദനങ്ങളാക്കി, ജ്ഞാനപീഠത്തെ ഒരിക്കൽക്കൂടി കൈരളിയ്ക്കു സമ്മാനിച്ച ശിവശങ്കരപ്പിള്ളയുടെ ഗ്രാമം, തകഴി. നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന കേദാരങ്ങളും. നിറയെ വെള്ളാമ്പൽ പൂക്കളും. ആഫ്രിക്കൻപായലും നിറഞ്ഞ ചിറകളും.. കൈതോട്ടിൻ വക്കുകളിൽ മുടിയഴിച്ചിട്ട യക്ഷിയേപ്പോലെ നിൽക്കുന്ന കൈതകളും എല്ലാം അവയുടെ കഥാകാരന്റെ മുന്നിലേക്ക് എനിക്ക് സ്വാഗതമരുളി.

തകഴിയിലെത്തിയപ്പോൾ സംശയമുണ്ടായിരുന്നു തകഴി അവിടെ ഉണ്ടോ എന്ന്. ചിരപരിചിതമായ വഴിയിലൂടെ നടന്ന് ശങ്കരമംഗലത്തിനകത്തേയ്ക്ക് ഞാനൊന്നുരണ്ടുവട്ടം എത്തിനോക്കി. കാറവിടെയുണ്ട്. നിത്യസഹചാരിയായ പങ്കൻ മുറ്റത്തുനിൽപ്പുമുണ്ട്. തീർച്ചയാക്കി. അദ്ദേഹമവിടുണ്ട്. എന്റെ രണ്ടു 'കസിൻസി'നോടൊപ്പം വീട്ടിൽ കടന്നുചെന്നപ്പോൾ പൂമുഖത്തെ ചാരുകസാലയിൽ തകഴി സുഖകരമായ മയക്കത്തിലായിരുന്നു.

പങ്കൻ വന്ന് വാതിൽ തുറന്നു തന്നു. ഞങ്ങളെ കണ്ട തകഴിയുടെ മുഖത്ത് യാതൊരു അപരിചിതത്വവുമില്ലായിരുന്നു. കൂടെയുണ്ടായിരുന്ന തദ്ദേശവാസിയായ ചേട്ടൻ എന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തി. '' ചന്ദ്രന്റെ മകനാ ....''

'' ഓഹോ, കോടനാട് വാസി, വാ ഇരിക്ക് '' തകഴി ആതിഥ്യമരുളി.

'' നീയിപ്പോൾ എന്തോ പഠിക്കുവാ '' ? തനി തെക്ക മലയാളത്തിലുള്ള ചോദ്യം. ഞാനപ്പോൾ തകഴിയെ ശ്രദ്ധക്കുകയായിരുന്നു. കുറേക്കാലമായി അദ്ദേഹം രോഗാതു നാണ് എന്ന വാർത്ത ഞാൻ കേട്ടിരുന്നു. മുൻപ് തകഴിയെ കാണുമ്പോഴൊക്കെ ഞാൻ സകൗതുകം നോക്കാറുണ്ട്. ഒറ്റമുണ്ട് മാത്രമുടുത്ത് രാവിലെ ചായ കുടിക്കാൻ പോക ന്ന തകഴിയെ! തലയിലൊരു ഈരെത്തോർത്തുകെട്ടി പണ ക്കാർക്ക് കഞ്ഞിയുമായി പോകുന്ന തകഴിയെ! വീടിന ചേർന്നുള്ള കടയുടെ തിണ്ണയിൽ വെറുതേ കുത്തിയിര ന്നു ബീഡി വലിക്കുന്ന തകഴിയെ! ഇപ്പോൾ ചാരുകസ ലയിൽ, മയക്കത്തിൽ നിന്നെഴുന്നേൽക്കാൻ മടിക്കുന കണ്ണുകളും, വിറയ്ക്കുന്ന ശുഷ്കിച്ച വിരലുകളുമാ ക്ഷീണിതനായിരിക്കുന്ന തകഴിയുടെ രൂപം എനിക്ക പരിചിതമായിരുന്നു. '' യു. സി. കോളേജിൽ ബ എസ്സിക്ക് '' ഞാനുത്തരം കൊടുത്തു. '' ഓ നമ്മു കുറ്റിപ്പുഴയുടെ കാളേജ്, കുറ്റിപ്പുഴയുള്ളപ്പോൾ ഞാ വിടെ വന്നിട്ടുണ്ട് '' തകഴി പഴയ സുഹൃത്തിനെ അന സ്മരിക്കുകയായിരുന്നു. പിന്നീട് അദ്ദേഹം സ്വ നോഷണങ്ങളിലേയ്ക്കു കടന്നു.

ഇപ്പോൾ അസുഖമെങ്ങിനെയുണ്ട് ? ഞാനിടയ്ക ചോദിച്ചു. '' കുറഞ്ഞുവരുന്നു. മിക്കവാറും ദിവസ ളിലെല്ലാം ആലപ്പുഴ മെഡിക്കൽ കോളേജിൽ പോകുന ണ്ട്. മസിലുകളെല്ലാം സ്തംഭിച്ചിരിക്കുകയായിരുന്ന അവിടെ അവയെ ഉത്തേജിപ്പിക്കാൻ ചികിത്സ ചെയ്യ ന്നുണ്ട്. ദാ – ഇപ്പോൾ ഇത്രയും വരെയൊക്കെയായി. തകഴി കൈയ്യും കാലുകളും മടക്കിയും നിവർത്തിയു ഞങ്ങളെ കാണിച്ചു തന്നു. അസുഖത്തേയും ചികിത്സ യേയും കുറിച്ച് പറഞ്ഞപ്പോഴെല്ലാം തകഴി വാചാലനായ

''ഇപ്പോൾ സ്റ്റാൻഡിൽ പിടിച്ചു നടക്കാം. വയസ്സ് ആയില്ലേ. ദാ – മസിലുകൾ, കണ്ടോ? എല്ലാം അയഞ്ഞ തൂങ്ങി. നേരെയാവണമെങ്കിൽ കുറച്ചു കാലമെടുക്കു ചെറുപ്പക്കാരനാണെങ്കിൽ പണ്ടേ ഭേദമായേനെ.''

എവിടെയായിരുന്നു ചികിത്സ ?

''ഓ, അതൊന്നും പറയണ്ട. തിരുവനന്തപുരത്ത ശ്രീ ചിത്തിരയിലായിരുന്നു ആദ്യം. അവിടെത്തന്നെയായ നുന്നെങ്കിൽ പണ്ടേ തീർന്നേനെ ! ബോധമൊന്നുമുണ്ടായ രുന്നില്ല. സ്ഥലകാല ബോധം പ്രത്യേകിച്ചും. പിന്നെ ആലപ്പുഴയിലായി. അന്ന് എനിക്ക് എനിമ തന്നതോ ക്കുന്നു, വയറ്റിൽ നിന്നുപോകാൻ. പക്ഷേ എന്റെ ബോധത്തിൽ എനിക്ക് എനിമ തരുന്നത് ആശുപത്ര യിലായിരുന്നില്ല. പാകിസ്ഥാന്റെ അതിർത്തിയിൽ പ ഞ്ചാബിലെ ഒരു ഗ്രാമം ഒരിക്കൽ ഞാൻ സന്ദർശിച്ച രുന്നു. അവിടെവച്ചാണ് ഈ എനിമ തരുന്നത് എന്ന യിരുന്നു എന്റെ വിചാരം. അതുകഴിഞ്ഞ് വെളിക്കി ങ്ങിയതാവട്ടെ, കരുവാറ്റയിലെ ഒരു ബന്ധുഗൃഹത്തിൽ വച്ചും! അന്ന് കെ. എം. മാത്യു എന്നെ സന്ദർശിച്ചതു ഒരു ചെക്ക് തന്നതും ഓർക്കുന്നു. പക്ഷേ അതും ആശ പത്രിയിലല്ല, ചേർത്തലയിലെ ഒരു വീട്ടിൽ! കൃഷ്ണ കുമാർ സന്ദർശിച്ചതും എന്റെ ഓർമ്മയിൽ ചേർത്തല



തിലായിരുന്നു. പക്ഷേ ഇപ്പോൾ നല്ല ബോധമുണ്ട്. വളരെ പഴയ കാര്യങ്ങളൊക്കെ ഓർക്കാൻ കഴിയുന്നുണ്ട്.''

ആയുർവേദ ചികിത്സയും ഉണ്ടെന്നു കേട്ടു?

''ങാ ഉണ്ട്. കോയമ്പത്തൂരാണ് ചികിത്സ. ഇപ്പോൾ അതാണ് മുഖ്യം.'' തകഴി താൻ ഉപയോഗിക്കുന്ന ആയുർവേദ മരുന്നുകളുടെ പേരും പ്രയോഗവും എല്ലാം വിസ്തരിച്ചു പറഞ്ഞു. ഇടയിൽ ഞാനൊരു കുസൃതി ചോദ്യം ചോദിച്ചു. ചിലവെല്ലാം സർക്കാരിൽനിന്നാണല്ലോ, അല്ലേ ?

കസാലയിൽ ചാഞ്ഞുകിടന്നിരുന്ന തകഴി എഴുന്നേറ്റിരുന്നു. ഇതാ പറഞ്ഞത്. ആർക്കും എന്തും പറയാമെന്ന്. എനിക്ക് മരുന്ന് വാങ്ങണമെങ്കിൽ ഞാൻ പൈസ കൊടുക്കണം. നായനാര് ഒരിക്കൽ പറഞ്ഞിട്ടാണ് കോയമ്പത്തൂര് ചികിത്സയിലായത്. നായനാര് തന്നെ ചിലവെല്ലാം വഹിക്കുമെന്ന് പറഞ്ഞിരുന്നു. കോയമ്പത്തൂര് ആശുപത്രിക്കാർ ചിലവ് അവർ സ്വയം വഹിച്ചു കൊള്ളാമെന്നെഴുതി. ഒരു പ്രാവശ്യം വൈദ്യൻ ഇവിടെ വന്നു പോയതിന് ഞാൻ കൊടുത്ത പൈസ അദ്ദേഹം സ്വീകരിച്ചില്ല. മരുന്നൊക്കെ എഴുത്തു മുഖേനയാ .........''

അപ്പോഴേക്കും സഹധർമ്മിണി കാത്തയും ഇളയമകൾ കനകവും പൂമുഖത്തെത്തി. തകഴി എന്നെ കാത്തയ്ക്കു പരിചയപ്പെടുത്തി. പിന്നെ കുറേനേരം കുശലപ്രശ്നങ്ങൾ നടത്തി. ''നിന്നെ കുഞ്ഞിലേ കണ്ടതാ, ഇപ്പോൾ താടിയും മീശയും കൊക്കെയായില്ലേ? എങ്ങിനെ അറിയാനാ'' കാത്ത എന്നോടു പറഞ്ഞു. തകഴി കസാലയിലിരുന്ന് പൂമുഖത്തെ ക്ലോക്കിൽ നോക്കി. സമയം 12. 30. ഞാൻ എന്റെ വാച്ചിൽ നോക്കിയപ്പോൾ 11 ആകുന്നതേ ഉണ്ടായിരുന്നുള്ളു ! സമയം കണ്ടുകൊണ്ടാകണം തകഴി കാത്തയോട് വിശക്കുന്നു എന്ന് പറഞ്ഞു. ക്ലോക്ക് ഫാസ്റ്റാണെന്ന് കനകം അപ്പഴേ മനസ്സിലാക്കി.

''ഇന്നു രാവിലെ മുതൽ ചുണ്ടിനു ഒരു കോടൽ ഉണ്ട്. വലത്തെ ചെവിക്കു നല്ല വേദനയും. ബി.പി. നോക്കിയിട്ട് കൂടുതലൊന്നും കണ്ടില്ലെന്ന് ജയൻ പറഞ്ഞു. (Dr. ജയൻ മൂത്തമകളുടെ മകൻ) ഒന്നു മുറുക്കി തുപ്പിയപ്പോൾ കോടൽ അല്പം കുറഞ്ഞപോലുണ്ട്.

''പിന്നെ കേൾക്കണോ ഏറ്റവും ചിലവു കുറഞ്ഞതും ഫലപ്രദവുമായ ചികിത്സ കാത്തയുടേതാണ്. കക്കൂസിൽ പോകാൻ വല്ലാത്ത പ്രയാസമായിരുന്നു. ഒന്നാമത് പിടിച്ചിരുത്തണം. പിന്നെ അവിടത്തെ മസിൽസ് ബലം കുറഞ്ഞിരിക്കുകയാണ്, ഒന്നും പുറത്തേക്ക് വരില്ല. ആശുപത്രിക്കാരുടെ മരുന്നൊന്നും ഫലിച്ചില്ല. കാത്തയുടെ ഔഷധം കൊള്ളാം. ഉലുവാപ്പൊടി. അതു സേവിച്ചതിനു ശേഷം സുഖശോധനയാണ്. ഇപ്പോൾ ഷുഗറിനും പററിയ മരുന്നാണ്. നിന്റെ അച്ഛനോടും പറ സേവിക്കാൻ. (എന്റെ അച്ഛനും ഡയബററിക്സ് ഉണ്ട് എന്ന് തകഴിക്കറിയാം) പിന്നെ ദിവസവും കഴിക്കണം കാത്തയുടെ സിദ്ധൗഷധം, കാൽപ്പോൾ'' തകഴി കാത്തയെ നോക്കി ഒന്നൂറി ചിരിച്ചു.

ഞാനല്പം സാഹിത്യം ചോദിക്കട്ടെ ? ഇടയ്ക്ക് ഞാൻ ചോദിച്ചു. ''എന്തിനാ മാഗസിനിൽ ഇടാനാ? ചോദിച്ചോ, ചോദിച്ചോ'' തകഴി എന്നെ നോക്കി, ചോദ്യം കേൾക്കാൻ. ''കഥകളൊക്കെ വായിച്ചപ്പോൾ തോന്നിയതാ, താങ്കൾക്ക് സുവ്യക്തമായ ഒരു നായകസങ്കല്പം ഉണ്ടായിരുന്നു. അങ്ങിനെയൊന്ന് നായികമാരുടെ സൃഷ്ടിയിൽ കാണുന്നില്ല. കാരണം വല്ലതുമുണ്ടോ?

എന്തു കാരണം? ഞാനൊരു നായകനേയും നായികയേയും സൃഷ്ടിച്ചിട്ടില്ല. ഒരു കഥാപാത്രവും ഇന്ന തരത്തിൽ ആകണമെന്ന് നിർബന്ധം വച്ചിട്ടുമില്ല. എന്റെ മനസ്സിലൊരു കഥയുണ്ടാകും. ഞാനതിനെ ഭംഗിയായി അവതരിപ്പിക്കുവാൻ ശ്രമിക്കും. അതിനു വേണ്ടി കഥാപാത്രങ്ങൾ ജനിക്കും. എനിക്കു പ്രധാനം കഥയും ജീവിതവുമാണ്. നായകനും, നായികയുമല്ല. അവരുടെ വലിപ്പച്ചെറുപ്പങ്ങൾ എന്തായാലും അതെന്റെ കഥയുടെ മർമ്മത്തെ സ്പർശിക്കുകയേ ഇല്ല. പിന്നെ ചില പാത്രങ്ങൾ ശക്തിയാർജ്ജിക്കുന്നത്, അത് കഥാഗതിയുടെ പ്രത്യേകത കൊണ്ടുമാത്രം.

''ത്യാഗത്തിന്റെ പ്രതിഫലം മുതൽ ബലൂൺ വരെയുള്ള മിക്കകൃതികളിലും വേശ്യാത്വത്തിന്റെ വിവിധ ഭാവങ്ങൾ തെളിഞ്ഞു വരുന്നുണ്ട് ഇങ്ങനെയൊരു പ്രത്യേകതയുണ്ടായതിന്റെ പശ്ചാത്തലമെന്താണ്? ''

ഒരു പ്രത്യേക പശ്ചാത്തലത്തിന്റേയും അടിസ്ഥാനത്തിലല്ല ആ ഭാവം കഥകളിൽ കടന്നുകൂടുന്നത്. ഞാനെഴുതുന്നത് സമൂഹത്തിന്റെ പച്ചയായ കഥകളാണ്. എന്റെ സമൂഹം ഈ കുട്ടനാടൻ ഗ്രാമങ്ങളാണ്. ഇതിന്റെ ചുററുപാടുകൾ എന്റെ കഥയിൽ കടന്നുവരുവാൻ ഒരു പ്രത്യേക പശ്ചാത്തലമെന്തിന് ? ഏതൊരു ജീവിതത്തോടും ബന്ധപ്പെടുന്ന ഒന്നാണ് വേശ്യാത്വം. അതുകൊണ്ട് തന്നെ ജീവിതത്തിന്റെ പച്ചയായ ആവിഷ്കരണങ്ങളിൽ അത് കടന്നു കൂടുന്നത് സ്വാഭാവികം മാത്രമാണ്.

''പിരിമുറുക്കം കുറഞ്ഞ ഒരു കഥാവിഷ്കരണമാണ് കയറിൽ കാണപ്പെടുന്നത്. ഗ്രാമീണ ജീവിതാവിഷ്കരണത്തിന് ഇത് മതിയെന്ന് കരുതിയതു കൊണ്ടാണോ ഇങ്ങനെയൊരു മാർഗ്ഗം അവലംബിച്ചത്? അതോ കാലഘട്ടത്തിന്റെ സ്വഭാവം മാത്രമാണോ? ''

നിങ്ങളൊക്കെ ചേർന്നാൽ ഏതു കയറിന്റേയാ പിരി അഴിയാത്തത് ! കയറ് എന്റെ മററു നോവലുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ്. ന



ഗരങ്ങളിലെ മണിമേടകളിൽ ഉണ്ട് ഉറങ്ങുന്നവർ അവരുണ്ണുന്ന ചോറിനു പിന്നിൽ പൊഴിഞ്ഞ വിയർപ്പുതുള്ളികളെ കുറിച്ചറിയാറില്ല. അതിന്റെ പിന്നിലെ ദുഃഖങ്ങളെ കുറിച്ചറിയാറില്ല. മോഹങ്ങളേയും, മോഹഭംഗങ്ങളേയും കുറിച്ചറിയാറില്ല. ഞാനാ സാമൂഹ്യ പ്രതിഭാസത്തെ കുറിച്ച് എഴുതിയതാണ് കയറ്. വലിയവനും, ചെറിയവനും ഒരേ സമൂഹത്തിന്റെ ശില്പികളാണ്. അവർ തീർക്കുന്നത് ഒരേ സംസ്കാരമാണ്. അത് നിങ്ങളറിയാറുണ്ടോ ? ഉണ്ടെങ്കിൽ എന്റെ കയറിന്റെ പിരി അയയുകയില്ല. ഒരു കാലഘട്ടത്തിന്റെ കഥയാണത്. ആസ്വാദനത്തിനപ്പുറം കടന്ന് അല്പം ചിന്തിച്ചു നോക്കുക. നിങ്ങളുടെ പിരിമുറുകും, അത് കയറിന്റെ സ്വഭാവമാണ്.

ചെക്കോവിന്റെ സ്ത്രീ കഥാപാത്രങ്ങളുടെ സ്വാധീനം നോവൽ രചനയിൽ കടന്നു കൂടിയിട്ടില്ലേ ?

ഈ കുട്ടനാട്ടിലെ ഓണംകേറാമൂലകളായ കൊച്ചു ഗ്രാമങ്ങളിലെ സ്ത്രീകളുടെ നേരും, നെറിവും, നെറിവുകേടും ചെക്കോവിന്റേതാണെന്നു പറയുന്നവരോ ഞാനെന്തു പറയണം. അങ്ങിനെയൊന്ന് നിങ്ങൾക്കനുഭവപ്പെട്ടിട്ടുണ്ടെങ്കിൽ, ആ സ്വഭാവങ്ങൾ പരമമായ സത്യമാണെന്നു വരുന്നു. ഞാനീ ഗ്രാമീണ സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിച്ചതിനു, ചെക്കോവിന്റെ ഒരു പാത്രവും സ്വാധീനം ചെലുത്തിയിട്ടില്ല. ഒരു പക്ഷേ അദ്ദേഹത്തിന്റെ വീക്ഷണവും, എന്റെ വീക്ഷണവും പൊരുത്തപ്പെട്ടു പോകുന്നത് യാദൃശ്ചികം മാത്രമാകാം. അല്ലെങ്കിൽ ഈ സ്വഭാവങ്ങൾ ദേശാതീതമാകാം. ഈ പ്രശ്നം എന്നെ മാത്രമല്ല, മലയാളത്തിലെ ഏതു നല്ല എഴുത്തുകാരനേയും താറടിക്കാൻ ചിലർ കരുതിക്കൂട്ടി ചെയ്യുന്ന ഒരുതരം പരിപാടിയാണ്. പരോത്കർഷാസഹിഷ്ണുത എന്നു കേട്ടിട്ടില്ലേ ? അതുതന്നെ. ''

ഇതിനിടയിൽ തകഴി ഒരു ലോകകാര്യം എടുത്തിട്ടു. '' ഇറാഖിൽ വെടിയൊക്കെയും പൊട്ടിയെന്നു കേട്ടു. കൂടുതൽ വിവരം വല്ലതും അറിഞ്ഞുവോ ? ഇവിടെയാണെങ്കിൽ ഒരു റേഡിയോ പോലുമില്ല ! '' ഞാനൊന്നു ചിരിച്ചു. കുറേനേരം ഗൾഫിലെ സ്ഥിതിഗതികളെ കുറിച്ച് സംസാരിച്ചു. തകഴി കാത്തയെ വിളിച്ച് വിശപ്പിന്റെ കാര്യം ഓർമ്മപ്പെടുത്തുന്നുമുണ്ടായിരുന്നു. ഞാൻ വീണ്ടും ചോദിച്ചു. പുരോഗമന സാഹിത്യപ്രസ്ഥാനം എന്തെങ്കിലും സ്വാധീനം താങ്കളിൽ ചെലുത്തിയിട്ടുണ്ടോ ?

'' ഞാ അങ്ങിനെയൊരു പ്രസ്ഥാനം........ ജീവിതമല്ല, എന്തെല്ലാം സ്വാധീനം ചെലുത്തുന്നു. എന്തെല്ലാം തിരിച്ചു മറിക്കുന്നു. ഉണ്ടാകാം, ഇല്ലായിരിക്കാം. ഞാനതിനെ കുറിച്ച് കൂടുതൽ ചിന്തിച്ചിട്ടില്ല. ''

ലോകത്തിലെ മഹത്തായ ആശയപ്രസ്ഥാനത്തിന്റെ (കമ്യൂണിസം) ഇന്നത്തെ അവസ്ഥയെ കുറിച്ചെന്തു പറയുന്നു ?

കമ്യൂണിസം ജീവിതത്തിന്റെ പൂർണ്ണമായ ആവിഷ്കാരമാണ്. ജീവിതത്തോട് ഏറ്റവും അടുത്തിരിക്കുന്ന ആശയപ്രസ്ഥാനം. ജീവിതം എന്നത് കെട്ടിനിർത്തിയ വെള്ളമൊന്നുമല്ല. അത് ഒഴുകുന്നു. അപ്പോൾ മാറ്റങ്ങൾ സംഭവിക്കുക സ്വാഭാവികമാണ്, അനിവാര്യമാണ്. പക്ഷേ ഈ മാറ്റങ്ങൾ ജീവിതത്തിന്റെ യഥാർത്ഥ ഭാവത്തിന് രൂപഭേദങ്ങൾ വരുത്തുന്നില്ല. അതുകൊണ്ടുതന്നെ ഞാൻ പറയുന്നു, കമ്യൂണിസം, ഏറ്റവും മൗലികമായ ഈ ആശയം തകരുന്നില്ല. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അത് ജീവിതത്തിന്റെ സുഗമഗമനത്തിനു കൂടിയേ തീരൂ. അതിനെ നാം എങ്ങിനെ ഇവിടെ പ്രവർത്തിപ്പിക്കുന്നു എന്നതിനെ കുറിച്ച് ഞാനൊന്നും പറയുന്നില്ല. പക്ഷേ ആശയം മഹത്തരങ്ങളിൽ മഹത്തരമാണ്. അതൊരിക്കലും നാമാവശേഷമാകില്ല. തീർച്ച.

വിദ്യാഭ്യാസ സമ്പ്രദായം ഇന്നത്തേത് വളരെ ശുഷ്കമാണെന്നും, അതിനെ അടിമുടി അഴിച്ചു പണിയണമെന്നും എല്ലാവർക്കും അഭിപ്രായമുണ്ട്. അങ്ങെന്തു പറയുന്നു ?

ഞാൻ പറഞ്ഞില്ലേ, മാറ്റങ്ങൾ സ്വാഭാവികമായി കാലഘട്ടങ്ങളിലൂടെ സംഭവിച്ചുകൊണ്ടിരിക്കും. ദോശ മറിച്ചിടുന്നതുപോലെ മാറ്റിയിടാവുന്നതാണോ ഇന്നത്തെ സമ്പ്രദായങ്ങൾ. പലതും മാറേണ്ടതുണ്ട്, സ്വാഭാവികമായി മാറിയില്ലെങ്കിൽ സമ്മർദ്ദം പ്രയോഗിക്കേണ്ടിവരും. അതിങ്ങനെ വേണം, ഇന്നതു വേണം എന്ന് '' പ്രെഡിക്ട് '' ചെയ്യുവാൻ പറ്റുമോ?

ഇപ്പോൾ എന്തെങ്കിലും രചനയിൽ ഏർപ്പെട്ടിട്ടുണ്ടോ ? ആത്മകഥ എഴുതുന്നുണ്ടോ ?

ഞാനിപ്പോൾ ഒരു നോവൽ രചനയിലാണ്. പറഞ്ഞുകൊടുത്തെഴുതിക്കുകയാണ്. വിഷമമാണാ പരിപാടി. പൂർണ്ണത വേണമെങ്കിൽ സ്വയം എഴുതണം. ആത്മകഥ പലപ്പോഴായി എഴുതിയിട്ടുണ്ട്. ഇനിയൊരെണ്ണം പ്രത്യേകിച്ച് വേണമെന്നില്ല. വേണമെങ്കിൽ അവ സംയോജിപ്പിച്ചാൽ മതി.

ഏതൊരു വ്യക്തിയുടെ വിജയത്തിനു പിന്നിലും ഒരു സ്ത്രീയുണ്ടെന്ന് കേട്ടിട്ടുണ്ട്. അങ്ങയുടെ രചനകൾക്കു പിന്നിൽ കാത്ത എങ്ങിനെ, എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട് ?



"അൻപത്തിയഞ്ചു വർഷമായി ഒന്നിച്ചു ജീവിക്കുന്നു. എന്റെ അഞ്ചു മക്കളുടെ രചനയിൽ കാത്ത ഒരുപാടു സ്വാധീനം ചെലുത്തിയിട്ടുണ്ട്. വളരെ നല്ല കുടുംബ ജീവിതമായിരുന്നു ഞങ്ങളുടേത്. കഥാപാത്ര സൃഷ്ടികളിൽ അവർ കടന്നു കൂടിയിട്ടുണ്ടോ? സ്വാധീനിച്ചിട്ടുണ്ടോ? വേർതിരിച്ചു പറയുക പ്രയാസം."

പിന്നെ ഞങ്ങൾ, യു. സി. യിലെ കൊച്ചുകുട്ടികൾ ഭാവിയിൽ ഈ സമൂഹത്തിന്റെ സൃഷ്ടാക്കളാണ്. അവരോട് ജീവിതത്തിന്റെ അടിയും, മുടിയും കണ്ട അങ്ങേയ്ക്ക് എന്താണ് പറയുവാനുള്ളത്.

തകഴി അല്പം ആലോചിച്ചു-

***"ഒരുപാട് വായിക്കുക, ഒരുപാട് അറിയുക, കണ്ണുതുറന്നു നടക്കണം, ജീവിതം കാണണം, വഴിയിലെ വിളക്കുകൾ തെളിയിക്കണം, കഷ്ടപ്പാടിൽ സുഖം കണ്ടെത്തണം."***

ഇത്രയുമുള്ളു എനിക്കു പറയാൻ.

തകഴി വീണ്ടും പറഞ്ഞുകൊണ്ടിരുന്നു. ഞങ്ങൾ കുടുംബപരമായതും, സാമൂഹികമായതുമായ ഒരുപാടു കാര്യങ്ങൾ പറഞ്ഞു. കാത്ത ഊണു തയ്യാറായ വിവരവുമായി പൂമുഖത്തെത്തിയപ്പോൾ ഞങ്ങൾ യാത്ര പറയുവാൻ തയ്യാറായി. തകഴി വിശന്നു കുടല് കത്തിയെരിയുന്നു എന്ന് പറഞ്ഞ് മകന്റെ കൈയ്യിൽ പിടിച്ചെഴുന്നേറ്റു. "നീ നന്നായി പഠിച്ച് മിടുക്കനാവ്" തകഴി ഒരപ്പൂപ്പന്റെ സ്നേഹത്തോടെ എന്നെ ആശീർവ്വദിച്ചു. മനസ്സു നിറഞ്ഞ നന്ദിയോടെ, ആഹ്ലാദം കലർന്ന വേദനയോടെ മലയാള സാഹിത്യ തറവാട്ടിലെ ആ കാരണവരുടെ മുന്നിൽനിന്നും ഞാൻ പിൻവാങ്ങി. യാത്രയാക്കാൻ കുടുംബാംഗങ്ങളോടൊപ്പം തകഴിയും പൂമുഖത്ത് കാത്തു നിന്നു. "കൈരളീ, നിന്റെ നൃത്തം കൊണ്ട് ധന്യയായ ഈ തകഴിക്ക് ഞാനും അന്യനല്ലല്ലോ എന്നോർത്ത് ഞാനൊന്നാഹ്ലാദിക്കട്ടെ!!"

"......നഗരങ്ങളിലെ മണിമേടകളിൽ ഉണ്ടു് ഉറങ്ങുന്നവർ അവരുണ്ണുന്ന ചോറിനുപിന്നിൽ പൊഴിഞ്ഞ വിയർപ്പുതുള്ളികളെക്കുറിച്ചറിയാറില്ല. അതിന്റെ പിന്നിലെ ദുഃഖങ്ങളെക്കുറിച്ചറിയാറില്ല. മോഹങ്ങളേയും, മോഹഭംഗങ്ങളേയും കുറിച്ചറിയാറില്ല. വലിയവനും, ചെറിയവനും ഒരേ സമൂഹത്തിന്റെ ശില്പികളാണ്. അവർ തീർക്കുന്നത് ഒരേ സംസ്കാരമാണ്. അത് നിങ്ങൾ അറിയുന്നുണ്ടോ?"

**- തകഴി**

...Began






1



2



3



4








5



* See Union Report for details



# They Did it

1



2



3



4



5



6



7



8



9



*See Principal's Report for details*

10



11



12



# അ ആ ഇ ഈ ........

# പ്രകാശിതമാകട്ടെ എൻെറ മണ്ണ് !!!



JOSEPH T. O.
2nd D. C. Eng.

സ്വതന്ത്ര ഭാരതത്തിൽ മനുഷ്യത്വ വികാസത്തിനായി ചെയ്യാവുന്ന ഏററവും വലിയ സംരംഭമാണ് സമ്പൂർണ്ണ സാക്ഷരതാ പദ്ധതി. അതാണ് എറണാകുളം ജില്ലയിലെ നിരക്ഷരർക്കായി നമുക്ക് 1989–ൽ നല്കാൻ കഴിയുന്ന ഏററവും വിലപ്പെട്ട നവവൽസരാശംസ എന്നെനിയ്ക്കു തോന്നി.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി വിഭാവനം ചെയ്ത ഭാരതത്തിൽ കൊച്ചുഗ്രാമങ്ങളുടെ വികസനത്തിനാണ് ഊന്നൽ കൊടുത്തിട്ടുള്ളത്. അതിലൂടെ വ്യക്തിയുടെ വികസനത്തിലേക്ക്– അങ്ങനെ രാഷ്ട്രത്തിൻെറ മൊത്തം വികസനത്തിലേയ്ക്കും. അതിന് സാക്ഷരതയിലൂടെ മനുഷ്യനെ സ്വന്തം കാലിൽ നിർത്താൻ പ്രാപ്തനാക്കുക; അപ്പോഴേ മനുഷ്യൻ മനുഷ്യനാകുന്നുള്ളൂ; ഭാരതം സ്വതന്ത്ര ഭാരതമാകുന്നുള്ളൂ.

ജനുവരി 26, 1989 – റിപ്പബ്ളിക് ദിനം. ആ മഹാസംരംഭത്തിന് ആരംഭം കുറിക്കുന്ന ദിനമാണ് അന്ന്. പല സാമൂഹിക, സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും സാക്ഷരതായജ്ഞം ഒരു സേവനത്തിലുപരി ഒരു കടമയായിട്ടാണ് എനിക്കു തോന്നിയത്.

ഒരു കോളേജ് വിദ്യാർത്ഥിയുടേതായ എല്ലാ തിരക്കുകളും ഉണ്ടായിട്ടും അതെല്ലാം മാററിവച്ച് ഈ മഹാസംരംഭത്തിൻെറ ഭാഗമാകാനുള്ള അവസരവും, ഭാഗ്യവും നഷ്ടപ്പെടുത്താതെ നിരക്ഷരതയെക്കതിരായ യുദ്ധത്തിൽ ഞാനും ഒരു പോരാളിയായി അണിനിരന്നു.

പഞ്ചാബിലെ ഒരു ജില്ല തെരഞ്ഞെടുത്ത്, പരമാവധി കാർഷികോത്പാദനം ലക്ഷ്യമാക്കിയ ഹരിത വിപ്ലവ മാതൃകയിലുള്ള ഒരു സംരംഭമാണിതെന്നും, നാളെ നാടിനാകെ മാതൃകയാകാൻ പോകുന്ന ജില്ലയാണിതെന്നും, ഇതിൻെറ വിജയവും, പരാജയവും നമ്മിലോരോരുത്തരിലും നിക്ഷിപ്തമാണെന്നും പിന്നീടൊരിക്കൽ എനിക്കു മനസ്സിലായി.

പല വ്യക്തികളും നിരക്ഷരത തുറന്ന മനസ്സോടെ വെളിപ്പെടുത്താൻ പ്രയാസപ്പെടുന്നതായാണ് അനുഭവത്തിൽ നിന്നും എനിക്കു മനസ്സിലായത്. നിരക്ഷരത ഇന്നത്തെ സമൂഹത്തിൽ ഒരു മാന്യമായ വസ്തുതയല്ലെന്നും, ഞങ്ങളെടുക്കുന്ന പട്ടികയിൽപ്പെട്ടാൽ ഒരു വ്യക്തിയുടെ സമൂഹത്തിലെ മാന്യത നഷ്ടപ്പെടുമെന്നും ജനങ്ങൾ കരുതിയിരിക്കാം.

തലേദിവസം വരെ വളരെയടുത്ത് ഇടപഴുകി സ്നേഹിച്ചിരുന്ന സുഹൃദ്ജനങ്ങൾ ശത്രുക്കളാകുന്നതായി എനിക്കു തോന്നി.

"മോനേ, നിനക്കെന്തുപററി? ആളെ പിടുത്തം എന്നാ തുടങ്ങിയത്? ആ പട്ടികയിൽ നിന്നും എൻെറ പേരങ്ങ് വെട്ടിയേര്...... നിനക്കെന്തു വേണമെങ്കിലും തന്നേക്കാം......" ഒരു നിരക്ഷരൻ പറഞ്ഞ വാക്കുകളാണിവ. ഇതു കേട്ടപ്പോൾ വളരെയധികം സങ്കടവും, സഹതാപവും, നിസ്സഹായതയുമാണ് തോന്നിയത്. നിരക്ഷരതയും, സാക്ഷരതയും അത്രകണ്ട് അകലത്തിലാണെന്ന് എനിക്കു മനസ്സിലായി.

ഒരിക്കലൊരു വീട്ടിൽ നിരക്ഷരരുടെ കണക്കെടുക്കുന്നതിനു ചെന്നതായിരുന്നു ഞാൻ. എന്നെ കണ്ടപ്പോൾ ആ വീട്ടിലെ ഒരു വ്യക്തി ഏതോ ഒരു ദിനപത്രമെടുത്ത് മൗനമായി വായിക്കുന്നതു കണ്ടു. "നിരക്ഷരർ ആരുമില്ല" എന്ന മറുപടിയും ലഭിച്ചു. തൊട്ടടുത്ത വീട്ടിൽ ചെന്നപ്പോഴാണ് പത്രവായന നടിച്ചിരുന്ന വ്യക്തിക്ക് അക്ഷരമറിയില്ല എന്ന സത്യം മനസ്സിലായത്. ഈ സംഭവം എന്നെ നിരുൽസാഹപ്പെടുത്തുകയല്ല, മറിച്ച് സാക്ഷരതയുടെ ആവശ്യകതയെക്കു

റിച്ച് അവരെ പറഞ്ഞ് ബോധവാന്മാരാക്കുവാൻ പ്രചോദനം നൽകുകയാണ് ചെയ്തത്.

കൂവപ്പടി ഗണപതിവിലാസം ഹൈസ്ക്കൂളിൽ വച്ചു നടന്ന മൂന്നു ദിവസത്തെ ഇൻസ്ട്രക്ടറർ പരിശീലന ക്യാമ്പിൽ ഞാനും പങ്കെടുത്തു. പരിശീലനം ലഭിച്ച കുറച്ചു അദ്ധ്യാപകരും, അനദ്ധ്യാപകരും ഈ സാക്ഷരതായജ്ഞം എങ്ങിനെ മുൻപോട്ടു കൊണ്ടുപോകണമെന്നതിനെക്കുറിച്ചും, പ്രായമായവരും, ചെറുപ്പക്കാരും, തൊഴിലുള്ളവരും, തൊഴിലില്ലാത്തവരും, സ്ത്രീകളും, പുരുഷൻമാരും അടങ്ങുന്ന, പല സ്വഭാവവും, പ്രകൃതവും ഉള്ളവരായ പഠിതാക്കളെ എങ്ങനെ പഠിപ്പിക്കുമെന്നതിനെക്കുറിച്ചും ചില നിർദ്ദേശങ്ങൾ നല്കി.

പരിശീലനം തന്നപ്പോൾ കാര്യങ്ങൾ വളരെ എളുപ്പമാണെന്നു തോന്നിയെങ്കിലും 'അങ്ങിയോടടുക്കുമ്പോഴേ മാങ്ങയുടെ പുളിയറിയൂ ' എന്ന ചൊല്ലിനു തുല്യമായി തോന്നി പിന്നീട്. ഈ മേഖലയിലേയ്ക്കാഴ്ന്നിറങ്ങിയപ്പോഴേ എനിക്ക് കാര്യത്തിൻെറ ഗൗരവവും, പ്രാധാന്യവും ശരിക്ക് മനസ്സിലാക്കാൻ സാധിച്ചുള്ളു.

മൂന്നു ദിവസത്തെ പരിശീലനത്തിനു ശേഷം ഇൻസ്ട്രക്ടറർ എന്ന പേരിനു ഞാനർഹനായി. അതിനുശേഷം എൻെറ വിദ്യാർത്ഥികളാകേണ്ട എട്ടുപേരെ കണ്ടുപിടിച്ചു. അക്ഷരത്തെക്കുറിച്ചും, അറിവിനെക്കുറിച്ചും അവരോട് പറഞ്ഞു മനസ്സിലാക്കാനാണ് ഞാൻ ആദ്യം ശ്രമിച്ചത്.

1989 മെയ്, ബുധൻ – മാസത്തിൻെറ അവസാനം. ഒരു മഹാ പ്രയത്നത്തിൻെറ തുടക്കം കുറിക്കുന്ന ദിനം. എറണാകുളം ജില്ലയുടെ സമ്പൂർണ്ണ സാക്ഷരത എന്ന മഹത്തായ ദീപജ്വാലയിലേയ്ക്ക് ഒരു കൈത്തിരി ഇന്നു കൊളുത്തുകയാണ്. ഭാരതത്തിൻെറ സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യത്തിലെ ആദ്യപടവുകൾ ഉയിർകൊള്ളുന്നു...... ആ ദിവസമാണിന്ന്. പലവട്ടം പറഞ്ഞ് ബോധ്യപ്പെടുത്തിയതാണെങ്കിൽ കൂടി എൻെറ എട്ട് പഠിതാക്കളെയും രാവിലെ തന്നെ ചെന്ന് കണ്ടു. വൈകുന്നേരം ആരംഭിക്കാൻ പോകുന്ന സാക്ഷരതാ ക്ലാസ്സിനെപ്പററി അവരെ ബോധ്യപ്പെടുത്തി. സായാഹ്നത്തിൽ കൂവപ്പടി പഞ്ചായത്തിലെ ജോയിൻറ് കൺവീനർമാരുടേയും മററ് ഇൻസ്ട്രക്ടറർമാരുടേയും സാന്നിദ്ധ്യത്തിൽ എൻെറ ക്ലാസ്സാരംഭിച്ചു. അരുണാഭ മുററിയ ആ സന്ധ്യയിൽ അറിവിൻെറ വിപ്ലവ സന്ദേശം വഹിക്കുന്ന ഒരു ശീല് പുറത്തേയ്ക്ക് പാഞ്ഞൊഴുകി: തെങ്ങോലകൾ കാതോർത്തു നിന്നപ്പോൾ ആ ഈരടികൾ മന്ദമാരുതനിൽ ലയിച്ച് അകലങ്ങളിലേയ്ക്കൊഴുകി.........

"നേരമൊട്ടും വൈകിയില്ല, കൂട്ടുകാരേ
പോരൂ, കൂട്ടുകാരേ പോരൂ...
പേരെഴുതാം, വായിക്കാം, ലോകവിവരം
നേടാം......
മർത്ത്യരായ് നാം പിറന്ന മണ്ണിൽ,
മണ്ണിതിൻെറ ഗന്ധം
വേർപ്പുനീരിൻ ഗന്ധമെന്നു
വേർതിരിച്ചറിയാം......"

അനേകരുടെ കണ്ഠങ്ങളിൽ നിന്നുയർന്നൊഴുകി ഒന്നായ ആ ഗാനത്തിൽ പുസ്തകങ്ങളെ കൂട്ടുകാരായി സ്വീകരിക്കാനുള്ള അനേകരുടെ ദൃഢനിശ്ചയമുണ്ടായിരുന്നു. സംഘബോധത്തിലും അറിവിലുമുള്ള വിശ്വാസമുണ്ടായിരുന്നു. ജ്ഞാനത്തോടുള്ള ഒടുങ്ങാത്ത അഭിവാഞ്ഛയുമുണ്ടായിരുന്നു. അതെനിക്ക് ആത്മധൈര്യം നല്കി.

ഏതോ ഒരു ലോകത്ത് ഉറങ്ങിക്കിടന്നിരുന്ന മനസ്സുകളെ അറിവിൻെറ പ്രകാശത്തിലേക്ക് ആനയിച്ചപ്പോൾ 'റ' എന്ന ആദ്യ അക്ഷരം അവരുടെ അടഞ്ഞു കിടക്കുകയായിരുന്ന മനസ്സിലേക്ക് ഓതിക്കൊടുത്തപ്പോൾ അവരുടെ മനസ്സിലേക്ക് സന്തോഷവും, സംതൃപ്തിയും കടന്നുവരികയായിരുന്നു.

സാക്ഷരതാ ക്ലാസ്സ് എനിക്കും ഉപകാരപ്രദമായി എന്നു പറഞ്ഞാൽ തെററില്ല. അതിലൂടെ എൻെറ ക്ഷമാശീലം വളരുകയായിരുന്നു. പല സ്വഭാവ രീതിയുള്ള പല തരക്കാരായ പഠിതാക്കളെ സുഹൃത് ബന്ധത്തിലൂടെ പഠിപ്പിച്ചെടുക്കുക അത്ര എളുപ്പമല്ലല്ലോ!

ആഗസ്ററ് 15 ന് എൻെറ മേഖലയിലെ നിരക്ഷരരെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്വാതന്ത്ര്യദിന സമ്മേളനം നടത്തപ്പെട്ടു. എൻെറ നേതൃത്വത്തിൽ നടന്ന ആ സമ്മേളനത്തിൽ നിരക്ഷരരിൽ ഒരാൾ തന്നെയാണ് പതാക ഉയർത്തിയത്. നിരക്ഷരരെല്ലാം തങ്ങളുടെ കലാക്ഷമത പ്രകടിപ്പിച്ച് സമ്മാനങ്ങൾ ഏററുവാങ്ങി. അവരേയും അവരു

ടെ പ്രശ്നങ്ങളെയും വിലമതിക്കുന്ന മററുള്ളവരുടെ സാന്നിദ്ധ്യം അവരിൽ ആനന്ദം ജനിപ്പിച്ചു. അവരുടെ ആ സന്തോഷം കലാപരിപാടികളിൽ വ്യക്തമായി പ്രതിഫലിക്കുകയായിരുന്നു. അങ്ങനെ ഭാരതമാതാവിൻെറ സ്വാതന്ത്ര്യദിനം നിരക്ഷരരെ സംബന്ധിച്ചിടത്തോളം അറിവിൻേറയും അജ്ഞതയുടേയും അടിമത്തത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തിൻെറ ഓർമ്മകൾ നിറഞ്ഞ സുദിനമായി മാറി.

അവരെല്ലാം പഠനത്തിൽ പുരോഗമിച്ചുകൊണ്ടിരുന്നു. അക്ഷരങ്ങളുടെ വില അവർ മനസ്സിലാക്കുകയായിരുന്നു. അവയുടെ അർത്ഥം ഉൾക്കൊള്ളുകയായിരുന്നു. അറിവാണ് മനുഷ്യന് പൂർണ്ണത സൃഷ്ടിയ്ക്കുന്നതെന്ന സന്ദേശത്തെ അവർ തങ്ങളുടെ ലക്ഷ്യത്തിലേയ്ക്കുള്ള വഴികാട്ടിയാക്കി.

നിശ്ചിത കാലത്തെ അദ്ധ്യാപനത്തിനു ശേഷം അവരെത്രത്തോളം ഗ്രഹിച്ചുവെന്നതു മനസ്സിലാക്കാനായി നടത്തിയപരീക്ഷയിൽനിശ്ചിത എൺപതു ശതമാനത്തിനു മുകളിൽത്തന്നെ മാർക്കു വാങ്ങി മുഴുവൻ പഠിതാക്കളും വിജയം കൈവരിച്ചപ്പോൾ മനസ്സിൽ ആഹ്ലാദം തിരതല്ലി.

അക്ഷരങ്ങളെന്നുവച്ചാൽ ദുർഗ്രാഹ്യങ്ങളാം കുറെ കുത്തിവരകൾ എന്നു മാത്രം ധരിച്ചുവച്ചിരുന്ന എട്ടു മനസ്സുകളെ, അതും വർഷങ്ങളായുറങ്ങിക്കിടന്നിരുന്ന മനസ്സുകളെ ''അക്ഷരമാണ് വെളിച്ചം'' എന്നു മനസ്സിലാക്കിയതിൽ ഞാൻ തികച്ചും സംതൃപ്തനാണ്.

എൻെറ ജീവിതത്തിൽനിന്ന് ഒരിക്കലും വേർപെടുത്താനാവാത്ത കുറെ അപൂർവ്വങ്ങളും അമൂല്യങ്ങളും ആയ അനുഭവങ്ങൾ – മറവിയുടെ ധൂമപടലങ്ങൾക്ക് ആ കനകാനുഭവങ്ങളെ മൂടുവാൻ ഒരിക്കലും കഴിയില്ല.........

★



Best Compliments:

KODAK FILM

**MATHEW SONS AGENCIES**

Photographic Dealers:
KODAVATHE COMPLEX
Subjail Road, ALUVA

For WEDDING SAREES

**PHILIPS**
**SAREE KENDRA**
ANGAMALY

For A To Z in TEXTILES.

**PHILIPS**
**FABRICS**
ANGAMALY

*Best Compliments;*

City-men
TAILORS

PALACE ROAD, ALWAYE
Phone-5869

MILK FOOD PRODUCTS PRESENTS
60 LIP - SMACKING FLAVOURS

**HURRY ! It's**

**SUMMER TREAT ICE CREAMS**

DISTRIBUTORS:- **KEN & KEN AGENCIES**
PALARIVATTOM, COCHIN

# ഡോ. എൻ. വി. കൃഷ്ണവാര്യർ - ഒരനുസ്മരണം

പ്രൊഫ. ഇ. നാരായണൻ നമ്പ്യാർ



മലയാളഭാഷയ്ക്കും, സാഹിത്യത്തിനും ഈ അടുത്ത കാലത്തു നേരിട്ട ഏറ്റവും കനത്ത നഷ്ടമാണ് ഡോ. എൻ. വി. കൃഷ്ണവാര്യരുടെ ചരമം. അരനൂറ്റാണ്ടിലേറെ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ജീവിതത്തെ പ്രകാശമാനമാക്കിയ ഒരു തേജഃപുഞ്ജമായിരുന്നു ആ അതുല്യപ്രതിഭ. 1989 ഒക്ടോബർ 12 നാണ് ആ ദീപം പൊലിഞ്ഞത്. ഭാഷയും, സാഹിത്യവും പെട്ടെന്ന് അനാഥമായ ഒരു പ്രതീതി അതോടെ കേരളത്തിലുടനീളമുണ്ടായി. അദ്ദേഹത്തിന്റെ അനുഗ്രഹീതമായ തൂലിക സ്പർശിക്കാത്ത ഒരു മേഖലയും ആധുനിക ജീവിതത്തിൽ ഉണ്ടായിരുന്നില്ല. കേരളത്തിന്റെ മുഴുവൻ ഗുരുനാഥനെന്ന നിലയിൽ സർവ്വരുടേയും സ്നേഹാദരങ്ങൾ നേടാൻകഴിഞ്ഞ അദ്ദേഹം ജീവിത കാലത്തുതന്നെ ഐതിഹ്യമായി മാറിക്കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യ സമരത്തിലെ ഒളിപ്പോരാളിയെന്ന നിലയിൽ സാഹസികജീവിതം നയിച്ച വിപ്ലവകാരി, കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ കലാമർമ്മജ്ഞതയോടെ ആവിഷ്ക്കരിച്ച ക്രാന്തദർശിയും, ഭാവനാസമ്പന്നനുമായ കവി, അഗാധമായ പാണ്ഡിത്യവും, ദാർശനികമായ ഉൾക്കാഴ്ചയും കൈമുതലാക്കിയ പരിണിത പ്രജ്ഞനായ വിമർശകൻ, വളരാനും, വികസിക്കാനും വെമ്പൽകൊള്ളുന്ന നിരവധി യുവപ്രതിഭകളെ സാഹിത്യലോകത്തിലേയ്ക്ക് കൈപിടിച്ചു കയററിയ ഉദാരമതിയെങ്കിലും സാഹിത്യമൂല്യത്തിൽ വിട്ടുവീഴ്ചക്കു തയ്യാറാവാത്ത പ്രഗത്ഭനായ പത്രാധിപർ, മലയാളത്തിന്റെ മഹത്തായ വിജ്ഞാന യജ്ഞത്തിന് സമർത്ഥമായ നേതൃത്വം നൽകിയ ബഹുഭാഷാവിജ്ഞനും ഭരണപടുവുമായ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ഓരോ നിമിഷവും വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനത്തിന്റേയും, ചിന്തയുടേയും, ദർശനങ്ങളുടേയും നൂതന ചക്രവാളങ്ങളിലേയ്ക്ക് സാധാരണക്കാരായ വായനക്കാരേപ്പോലും നയിച്ച്, അവരെക്കൊണ്ട് തന്റെകൂടെ ചിന്തിപ്പിക്കുവാൻ കഴിഞ്ഞ അനുപമനായ ലേഖകൻ എന്നിങ്ങനെ എത്രയെത്ര മിഴിവുള്ള ചിത്രങ്ങളാണ് അദ്ദേഹത്തിന്റെ സമുജ്ജ്വലമായ വ്യക്തിത്വത്തെക്കുറിച്ചോർക്കുമ്പോൾ നമ്മുടെ മനസ്സിൽ അണിനിരക്കുന്നത്! വിജ്ഞാന സാഗരമെന്നു വിശേഷിപ്പിക്കാവുന്ന മറെറാരു സാഹിത്യ നായകനിനിയെന്നാണ് കേരളീയ ജീവിതത്തെ ധന്യമാക്കുക?

ഉയർന്ന ചിന്തയുടേയും, എളിയ ജീവിതശൈലിയുടേയും ഉത്തമ മാതൃകയായിരുന്നു മഹനീയമായ ആ വ്യക്തിത്വം. അദ്ദേഹവുമായി നേരിട്ടിടപഴകാൻ ലഭിച്ച അവസരങ്ങൾ ജീവിതത്തിലെ അത്യുൽകൃഷ്ടങ്ങളായ അനുഭൂതികളായി ഹൃദയത്തിൽ സൂക്ഷിക്കുന്ന നിരവധി സാഹിത്യോപാസകരിൽ ഒരാളാണ് ഞാൻ. 1956 – ൽ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ ജൂനിയർ ബി. എ. വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ഞാൻ ഡോ. എൻ. വി. യെ ആദ്യമായി പരിചയപ്പെടുന്നത്. അന്ന് അദ്ദേഹം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ

## COMINCO BINANI ZINC LIMITED

**Manufacturers of**
**High Grade Electrolytic Zinc and Sulphuric Acid**
**and Cadmium in technical collaboration with**
**Ciminco Ltd.,**

VANCOUVER, CANADA

Regd. Office:
38, Strand Road
CALCUTTA - 700 001

Head Office:
Mercantile Chembers
12, J. N. Heredia Marg.
Ballard Estate,
BOMBAY - 400 038

Plant:
Binanipuram
Pincode - 683 502
KERALA

Selling Agents:
BINANI METALS LTD.,
12, J. N. Herdia Marg.
Ballard Estate
BOMBAY - 400 038

KANCHAN METALS (P) LTD.
9, Crooked Lane
CALCUTTA - 700 069

---

**SELECT YOUR CHOICE**

★ **READYMADE DRESSES**
★ **SAREES**
**and**
★ **A to Z items in CLOTHES**

# LUCKY FABRICS

**CARMAL CENTRE**

**ALWAYE**

Phone: 3462 3458
4548 (Res.)

അധിപനായിരുന്നു. സംസ്കൃതം രണ്ടാം ഭാഷയായി പഠിച്ചുകൊണ്ടിരുന്ന ഞാൻ കോളേജ് യൂണിയൻ സെക്രട്ടറി എന്നനിലയിൽ, സംസ്കൃത സാഹിത്യ സമാജത്തിന്റെ ഉദ്ഘാടകനായി അദ്ദേഹത്തെ ക്ഷണിക്കാൻ കോഴിക്കോട്ട് പോയി. പ്രസിദ്ധ സാഹിത്യ വിമർശകനും, ശ്രീ. എൻ. വി. യുടെ അടുത്ത സുഹൃത്തുമായ ശ്രീ. എം. എസ്. മേനോനായിരുന്നു ഞങ്ങളുടെ സംസ്കൃതാദ്ധ്യാപകൻ. അദ്ദേഹത്തിന്റെ ഒരെഴുത്തുമായി മാതൃഭൂമി ഓഫീസിൽ ചെന്ന് ഞാൻ ശ്രീ. എൻ. വി. യെ കണ്ടു. ഒരു കൊച്ചുമുറിയിൽ മററുചിലരോടൊപ്പം (അതിലൊരാാം പ്രശസ്ത ചിത്രകാരനായ ശ്രീ. എം. വി. ദേവനായിരുന്നുവെന്ന് പിന്നീട് മനസ്സിലായി) ശ്രീ. എൻ. വി. ഇരിക്കുന്നുണ്ടായിരുന്നു. ആ മുഖത്തു പ്രകാശിച്ച സൗഹൃദഭാവം ഞാൻ ഇപ്പോഴുമോർക്കുന്നു. ഉദ്ഘാടനത്തിന് തലശ്ശേരിയിലെത്തിയപ്പോാം റെയിൽവേ സ്റേറഷനിൽവെച്ച് അദ്ദേഹത്തെ സ്വീകരിച്ച് കാറിൽ കോളേജിൽ എത്തിച്ചതും ഞാനായിരുന്നു. കോളേജിൽ സംസ്കൃത വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവായിരുന്നുവെങ്കിലും അന്ന് വിശാലമായ ഹാാംനിറയെ വിദ്യാർത്ഥികളും, അദ്ധ്യാപകരുമുണ്ടായിരുന്നു, ശ്രീ. എൻ. വി. യുടെ പ്രസംഗം കോംക്കാൻ. സ്വതസിദ്ധമായ ശൈലിയിൽ സംസ്കൃതത്തെക്കുറിച്ച് അദ്ദേഹം അന്നുചെയ്ത സാരഗർഭമായ പ്രസംഗം ഞങ്ങളിൽ വമ്പിച്ച മതിപ്പുളവാക്കി.

മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്ന് ഇംഗ്ലീഷിൽ എം. എ. ബിരുദം നേടിയതിനുശേഷം, കോയമ്പത്തൂരിനടുത്ത് പെരിയനായ്ക്കൻ പാളയത്തുള്ള റൂറൽ ഇൻസ്ററിററ്യൂട്ടിൽ രണ്ടുവർഷം ഞാൻ ലക്ചററായി ജോലി ചെയ്യുകയുണ്ടായി. അതിനു ശേഷമാണ് 1962 – ൽ ആലുവ യു. സി. കോളേജിൽ ചേർന്നത്. ആയിടയ്ക്ക് റൂറൽ ഇൻസ്ററിററ്യൂട്ടുകളെ ക്കുറിച്ച് ഒരു ലേഖനമെഴുതി മാതൃഭൂമി ആഴ്ചപ്പതിപ്പിനയച്ചുകൊടുത്തപ്പോാം അത് സ്വീകരിച്ചുകൊണ്ട് ശ്രീ. എൻ. വി. രണ്ടു വരിയിൽ ഒരു മറുപടി അയച്ചു. അതിനുശേഷം പലപ്പോഴായി ലേഖനങ്ങളയക്കുന്നതു വഴി അദ്ദേഹവുമായുള്ള ബന്ധം നിലനിർത്താൻ എനിക്കു കഴിഞ്ഞു. ചില ലേഖനങ്ങാം പ്രസിദ്ധീകരിക്കാതെ ഉടൻതന്നെ തിരിച്ചയക്കുകയുമുണ്ടായിട്ടുണ്ട്. 'ഗുരുശിഷ്യബന്ധം' എന്ന ലേഖനം അയച്ചുകൊടുത്തപ്പോാം ''ലേഖനം നന്നായിരിക്കുന്നു. അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്'' എന്ന മറുപടി എന്നെ വളരെയേറെ സന്തോഷിപ്പിച്ചത് പ്രത്യേകംഓർക്കുന്നു. പിന്നീട് ശ്രീ. എൻ. വി. പ്രസംഗിക്കുന്ന പല യോഗങ്ങളിലും പങ്കെടുക്കുക ഞാൻ ഒരു ശീലമാക്കി. സൗഹൃദം പുതുക്കാനുള്ള അവസരങ്ങളായി അവ പ്രയോജനപ്പെട്ടു. തലശേരിയിൽവെച്ച് ആയിടക്ക് നടന്ന കേരള സാഹിത്യസമിതിയുടെ വാർഷിക ക്യാമ്പിൽ 'സാഹിത്യത്തിലെ നൂതന പ്രവണതകാം' എന്ന വിഷയത്തെ കുറിച്ച് ഞാൻ ക്ലാസെടുത്തപ്പോാം ക്യാമ്പംഗങ്ങളുടെകൂടെ സമിതി പ്രസിഡണ്ടായ ശ്രീ. എൻ. വി. യും ഇരിപ്പുണ്ടായിരുന്നു, മുൻവരിയിൽത്തന്നെ. തുടർന്ന് നടന്ന ചർച്ചയിൽ അദ്ദേഹം ചില സംശയങ്ങളുന്നയിച്ചത് എന്നെ അമ്പരപ്പിക്കുക തന്നെ ചെയ്തു. എന്റെ മറുപടി അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയോയെന്ന് നിശ്ചയമില്ല.

ശ്രീ. എൻ. വി. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായി രണ്ടാമത് ചാർജെടുത്തതിനുശേഷം 1981–ൽ പ്രൊഫ. കുററിപ്പുഴ കൃഷ്ണപ്പിള്ളയുടെ 10–ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഞാൻ ഒരു ലേഖനം അയച്ചുകൊടുത്തു. ഉടനെ തന്നെ പ്രസിദ്ധപ്പെടുത്താമെന്നുള്ള ശ്രീ. എൻ. വി. യുടെ മറുപടി, എഴുത്തയച്ചതിന്റെ മൂന്നാം ദിവസം എനിക്കു ലഭിച്ചു. പ്രൊഫ. കുററിപ്പുഴയോട് അദ്ദേഹത്തിനുണ്ടായിരുന്ന ആത്മബന്ധം എത്ര ദൃഢമായിരുന്നുവെന്ന് കുററിപ്പുഴ സാറിൽ നിന്നുതന്നെ എനിക്കറിയാൻ കഴിഞ്ഞിരുന്നു. നിത്യസ്മരണീയനായ തന്റെ ഗുരുനാഥനെക്കുറിച്ചുള്ള ആ ലേഖനം മാതൃഭൂമിയിൽ വായിച്ച ഡോ. എസ്. കെ. നായർ എന്നെ ആത്മാർത്ഥമായി അഭിനന്ദിച്ചതും ഞാൻ സന്തോഷപൂർവ്വം ഓർക്കുന്നു. ഒരിടവേളയ്ക്കുശേഷം മൂന്നാമത്തെ തവണ ശ്രീ. എൻ. വി. മാതൃഭൂമിയിൽ ചേർന്നത് മുഖ്യപത്രാധിപരായിട്ടായിരുന്നു. താമസിയാതെ തന്നെ, ആഴ്ചപ്പതിപ്പിൽ നിരൂപണം ചെയ്യുന്നതിനുവേണ്ട ഗ്രന്ഥങ്ങാം എനിയ്ക്കയക്കാൻ ഏർപ്പാടുചെയ്യുന്നുണ്ടെന്ന്, എന്റെ ഒരെഴുത്തിനു മറുപടിയായ് അദ്ദേഹം അറിയിച്ചു. ഇങ്ങനെയാണ് കുറെ നിരൂപണങ്ങാം എന്റെ വകയായി ഈയിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നത്.

1985 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച എന്റെ ആദ്യത്തെ ലേഖന സമാഹാരമായ ''മധു

*Best compliments from:*

## ST. ANTONY'S COLLEGE

ALWAYE

Best compliments from:

## PREMAS

BOMBAY DYEING SHOW ROOM

RAJAJI BUILDINGS, R. S. ROAD,

**ALWAYE - 683 101**

Phone: 5487

Best compliments from:

**നിങ്ങളുടെ വിശ്രമവേളകൾക്ക്**
**ഊണം പകരാൻ**

## ' ഊണം '

തോട്ടക്കാട്ടുകര, ആലുവ - 8

Best compliments from:

## NewMan

*Tailors*

**ALWAYE**

ചന്ദ്രിക ആയുർവേദ സോപ്പ് നിർമ്മാണം ആരംഭിച്ചിട്ട്
1990 ജൂൺ 30 ന് 50 വർഷം തികഞ്ഞു.

**ചന്ദ്രികയെ താലോലിച്ചു വളർത്തിയ**
**എല്ലാവർക്കും ഞങ്ങളുടെ കൃതജ്ഞത.**

---

*"പേശലായുർവേദ വിജ്ഞാനശാലിയാം*
*കേശവ വൈദ്യന്റെ സൽകീർത്തി ചന്ദ്രികേ*
*ആശകൾ തോറും ചരിക്ക നറുമണം*
*വീശുമന്നാരത്ഭുത ചന്ദ്രികയായി നീ"*

**മഹാകവി വള്ളത്തോൾ**

---

## എസ്. വി. പ്രോഡക്റ്റ്സ്

ഇരിങ്ങാലക്കുട

ത്യവും വെളിച്ചവും" പ്രകാശനം ചെയ്യുന്നത് ശ്രീ. എൻ. വി. തന്നെയാവേണമെന്നത് എന്റെ ഒരാഗ്രഹമായിരുന്നു. അദ്ദേഹം അന്ന് 'കുങ്കുമ'ത്തിന്റെ പത്രാധിപരായി കൊല്ലത്തായിരുന്നു താമസം. എറണാകുളത്ത് കലൂരിലുള്ള 'റിന്യൂവൽ സെന്ററി'ൽ ഒരു യോഗത്തിൽ സംബന്ധിക്കാൻ അദ്ദേഹം വരുന്നുണ്ടെന്നറിഞ്ഞ് ഞാൻ അവിടെയെത്തി. അപ്പോഴേയ്ക്കും യോഗം തുടങ്ങിക്കഴിഞ്ഞിരുന്നു. യോഗാനന്തരം ഞാൻ അദ്ദേഹത്തെ സമീപിച്ച് എന്റെ ആഗ്രഹം അറിയിച്ചപ്പോൾ വരാമെന്ന് അദ്ദേഹം സദയം സമ്മതിച്ചു. പക്ഷേ നിശ്ചിത പരിപാടിക്ക് രണ്ടു ദിവസം മുമ്പ് അദ്ദേഹത്തിൽനിന്ന് ഒരെഴുത്ത് കിട്ടി. ഹിന്ദി പ്രചാർ സഭയുടെ വകയായുള്ള ഒരു ബഹുമതി (അവാർഡ്) സ്വീകരിക്കുന്നതിനു വേണ്ടി അന്നത്തെ ദിവസം തന്നെ തിരുവനന്തപുരത്തു പോകാൻ നിർബന്ധിതനായിരിക്കുകയാണെന്നും അതിനാൽ ആലുവായിലെത്താൻ സാധിക്കുകയില്ലെന്നുമായിരുന്നു എഴുത്തിൽ. എത്രമാത്രം മനഃസ്താപം ഇതുമൂലം എനിക്കുണ്ടായിയെന്ന് പറയേണ്ടതില്ലല്ലോ.

എന്റെ രണ്ടാമത്തെ ഗ്രന്ഥത്തിന് 'മൂല്യദർശനം' എന്നു പേർ നൽകുന്നതിനെക്കുറിച്ച് ശ്രീ. എൻ. വി. യുടെ അഭിപ്രായം ആരാഞ്ഞപ്പോൾ, ആ പേരിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം എനിക്കെഴുതി. അതിന് അവതാരിക എഴുതാമെന്നും അദ്ദേഹം സന്തോഷപൂർവ്വം സമ്മതിച്ചു. പുസ്തകം നേരിട്ട് എൻ. ബി. എസ്സിൽനിന്ന് കൊടുത്തുവെങ്കിലും മാസങ്ങൾകഴിഞ്ഞിട്ടും അവതാരിക ലഭിച്ചില്ല. പലതവണ എഴുത്തുവഴിയായും ഫോണിൽകൂടിയും ഓർമ്മിപ്പിച്ചു. അപ്പോഴൊക്കെ ഉടനെ അയച്ചുതരാമെന്ന് സ്നേഹത്തോടെ മറുപടി തരികയാണ് ചെയ്തത്. ഒടുവിൽ, കോഴിക്കോട് സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിൽ പങ്കെടുക്കുവാൻ പോയ ഞാൻ എന്റെ വന്ദ്യഗുരുനാഥനായ ഡോ. എം. എസ്. മേനോനോടൊപ്പം മാതൃഭൂമി ഓഫീസിൽ ചീഫ് എഡിറ്ററുടെ മുറിയിൽ ചെന്ന് ഡോ. എൻ. വി. യെകണ്ടു. കൃത്യാന്തര ബാഹുല്യം കൊണ്ടാണ് അവതാരിക എഴുതാൻ വൈകിപ്പോയതെന്ന് അദ്ദേഹം ഖേദപൂർവ്വം പറഞ്ഞു. എങ്ങിനെയും രണ്ടുദിവസം കൊണ്ട് അയച്ചുകൊള്ളാമെന്ന് വാക്കുതരികയും ചെയ്തു. പല വിഷയങ്ങളെക്കുറിച്ചും അദ്ദേഹം അന്നു ഞങ്ങളോടു സംസാരിച്ചു. മഹാനായ ആ ആചാര്യനെ ഞാൻ അവസാനമായി കണ്ടത് അന്നാണ്. 'മൂല്യദർശന' ത്തിന് അദ്ദേഹമെഴുതിയ സംക്ഷിപ്തമെങ്കിലും മധുരോദാരമായ അവതാരിക അദ്ദേഹത്തിൽനിന്ന് എനിക്കു ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമായി ഞാൻ കണക്കാക്കുന്നു.

*Best Compliments:*

**POPULAR TILES AND FLOORINGS**

THOTTAKATTUKARA, ALUVA - 8

Manufacturers and Flooring Contractor
Govt. Approved.

# THE ROGATIONIST FATHERS OF THE SACRED HEART OF JESUS

The Rogationists of the Sacred Heart of Jesus is a religious congregation composed of priests and brothers, founded by the Servant of God "Fr Hannibal Maria Di Francia" in Messina, Italy in 1893.

The charism of the Rogationist is rooted from the Inspiration which was given by the Holy Spirit to Fr Hannibal; that is to live the divine command "Pray (ROGATE) the Lord of the harvest to send workers into his harvest".

The Rogationists in India are currently preparing Young men who desires to answer the calling of the "Lord of the Harvest". If you are interested to be one of these young men, write or visit:

THE VOCATION DIRECTOR
Rogationist Fathers
Our Lady of Rogate Ashram
West Desom, **ALWAYE - 3**
Kerala, S. India.
Phone: (04854) 6042

---

കടുങ്ങല്ലൂർ സർവ്വീസ് സഹകരണബാങ്ക്
ക്ലിപ്തം നമ്പർ 2165
കിഴക്കേ കടുങ്ങല്ലൂർ. **ആലുവ - 2**

**സേവനരംഗത്ത് 48 വർഷങ്ങൾ പൂർത്തിയാക്കിയ I. S. S. C. B. യുടെ അഭിവാദനങ്ങൾ.**

*പ്രവർത്തനങ്ങൾ: ബാങ്കിംഗ്, പ്രതിമാസ ലേല ചിട്ടികൾ, ഗോൾഡ് ലോൺ, കൺസ്യൂമർ സ്റ്റോറുകൾ, വളം, കീടനാശിനി ഡിപ്പോ, സിമൻറ് വ്യാപാരം, നാളികേര സംഭരണവും വിപണനവും. കൂടാതെ സാംസ്കാരിക രംഗത്ത് സാഹിത്യ പോഷിണി വായനശാലയും, കാർഷികവും കാർഷികേതരവുമായ പുരോഗതിക്ക് ബാങ്ക് പ്രവർത്തനങ്ങളെ സഹായിക്കുക.*

**കടുങ്ങല്ലൂർ സർവ്വീസ് സഹകരണബാങ്ക്**
**ക്ലിപ്തം നമ്പർ 2165**
കിഴക്കേ കടുങ്ങല്ലൂർ. ആലുവ - 2
(ഗവൺമെൻറ് പങ്കാളിത്തം)
സ്ഥാപിതം: 1941. ഫോൺ: 5378, 5379
H. O. **കിഴക്കേകടുങ്ങല്ലൂർ.** ബ്രാഞ്ച് **കുറ്റിക്കാട്ടുകര.**

---

സിംഗർ, മെറിറ്റ് തയ്യൽ മെഷീൻ, പലിശയില്ലാത്ത ലഘുവായ ഗ്രൂപ്പ് ഇൻസ്റ്റാൾമെൻറ് വ്യവസ്ഥയിൽ ലഭിക്കുന്നു. സിംഗർ T. V. സെറ്റുകൾ തവണവ്യവസ്ഥയിൽ.

**സിംഗർ കമ്പനിയുടെ പറവൂരിലെ ഏക അംഗീകൃത വ്യാപാരി. എല്ലാ മോഡൽ തയ്യൽ മെഷീനുകളും ഉത്തരവാദിത്വത്തോടുകൂടി റിപ്പയർ ചെയ്തു കൊടുക്കുന്നു.**

***എല്ലാ മോഡൽ ഇൻഡസ്ട്രിയൽ ഡൊമെസ്റ്റിക് സെയിൽസ് ആൻറ് സർവ്വീസ്.***

ABHILASH ENTERPRISES

# ABILASH ENTERPRISES

POTTEN STREET

**N. PARUR**

# അധൃഷ്യമായ മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രതീകം – നെൽസൺ മണ്ഡേല

ലോകം മുഴുവൻ ഒരു മനുഷ്യന്റെ മോചനത്തിനുവേണ്ടി മുറവിളികൂട്ടുക. ഒടുവിൽ അദ്ദേഹം മോചിതനായപ്പോഴോ ഭൂമിയിലെ മനുഷ്യരെങ്ങും അദ്ദേഹത്തെ ആഹ്ലാദപൂർവ്വം വരവേൽക്കുക. ആ ബഹുമതിക്ക് അർഹനായ നെൽസൺ മണ്ഡേല ഇന്ന് വിശ്വപൗരനായി മാറിയിരിക്കുന്നു. 500 കോടി ജനങ്ങളും ആ ശബ്ദത്തിന് കാതോർക്കുന്നു. കറുത്തവരുടെ മുഴുവനും മോചനത്തിന് ഇനി താമസമില്ലെന്ന് ആശ്വസിക്കുന്നു. നിരന്തരമായ പോരാട്ടങ്ങളിലൂടെ കരുത്താർജ്ജിച്ച ഒരു ജനതയുടെ പ്രതീകമാണിന്ന് നെൽസൺ മണ്ഡേല. കാൽനൂററാണ്ടിലേറെക്കാലം ജയിലറകളുടെ ഇരുട്ടിൽ തന്റെ ജനതയുടെ പ്രകാശപൂർണ്ണമായ ഭാവിയെപ്പററിമാത്രം സ്വപ്നം കണ്ട ആ ധീരമനുഷ്യനെപ്പററി എണ്ണമററ കലാസൃഷ്ടികൾ രൂപം കൊണ്ടു. മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രതീകമായി അദ്ദേഹം മാറി.

**NANCY ANTONY**
I P. D. C. I B.

മനുഷ്യാവകാശങ്ങളേയും സാമൂഹ്യനീതിയേയും വ്യക്തി സ്വാതന്ത്ര്യത്തേയും നിഷേധിച്ച് ഓരോ പൗരനേയും വർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കുന്ന 'പോപ്പുലർ രജിസ്ട്രേഷൻ ആക്ട്' ഓരോ വർഗ്ഗക്കാരനും പ്രത്യേകം പ്രത്യേകം താമസ സ്ഥലങ്ങൾ നിർണ്ണയിക്കാൻ ഗവൺമെന്റിന് അധികാരം നൽകിക്കൊണ്ടുള്ള 'ഗ്രൂപ്പ് ഏരിയാസ് ആക്ട്' വെളുത്ത വർഗ്ഗക്കാർക്കൊഴികെ മററെല്ലാവർക്കും സമ്മതിദാനാവകാശം നിഷേധിച്ചുകൊണ്ടുള്ള നിയമം ഇവ നടപ്പിലാക്കിയ വെള്ളക്കാരുടെ നേർക്കുള്ള രോഷം ഇരമ്പിയപ്പോൾ വെളുത്ത വർഗ്ഗക്കാരല്ലാത്തവരെ നിഷ്കരുണംഎന്തുംചെയ്യാൻ ഭരണകൂടത്തിന് അധികാരം നൽകുന്ന 'സപ്രഷൻ ഓഫ് കമ്യൂണിസം ആക്ട്' "ദ നാററീവ് ലേബർ ബിൽ" "പാസ് ലാ", "ക്രിമിനൽ പ്രൊസീഡിയർ ആക്ട്" തുടങ്ങിയ ക്രൂര നിയമങ്ങളിലൂടെ കറുത്തവർഗ്ഗക്കാരെ അടിച്ചമർത്തി ഭരിക്കുവാൻ ഭരണകൂടം തയ്യാറായി.



നിരപരാധികളെന്നോ സ്ത്രീകളെന്നോ കുട്ടികളെന്നോഉള്ള പരിഗണനയില്ലാതെ വെള്ളക്കാരുടെ ഭരണകൂടം കറുത്തവർഗ്ഗക്കാരെ നിർദ്ദയം തല്ലിച്ചതക്കുകയും കൊന്നൊടുക്കുകയും ചെയ്യുന്ന അതിദാരുണമായ കാഴ്ചകൾ നിത്യസംഭവമായി മാറി. 1960–ലെ ഷാർപ്പ്‌വിൽ കൂട്ടക്കൊല മനുഷ്യമനസ്സാക്ഷിയെ നടുക്കുകതന്നെ ചെയ്തു. വെള്ളക്കാരല്ലാത്തവർ വഴിനടക്കാൻ പ്രത്യേകം അനുമതിപത്രം കൈവശം വച്ചിരിക്കണമെന്ന ഹീനമായ നിയമത്തിൽ പ്രതിഷേധിക്കുകയായിരുന്നു ആഫ്രിക്കൻ കോൺഗ്രസ്സിന്റെ വാളണ്ടിയർമാർ. തികച്ചും സമാധാനപരമായ പ്രകടനത്തിനു നേരെ പോലീസ് തുരുതുരാ വെടിവച്ചു. സ്ത്രീകളും കുട്ടികളുമടക്കം ഏറെപ്പേർ അവിടെ വച്ച് കൊല്ലപ്പെട്ടു. ഷാർപ്പ്‌വിൽ കൂട്ടക്കൊലയേക്കാൾ എത്രയോ ഭയാനകമായ രീതിയിലാണ് പിന്നീടും ഭരണകൂടം കറുത്തവരുടെ സ്വാതന്ത്ര്യവാഞ്ഛയെ നേരിട്ടത് എന്ന വസ്തുത മറന്നുകൂടാ.

എന്നാൽ ഇത്തരം അതിക്രമത്തിന്റേയും അടിച്ചമർത്തലിന്റേയും കഥയ്ക്ക് അധികം പഴക്കമില്ലെന്ന് ഓർക്കേണ്ടതുണ്ട്. കഴിഞ്ഞ അരനൂററാണ്ടിനിടയ്ക്കാണ് ഇത്ര ക്രൂരമായ സംഭവവികാസങ്ങൾ അരങ്ങേറിയിട്ടുള്ളത്. രണ്ടാം ലോക

For the first time in India

**WORLD'S THINNEST CONDOMS**
**MOODS**

Skin-thin luxury condoms
.....Nothing else comes close enough

A Product from:-

# HINDUSTAN LATEX LIMITED

(A Government of India Undertaking)

**TRIVANDRUM - 695012**

*Best compliments:*

**GIRI PAI**
**jewellery**
M. G. ROAD,
**ERNAKULAM**

Phone: 366270
353426

*Best Compliments:*

**SHAMMEER INDUSTRIES**
U. C. COLLEGE
**ALUVA - 2**

മഹായുദ്ധത്തിനു ശേഷം നടന്ന തിരഞ്ഞെടുപ്പിൽ നാത്സി അനുകൂലവും സെമിററിക് വിരുദ്ധവുമായ സ്വഭാവങ്ങൾ പാശ്ചാത്യ ക്രിസ്തീയ സംസ്ക്കാരത്തിന്റെ മുഖം മൂടിയിൽ മറച്ചുവച്ചുകൊണ്ട് "നാഷണൽ പാർട്ടി" ദക്ഷിണാഫ്രിക്കയിൽ അധികാരത്തിൽ വന്നു. വർണ്ണ വിവേചനത്തിന് ഒരു പുതിയ മാനം കൈവന്നത് അന്നുമുതൽക്കാണ്. വെള്ളക്കാരുടെ ആധിപത്യം പൂർണ്ണമായും ഉറപ്പിക്കാനുള്ള ശ്രമങ്ങൾക്ക് പാർട്ടി നിയമപരമായ പിൻബലം നൽകി. ലോകത്തിന്റെ മററുഭാഗങ്ങളിൽ വെള്ളക്കാർക്കു നേരിട്ട പരാജയവും അതുമൂലമുണ്ടായ കടുത്ത പ്രതിസന്ധികളും ഇതിനു കാരണമാകാം.

ഐക്യരാഷ്ട്രസംഘടനതന്നെ പലപ്പോഴും ദക്ഷിണാഫ്രിക്കൻ ഗവൺമെൻറിന്റെ ചെയ്തികളെ അപലപിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും അവരുടെ മനസ്സുമാററാൻ പര്യാപ്തമായില്ല. പ്രതിഷേധം ശക്തമാകുമ്പോഴെല്ലാം ക്രൂരതകളും വർദ്ധിപ്പിക്കുക എന്നതായിരുന്നു ഗവൺമെൻറിന്റെ നിലപാട്. അതേ തുടർന്ന് അഹിംസാത്മക സമരത്തിനു പകരം അട്ടിമറി പ്രവർത്തനങ്ങളിലൂടെ ഗവൺമെൻറിനെ മുട്ടുകുത്തിക്കാൻ മണ്ഡേലയുടെ നേതൃത്വത്തിൽ 1961 ൽ "ഉം കോണ്ടോ വി സിഡ്‌വി" എന്നൊരു ഗറില്ലാ ഗ്രൂപ്പ് രൂപീകരിക്കാൻ അവർ നിർബന്ധിതരായി. തുടർന്ന് അറസ്ററുകളുടേയും, ജയിൽ ജീവിതത്തിന്റേയും നീണ്ട ദിനങ്ങളായിരുന്നു അദ്ദേഹത്തിന് നേരിടേണ്ടിവന്നത്.

ഇരുപത് വർഷത്തോളം മണ്ഡേല റോബിൻ ഐലൻഡിൽ ഏകാന്ത തടവുകാരനായി കഴിഞ്ഞു. 1982 ൽ അദ്ദേഹത്തെ പോൾസ്മൂർ ജയിലിലേക്ക് മാററി. ഇത്ര നീണ്ട ജയിൽ വാസത്തിനിടയ്ക്ക് സ്വാതന്ത്ര്യത്തിന്റെ ജ്വാല അണയാതെ കാത്തു എന്നത് അത്ഭുതകരമായി തോന്നാം. ഒട്ടേറെ അഗ്നി പരീക്ഷകൾ അതിജീവിച്ച് ഇന്ന് ജയിൽ മോചിതനായി അദ്ദേഹം കറുത്ത വർഗ്ഗത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ദിവാനിശം പോരാടുന്നു. അടിച്ചമർത്തപ്പെട്ടവരുടെ ആത്മീയാവകാശമാണീ സ്വാതന്ത്ര്യം. ഏത് ജയിലറയ്ക്കുള്ളിലായാലും ഏതു പ്രതികൂല കാലാവസ്ഥയിലായാലും സ്വാതന്ത്ര്യത്തെ ഹനിക്കുവാനോ, അടിച്ചമർത്തുവാനോ കഴിയില്ല. അതിനു തെളിവായി ലോകത്തിന്റെ മുന്നിൽ ഉത്തുംഗശീർഷനായി കരുത്തിന്റെ പ്രതീകമായി നെൽസൻ മണ്ഡേല നിലകൊള്ളുന്നു, കൂടെ ഭാര്യ വിന്നിയും. അദ്ദേഹം മോചിതനായ ഈ കാലം ഭാവിചരിത്രം എന്നെന്നും ഓർമ്മിക്കും, തീർച്ച.

****

# DEGREE IS WASTE

A University degree is of no earthly use,
It is best to dump it in the refuse,
So thought a bright young student,
Grown all the more prudent,
With the mark-sheet mess,
That hit the press,
Making Education a game,
For those with clout and fame.

**SINDHU P.**
Ist D.C. ENGLISH

## യുവതലമുറയ്ക്കൊരു വെല്ലുവിളി

**ലാ സലെററ് സഭയിലേക്കു സ്വാഗതം**

മനുഷ്യനെ ഭ്രാന്തനാക്കുന്ന മദ്യത്തിനും മയക്കുമരുന്നിനും എതിരെ പോരാടാൻ, ഛിദ്രീഭവിച്ചുകൊണ്ടിരിക്കുന്ന കുടുംബങ്ങളിൽ അനുരഞ്ജനത്തിന്റെ ദീപം കൊളുത്താൻ, ജീവിതനൈരാശ്യത്തിൽ പെട്ടുലയുന്നവർക്ക് ആശ്വാസമേകാൻ, അപമാർഗ്ഗത്തിലൂടെ നശിച്ചുകൊണ്ടിരിക്കുന്ന യുവതലമുറയിൽ മനസ്സും അർപ്പണബോധവും പടുത്തുയർത്താൻ, ദൈവമില്ലായ്മ എന്ന ദാരിദ്ര്യത്തിൽ പെട്ടുലയുന്നവരെ ജീവന്റെ ഉറവിടത്തിലേക്കാനയിക്കാൻ, ധീരനായ യുവാവേ, നിങ്ങൾ തയ്യാറാണോ? ഇതാണ് ലാ സലെററ് മലമുകളിൽനിന്നും പ്രതിധ്വനിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയുടെ അനുരഞ്ജനാഹ്വാനം. ഇതാണ് **ലാ സലെററ് മിഷനറി** സമൂഹത്തിന്റെ പ്രേഷിതരംഗം.

കൂടുതൽ വിവരങ്ങൾക്ക് S.S.L.C. യോ P.D.C. യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ളവരായ, ധീരതയുള്ള യുവാക്കൾ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക:

LA SALETTE BHAVAN

**Missionaries of Our Lady of La Salette**

P. O. PARAKADAVU - 683 579

Ernakulam Dt., Kerala, India.

**Add on your glamour at............**

# KARISHMA

**BEAUTY PARLOUR**

**(HERBAL)**

**POONKAVANAM CIRCLE**

(Behind Baloons)

N. H. Bye pass Junction

**ALUVA**

Phone P. P. 5987

Res: 5978

# Avis Tailoring

Fine apparel for gentlemen

Bank Junction, Alwaye

Phone:5635

Best Compliments:

*M/s SAM Photographers*

*U. C. COLLEGE,*

ALUVA - 683 102

*Phone: 5598*

*Resi: 3268*

# the morality of it all

LINDA P. R.
Ist M. A. Literature

Cleonne always loved her own... .. ...

She laughed, wept, shouted, played; counted stars to bring good luck; sweet the fresh rain-washed earth and found it is good. She formed questions in her little heart and mind while chasing dragonflies and picking mangoes; she found curious answers to many. They were never published; Cleonne knew no publisher and none knew her, a scrawny child of eight. A dull, passive, intelligent student she was not much to her teachers. She couldn't acknowledge that she did not fit in. Her little generous heart was afraid to.

The bubbling teenager, after many summers, paused to think. It is unlikely that she did, for in the southern suburbs of India, a mild fight for survival existed. May be others paused too. They say that thinking makes swallows sleepy and cleonne nodded too, for her twin in thought was not reached out. Meanwhile Logarithms, pipettes and burettes, causes of the First World War and contour maps replaced dragonflies and raw mangoes. Help from above, from the mire to save, was sought; for keeping up appearances was a must to a turbulent teen.

Wading through stormy waters, the steering wheel often slipping, it is surprising that she continued to love her own.

Passing out those giddy years, Cleonne's sense of right and wrong assumed great proportions to take the question form - "what is the morality of it all?" Her curious answers of long ago found while chasing dragonflies dimmed in the dull distance. They awakened a cord or two in her heart's corner, but the increasing materialistic learning lulled them to sleep and there remained only a glistening hope, a polished surface and a raw wound after plastered, accompanied by a dormant ambition.

......... I leave Cleonne at her newly found question. Her raised eyebrows fail to raise mine and with a sardonic grin. I think of the numerous millions who'll join me in the cut-throat competition and the helter-skelter run for freshly baked bread and mutton and mansion. Let cleonne stand there in her southern suberbs waiting for a violent push to wake her up from a maze of innocence and simplicity. And after a few years of futile waiting, let her go forth into a loveless marriage and let her dissatisfied yong ones ask the same disturbing question of their mother's and pass into obscurity beneath the sod to make way for another hopeless generation.

.........Or with other eyes, child - like and dignified, shall we swing back to our present dependable young Cleonne, who can one day hold the steering wheel of the future and try answering her? It may take a life-time, but if we succeed, there's active hope for humanity.

Meanwhile let me wish Cleonne good luck and happiness. Will she be still loving her own......???

# പോയ വർഷത്തിന്റെ ബാക്കിപത്രം

**SANNELKUMAR E. R.**
II P. G. Maths

ചൈനയിലെ ജനാധിപത്യ മോഹികളായ നൂറുകണക്കിന് വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യ മോഹത്തിനു മീതെ ഉരുണ്ട പട്ടാള ടാങ്കുകളുടെ ശബ്ദം കേട്ടുണർന്ന ജൂൺ പിന്നീട് ദുഃഖിപ്പിക്കുന്ന വാർത്തകൾ നമുക്ക് സമ്മാനിച്ചില്ല. അയത്തൊള്ള ഖൊമൈനിയുടെ മരണം ടിയാനമെൻ സംഭവത്തിനു മുന്നിൽ ലോകം മറന്നെന്നു തോന്നി. ശ്രീലങ്കൻ പ്രശ്നം വഷളായിക്കൊണ്ടിരുന്നു. അംഗോളയിലെ കറുത്ത സൂര്യന്റെ അസ്തമനം ആരംഭിച്ചുകഴിഞ്ഞു. ഐറിഷ് പ്രധാനമന്ത്രിയുടെ രാജിക്കത്തോടെ ജൂൺ പിടവാങ്ങി.

ഗ്രീസിനു പുതിയ പ്രധാനമന്ത്രിയെ സമ്മാനിച്ചുകൊണ്ടാണ് ജൂലൈ അതിന്റെ വാതായനം തുറന്നത്. വിപ്ലവത്തിന്റെ പൂത്തിരി കത്തിച്ച ഫ്രഞ്ചുജനതയുടെ വിജയം 200 വർഷം പിന്നിട്ടു. ജൂണിൽ, ഫ്രഞ്ച് ഓപ്പണിലേററ പരാജയം വിംബിൾഡണിൽ വിജയമാക്കാൻ സ്റെറഫിക്കു കഴിഞ്ഞു. കൂടെ ബോറിസ് ബെക്കറിനും.

ആസ്ട്രേലിയൻ ടീം ആഷസ് തിരിച്ചു വാങ്ങുന്നതാണ് ഓഗസ്ററ് ആദ്യം കണ്ടത്. ജപ്പാനിൽ 'സുസുക്കോ ഉനോ' യുടെ കസേരയിലേക്ക് തോഷികീ കൈഫു കടന്നു വന്ന കാഴ്ച പ്രതീക്ഷയോടെയാണ് ലോകം വീക്ഷിച്ചത്. പോളണ്ടിലെ പ്രധാന മന്ത്രിയുടെ ആരോഹണവും ന്യൂസിലാണ്ടിലെ പ്രധാനമന്ത്രിയുടെ അവരോഹണവും പെട്ടന്നായിരുന്നു. എഫ്. ഡബ്ല്യു. ഡിക്ലർക്ക് ദക്ഷിണാഫ്രിക്കയുടെ താൽകാലിക പ്രസിഡൻറായത് പുതിയ സംഭവ പരമ്പരകൾക്ക് വഴിയൊരുക്കി. നാല്പത്തഞ്ചു കൊല്ലം നിലനിന്ന കമ്മ്യൂണിസ്ററ് ഭരണത്തെ മാററിക്കൊണ്ട് തദേവൂസ് മസോസ്കി പോളണ്ടിന്റെ പ്രധാനമന്ത്രിയായതോടെ ഓഗസ്ററിന് തിരശീല വീണു.

അൾജീരിയയുടെ പ്രധാനമന്ത്രിയെ പ്രസിഡൻറ് പിരിച്ചു വിട്ടത് ഏറെ ചർച്ച ചെയ്യപ്പെടാതെ പോയി. ദക്ഷിണാഫ്രിക്കയിൽ ഡിക്ലർക്ക് തന്റെ സ്ഥാനം ഉറപ്പിച്ചു. SWAPO തലവൻ സാം നുജുമോ മാതൃരാജ്യത്തേക്ക് തിരിച്ചു വന്നത് ആഫ്രിക്കയിൽ സ്വാതന്ത്ര്യത്തിന്റെ വിത്തു പാകലായിരുന്നു. പാക്കിസ്ഥാൻ സ്വയം തിരുത്തിക്കൊണ്ട് കോമൺ വെൽത്തിലേക്ക് തിരിച്ചുവന്നു. കമ്പോഡിയയിൽ നിന്ന് വിയററ്നാം ഭടന്മാരെ തിരികെ വിളിച്ചത് സമാധാനത്തിലേയ്ക്കുള്ള വഴി തുറക്കലായിരുന്നു.

ടിബററിലെ ജനതയെ സമാധാനപരമായി നയിച്ച ദലൈലാമയ്ക്ക്, 'അർഹതയ്ക്ക് അംഗീകാരം' എന്നത് അന്വർത്ഥമാക്കിക്കൊണ്ട് 1989 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകപ്പെട്ടു. വർണ്ണ വിവേചനത്തിന്റെ കറുത്തനായ എതിരാളി വാൾട്ടർ സിസ്ലു ജയിൽ വിമോചിതനായതും ഒക്ടോബറിൽ തന്നെ. കോമൺവെൽത്തിന്റെ സെക്രട്ടറി ജനറലായി നൈജീരിയയുടെ 'എമേന അന്യാക്കോവ്' തെരഞ്ഞെടുക്കപ്പെട്ടു. ഹംഗറി അതിന്റെ കമ്മ്യൂണിസ്ററാധിപത്യം അവസാനിപ്പിച്ചുകൊണ്ട് ഒരു ജനാധിപത്യ രാജ്യമായി മാറി.

കിഴക്കൻ ജർമ്മനിയിൽ കമ്മ്യൂണിസ്ററ് ഗവൺമെൻറ് രാജി വച്ചത് പുതിയ പരമ്പരയുടെ ആരംഭമായിരുന്നു. ഇരു ജർമ്മനികളെയും വേർതിരിച്ചിരുന്ന ബർളിൻ മതിൽ അപ്രത്യക്ഷമായി. നവംബറിലെ സംഭവങ്ങളുടെ തുടർച്ചയെന്നോണമാകാം നമീബിയയിൽ SWAPO ഭൂരിപക്ഷം നേടി.

രണ്ട് വൻ രാഷ്ട്ര നേതാക്കന്മാരുടെ കൂടിക്കാഴ്ചയോടെയായിരുന്നു 1989 ഡിസംബറിന്റെ ആരംഭം. റഷ്യൻ ഹൈഡ്രജൻ ബോംബിന്റെ പിതാവും, മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ മുന്നണിപ്പോരാളിയുമായിരുന്ന ആന്ദ്രെ സഖറോവ് നിര്യാതനായി. റുമേനിയായിലെ ഏകാധിപതിയായിരുന്ന നിക്കളോ ചെഷസ്ക്യുവിനെ ജനകീയ സേന വെടിവച്ചു കൊന്നു.

ഈ ദശാബ്ദത്തിന്റെ മനുഷ്യനായി മിഖായേൽ ഗോർബച്ചേവ് തെരഞ്ഞെടുക്കപ്പെട്ടു. SWAPO തലവൻ സാം നുജുമോ നമീബിയയുടെ പ്രസിഡൻറായി സ്ഥാനമേററു. 27 വർഷത്തെ ജയിൽ വാസത്തിനുശേഷം ആഫ്രിക്കൻ ജനതയുടെ ആശയും, ആവേശവും ആയ നെൽസൺ മണ്ഡേല എന്ന കറുത്ത സൂര്യൻ വീണ്ടും ഉദിച്ചുയർന്നു.

സമാധാന പാലന സേനയുടെ അവസാന ബററാലിയനും ശ്രീലങ്കയുടെ മണ്ണിനോട് വിടപറഞ്ഞു. സോവിയററ് യൂണിയനിൽ മിഖായേൽ ഗോർബച്ചേവ് തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ എക്സിക്യൂട്ടീവ് പ്രസിഡൻറായി സ്ഥാനമേററതോടെ മാർച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. സംഭവ പരമ്പരകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.



TRAINING THE NEW GENERATION
PROFESSIONALS
ON LATEST COMPUTERS

**NOW INTRODUCED 80386 BASED COMPUTER SYSTEM FOR TRAINING**

MCS

**COMPUTER EDUCATION**

Member, Computer Society of India
Manorama Jn., Cochin - 16
Extension Centres at: Palai, Changanacherry

**കാമ്പസ് ഡയറി**

# ഗ്രീഷ്മം

**VENU K. B.**
I M. A. English

ഒന്ന്

## ക്ഷമാപണം

*ക്ഷമിക്കുക,*
*മാംസത്തിന്റെ വിള്ളലുകളിലൂടെയുള്ള*
*ഭ്രാന്തമായ*
*ഈ സ്നേഹപ്രവാഹത്തിന്റെ നിയന്ത്രണം*
*എന്നിൽ നിക്ഷിപ്തമല്ലാത്തതിനാൽ*
*എന്നെ വെറുതെ വിട്ടേക്കൂ....*
*ഇത്*
*തികച്ചും ചരിത്രപരമായ*
*ഒരു സമാന്തര ദുഃഖം മാത്രമാണ്....*

രണ്ട്

## കവിത

*ക്ലാസ്സുമുറികളിൽ*
*കവിയരങ്ങുകളിൽ*
*ക്രൂരമായി ബലാത്കാരം ചെയ്യപ്പെടുകയാൽ*
*അവൾ മരിച്ചു*
*കാലികപ്രസക്തമായ*
*ദാർശനികപ്രശ്നം ഇതാണ്-*
*"അവളുടെ മരണം*
*ആത്മഹത്യയോ, കൊലപാതകമോ"?*

**RAVINATH N.**
IIIrd History

ഓർത്താലൽഭുതം തോന്നുന്ന രീതിയിൽ
ഉണ്ടാവുകയും, ഇല്ലാതാവുകയും ചെയ്യുന്ന
പ്രണയ ചിത്രങ്ങൾ തൻ ജ്യോമട്രിയിൽ
വെറുതെ കോറുന്ന രേഖീയ ചിത്രങ്ങൾ

പരിചയം പോലുമില്ലാതെ നീളുന്ന
പ്രണയസാഗര തീരമാവുന്നു നീ......
മുറികളോരോന്നടച്ചിറങ്ങീടുന്ന
വിജന സായാഹ്നമീ വേള

നമ്മിലൂടറിയുവാനൊന്നുമില്ലാതെ
തീരുന്ന ജനുവരി.
കാററിലാടും കലണ്ടറിൻ
കര കര ശബ്ദങ്ങൾ
കാററണച്ച്, ജനലടച്ച് പൂട്ടുന്ന ലൈബ്രറി.

കാത്തിരുപ്പാണ് ഞാൻ
എന്താണ്?
എവിടെയാണ് നീ!
എന്തെങ്കിലും വന്ന് മിണ്ടുക.

ഓരോ മിനിട്ടും
രണ്ടായിരം വർഷംപോലെ
വല്ലാതെ മടുത്തിരിക്കുന്നു.

# Moving ahead of the times Federal gives firm leverage to Kerala's economic development.



The Federal Bank, one of Kerala's foremost financial organisations has ever since its inception played an invaluable role in Kerala's economy.

THE
**FEDERAL BANK**
LIMITED Regd. Office: Alwaye, Kerala
**Banking efficiency at its best**

ASP FBL 8507



# വർത്തമാന ടെക്നോളജി

**രാജീവ് ഡി. നായർ**
ക്ലാസ്സ് I ഭൗതികശാസ്ത്രം

ടെക്നോളജിയുടെ സാധാരണവും ലളിതവുമായ നിർവചനം പുരോഗതി കൊണ്ടുവരാനുതകുന്ന വിദ്യയെന്നാണ്. പുരോഗതിയെന്നാൽ ഉല്പാദനം വർദ്ധിപ്പിക്കുകയും ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതും ശിലായുഗ ടെക്നോളജിയിൽ മനുഷ്യൻ കല്ലുകൊണ്ട് ഉപകരണങ്ങൾ നിർമ്മിച്ചു. പരിമിതികൾ അവനെ ലോഹടെക്നോളജിയുടെ ഉപജ്ഞാതാവാക്കി. ടെക്നോളജിയുടെ വിവിധ തലങ്ങൾ പല ഉപകരണങ്ങളെയും അവന്റെ പരീക്ഷണശാലയിൽ നിന്ന് പുറത്തേയ്ക്കുകൊണ്ടുവന്നു–ഉല്പാദനം കൂട്ടുവാനും, പുരോഗതി പ്രാപിക്കുവാനും, ഉല്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കുവാനായിട്ട് കേവലം ഉപകരണങ്ങളിലെ മാററം അപര്യാപ്തമാണ്. ഉപകരണങ്ങളിലെ മാററങ്ങൾക്ക് സമാന്തരമായി വ്യവസ്ഥിതിയിൽ ഒരു മാററം ആവശ്യമായി വന്നു. ഇത്തരം ഗുണപരമായ മാററങ്ങൾ സൃഷ്ടിക്കുന്ന സൗകര്യങ്ങൾ എല്ലാവർക്കും ഒരുപോലെ അനുഭവ യോഗ്യമാകുമ്പോൾ മാത്രമേ പുരോഗതിയുടെ അർത്ഥം പരിപൂർണ്ണമാകൂ. ഉല്പാദന വർദ്ധനയിൽ ടെക്നോളജി എന്തെല്ലാം ചെയ്തു എന്ന് പരിശോധിക്കുമ്പോൾ മറെറാരു ചിത്രം നമുക്ക് വ്യക്തമാകുന്നുണ്ട്. ഉല്പാദനവർദ്ധനയിൽ നിന്ന് ഉല്പാദനം കടിഞ്ഞാണിടുക എന്ന ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. കാരണം ഉല്പാദനത്തിന്റെ അത്യധികം ശീഘ്രമായ മുന്നേററം ഉപരിപ്ലവം മാത്രമായിരുന്നു. ദാരിദ്ര്യരേഖയ്ക്ക് കീഴെയുള്ളവരെ ഉയർത്തുവാൻ ഈ ടെക്നോളജിയ്ക്ക് കഴിഞ്ഞില്ല. പുതുക്കപ്പെടാനാവാത്ത പ്രകൃതിവിഭവങ്ങളുടെ ക്ഷയം തിരിച്ചറിയാനാവുന്ന വർണ്ണത്തിൽ ഇന്ന് നിലകൊള്ളുന്നുണ്ട്. ഉല്പാദനം കടിഞ്ഞാണിടുക എന്ന 'Feed back' ന് നമുക്ക് ഈ ഉച്ചടെക്നോളജിയുടെ ആവശ്യമില്ല തന്നെ.

ടെക്നോളജിയുടെ വൈവിധ്യമാർന്ന ഉപയോഗങ്ങളിലേയ്ക്ക് കടക്കുമ്പോൾ മറെറാന്നുകൂടി പരിശോധിക്കാനുണ്ട്. ശിലായുഗ ടെക്നോളജിയിൽ നമുക്ക് സ്വന്തമായിരുന്ന ആയുധങ്ങൾ ഉപകരണങ്ങൾ കൂടിയായിരുന്നു. ശത്രുവിനെ കീഴ്പ്പെടുത്തുവാൻ മരം മുറിക്കുന്ന വാൾ തന്നെയായിരുന്നു അവൻ ഉപയോഗിച്ചത്. എന്നാൽ തിരിഞ്ഞുവന്ന കാലചക്രത്തോടൊപ്പം സാമൂഹ്യഘടനയിൽ തട്ടിപ്പറിയും ചൂഷണവും അടിമപ്പണിയും തനതായ സ്ഥാനങ്ങൾ നേടിയെടുത്തപ്പോൾ ബലപ്രയോഗം ഉല്പാദനം പോലെതന്നെ ഒരു സാമൂഹ്യ വ്യവഹാരമായി തീരുകയും ചെയ്തു. ആയുധ നിർമ്മാണം ഉല്പാദനശക്തിക്കു തുല്യമായി വികസിച്ചു. ദ്രുതഗതിയിൽ വികസനം കണ്ട ആയുധശക്തി മനുഷ്യശക്തിയ്ക്കു മേൽ ആധിപത്യം ഉറപ്പിക്കുകയുംചെയ്തു. സായുധ വിപ്ലവങ്ങളുടെയും ഏകാധിപത്യശക്തികളുടെയും ഇരുണ്ട താളുകൾ ചരിത്രപുസ്തകത്തിൽ സ്ഥാനം പിടിച്ചത് ഇതേ കാലഘട്ടത്തിലായിരുന്നു. അങ്ങനെ ടെക്നോളജിയുടെ രണ്ട് ഉല്പന്നങ്ങളിൽ ഒന്ന് മറെറാന്നിന്റെ അടിമ മാത്രമായി തീർന്നു. ഇന്നാകട്ടെ, അധികാര കൈമാററം റിമോട്ട് കൺട്രോളിലൂടെ നടത്തുകയും ചിന്താശക്തിയുടെ താക്കോൽ സൂക്ഷിക്കുന്ന യന്ത്രങ്ങളെ നിർമ്മിക്കുകയുംചെയ്യുന്ന ശാസ്ത്രമാണ് നമുക്കുള്ളത്. ശാസ്ത്രത്തിന്റെ സന്തതി ടെക്നോളജി അധികാരിയുടെ രൂപം പ്രാപിച്ചപ്പോൾ സ്വാതന്ത്ര്യം അവിടെ നിന്നും തെന്നിയകന്നു. പണ്ട് അന്വേഷണബോധത്തിന്റെ ഉറവ വററാത്ത ശാസ്ത്രജ്ഞൻമാർ നമുക്കുണ്ടായിരുന്നു; സത്യങ്ങളെ സ്ഥാപിക്കുന്നതിന് കുരിശുയുദ്ധം നടത്തിയവർ. നമുക്കിന്ന് 'ശാസ്ത്രജ്ഞർ' എന്ന വർഗ്ഗമേയുള്ളൂ. സ്ഥാപിത താല്പര്യങ്ങളുടെ പിണിയാളുകളും തിനുക്കിവയ്ക്കപ്പെട്ട ആശയങ്ങളിലെ മങ്ങിയ വ്യക്തിത്വങ്ങളും സങ്കുചിതചിന്താശക്തിയുടെ കൂലിപ്പണിക്കാരുമാണവർ. യുക്തിബോധത്തിന്റെ തി

## VIDEOCON, WESTON, TELTRONIX
## T. V., VIDEO, AUDIO, A/c., WASHING MACHINE

**Fridge:**
**KELVINATOR, GODREJ**

**Mixy:**
**SUMEET, MITASO**

# പുത്തനങ്ങാടി ട്രേഡേഴ്സ്

**കാർമ്മൽ സെൻറർ**

റെയിൽവേ സ്റ്റേഷൻ, **ആലുവ**

ഫോൺ: 6686

---

**''ഞങ്ങൾ അത് മഹത്താക്കുന്നു !**
**ലക്ഷോപലക്ഷങ്ങൾ**
**അത് മഹത്തരമാക്കുന്നു !!''**




**ആശംസകളോടെ,**

# പനാമ

അവസാന പുകവരെ രസകരം.

നിയമപ്രകാരമുള്ള മുന്നറിയിപ്പ്: സിഗററ്റുവലി
ആരോഗ്യത്തിന് ഹാനികരം

രോധാനം മൂലം കിട്ടുന്നതെന്തും ചോദ്യം കൂടാതെ ഏറ്റുവാങ്ങുന്ന സഹസ്രകോടികൾ തങ്ങൾക്ക് പിന്നിലുണ്ടെന്ന് ഇവർ മനസിലാക്കിയിരിക്കുന്നു. കസാലയിൽ ചാഞ്ഞുകിടന്ന് മുമ്പിലെ കമ്പ്യൂട്ടറോട് ചോദ്യങ്ങൾ തൊടുത്ത്വിട്ട് ഉത്തരങ്ങൾ കൈപ്പററുമ്പോൾ കീബോർഡിനും മിനിസ്ക്രീനിനും പിന്നിലെ സത്യത്തെ അന്വേഷിക്കാത്ത സഹസ്രകോടികൾ തങ്ങൾക്ക് പിന്നിലുണ്ടെന്ന് ഇവർ മനസിലാക്കിയിരിക്കുന്നു. ഉച്ചടെക്നോളജിക്കും മോഡെണൈസേഷനും വേണ്ടി പരക്കംപായുന്ന ശാസ്ത്രലോകത്തെ ഉന്നതരും അധമരും പുരോഗതിയെന്ന സവിശേഷമായ ഉദ്ദേശ്യം മറക്കുകയാണ്; ഓർക്കുന്നുണ്ടെങ്കിൽ മറയ്ക്കുകയാണ്. സംശയങ്ങളില്ലാത്ത, ചോദ്യങ്ങളില്ലാത്ത, സ്വന്തമല്ലാത്ത, വിധേയത്വത്തിന്റേതായ ഒരുതരം ടെക്നോ–ഫാസിസത്തിന്റെ വർഷങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്. നാളെയെകുറിച്ച് വ്യക്തമായ ഒരു ചിത്രം മുന്നിൽ നിൽക്കുമ്പോൾ ഇന്നായിരിക്കണം നമ്മുടെ പ്രവർത്തന മണ്ഡലം. ഇരുണ്ട വർഷങ്ങളുടെ രശ്മികൾ അതിരുകൾക്കപ്പുറത്ത് ഇനിയും ചെന്നിട്ടില്ല. ചിന്തിച്ചശേഷം പ്രവർത്തിച്ചാൽ ഈ പാതയിൽനിന്നും വ്യത്യസ്തമായ ഒന്ന് നമ്മുടേതാകാം; നമ്മുടെ സ്വന്തമാക്കാം.




WITH BEST COMPLIMENTS FROM:-

sports centre

PRESS CLUB ROAD

ERNAKULAM

Best Compliments from:-

FOR ALL KINDS OF LADIES' NEEDS

FANCY ITEMS

GUARANTEED GOLD ORNAMENTS

STEP IN TO " V A R A D A "

AND FEEL THE DIFFERENCE

VARADA LADIES' CHOICE

OPP: OLD K. S. R. T. C. BUS STN.

N. PARUR - 683 513.

With the best compliments from:-

ANNA MARIYA COMPUTERS

RAVIPURAM

M. G. Road, COCHIN

Phone: 361510

COMPLIMENTS FROM:-

C. C. MATHAPPAN & CO.

METAH & PAPER DEALERS

LOURDE CENTRE

ALWAYE

*Phone. Office 4551*

*Resi. 4569*

# മഹാ പ്രസ്ഥാനം

RAVIKUMAR N.
Final B. Sc. Physics

പൊടിപുരണ്ട ചെമ്മൺ പാതകളുടെ സംഗമസ്ഥാനത്ത് ആ മഹാവൃക്ഷം നിന്നു. പ്രായം തിട്ടപ്പെടുത്താനാകാത്ത ആ വൃക്ഷം കുന്നിൻമുകളിലെ ഏക തണലായിരുന്നു. പടിഞ്ഞാറുനിന്ന് വിടർന്ന കണ്ണുകളും വെളുത്ത നിറവുമുള്ള ഉയരം കൂടിയ ഒരുപററം യാത്രികർ അവിടെയെത്തി.

> " ഇതാ തണൽവൃക്ഷം. അല്പം ക്ഷീണം മാററിയിട്ട് യാത്ര തുടരാം. "

വിഭവസമൃദ്ധമായ പാഥേയങ്ങൾ നിരത്തി അവർ ഇരുന്നു. തടിച്ച ഭാണ്ഡങ്ങൾക്ക് ചിലർ കാവലിരുന്നു.

അപ്പോൾ കിഴക്കുനിന്നും ഉറച്ച കാൽവെയ്പ്പുകളുമായി ഒരു കൂട്ടരെത്തി. അവർ വെളുത്തവരായിരുന്നു. ഇടുങ്ങിയ കണ്ണുകളുണ്ടായിരുന്നു. തടിച്ച പുസ്തകങ്ങളിലെ വരികളെ വിശ്വസിച്ചിരുന്ന മദ്ധ്യവയസ്കരായിരുന്നു അവർ. അവരും ആ പ്രകൃതി സത്രത്തിൽ ഇരുന്നു.

> " അവിടെ, നിങ്ങൾ പോന്നപ്പോൾ അവസ്ഥകൾ എങ്ങിനെയായിരുന്നു? " പടിഞ്ഞാററർ ചോദിച്ചു.

" ചുവപ്പ് മാറിത്തുടങ്ങി. പ്രഭാതത്തിലെ രശ്മികളേററാണ് ഞങ്ങൾ യാത്ര തുടങ്ങിയത്. " ഒതുക്കമുള്ള പൊതികൾ പകുക്കവെ അവർ പറഞ്ഞു.

നേരം കുറേക്കൂടി കഴിഞ്ഞാണ് തെക്കുനിന്നുള്ളവർ എത്തിയത്. കറുത്തവരും ഉറച്ച മസിലുകളോടുകൂടിയവരുമായിരുന്നു അവർ. ദീർഘമായ യാത്ര അവരെ തീരെ അവശരാക്കിയിരുന്നു. ഒഴിഞ്ഞ പാഥേയങ്ങളും കത്തുന്ന വയററിന്റെ വലിച്ചിലും, അവരുടെ മുഖം തളർന്നിരുന്നു.

> " ഇരുളും മുൻപ് എത്തുമോ എന്ന് സംശയമാണ് " അവർ പരിതപിച്ചു. അവജ്ഞയോടെ നോക്കുന്ന ആദ്യ യാത്രികരെ അവർ ഭയന്നു.

പടിഞ്ഞാററരുടേയും, കിഴക്കരുടേയും ശേഷിച്ച പാഥേയങ്ങൾക്ക് അവർ തപ്പിട്ടു.

ഇനിയും യാത്ര തുടരേണ്ട സമയമായിരിക്കുന്നു. പകർന്നു കിട്ടിയ ഭക്ഷണത്തിന് അവർ നന്ദി കാട്ടേണ്ടിയിരിക്കുന്നു.

അവരുടെ ഭാണ്ഡങ്ങൾ ഏറേറണ്ടിയിരിക്കുന്നു. ഇതാ... യാത്ര തുടരുകയാണ്.

*

Best Wishes From:-

**VARGHESE MEDICALS**

ANGAMALY - 683 572

DIAL: 2219
Resi : 2619

# തറവാട്ടു പുരാണം



തലമുറകളോടിക്കളിച്ചു വളർന്നൊരെൻ
തറവാടു പഴയൊരു നാലുകെട്ട്
താലങ്ങളിൽ ദുഃഖസൂനങ്ങളേന്തിയ
കാലങ്ങളെയെതിരേററ പടിപ്പുര
കതിരിട്ട തുളസിയെ നെറുകയിൽ ചൂടിയ
ചൈതന്യബിംബമാം തുളസിത്തറ
സന്ധ്യകൾ നിത്യേന തിരിതെളിക്കാറു-
ള്ളൊരെണ്ണ കിനിയും പഴേമൺ ചിരാതും
ഒരു കൊച്ചുവെള്ളാമ്പലെന്നും വിരിയുന്ന
കുളമുണ്ട്; ചുററിലും പടവുമുണ്ട്.
ഏഴിലം പാലകൾ കുടനീർത്തി നിൽക്കുന്ന
കാവുണ്ടതിൽ വാണരുളുന്ന ദേവിയും.
പഞ്ഞമാസത്തിലുമൊഴിയാത്ത വയറുമായ്
നെല്ലറകൾ, മുററത്തു കേരകുമ്പാരവും.
ആ വസന്തപ്പക്ഷിയെങ്ങോ പറന്നുപോയ്
ഇന്നതെല്ലാം ഓർമ്മ മാത്രം.
എല്ലാം നശിച്ചുപോയ്, ഇനിബാക്കിയുള്ളതീ
ജീർണ്ണാവശിഷ്ടമാം നാലുകെട്ട്.
ചിതൽ തിന്നിട്ടിടിഞ്ഞു വീഴാറായ പൂമുഖ-
ത്തിന്നും തളം കെട്ടിനിൽക്കുന്നു കണ്ണുനീർ
വ്യക്തമല്ലെങ്കിലുമിന്നുമോർക്കുന്നു ഞാൻ:
ചിററയെ പടികടത്തിപ്പിണ്ണമിട്ടതും
അലമുറയിട്ടു കരഞ്ഞുകൊണ്ടന്നവരീ-
പൂമുഖം വിട്ടിറങ്ങിനടന്നതും.
ഒരു നാളിലങ്ങേത്തളത്തിൽ കഴുക്കോലി-
ലെന്നഗ്രജൻ തൂങ്ങിയന്ത്യംവരിച്ചതും.
സ്വത്തുഭാഗിച്ചതിൽ തൃപ്തരല്ലായ്കയാൽ
സോദരർ തങ്ങളിൽ വാളോങ്ങി നിന്നതും
അതുകണ്ടു നീറുംമനസ്സുമായി മുത്തശ്ശി-
യേറെക്കഴിയാതെ മൃതിയിൽ ലയിച്ചതും
ഭാഗിച്ചവേളയിൽ കൈയൂക്കുകാട്ടിയെൻ
മാതുലൻ തറവാടു വെട്ടിപ്പിടിച്ചതും
മദ്യപ്പിശാചിനെത്തോളത്തിരുത്തിയെൻ
മാതുലൻ ലഹരിയിലാറാടിവാണതും
തലമുറകളോടിക്കളിച്ചു വളർന്നൊരീ
തറവാടുപോലും പണയത്തിലായതും
ഇന്നുമോർക്കുന്നുഞാൻ, നീറുംമനസ്സോടെ-
കണ്ണീരുവീണു കുതിർന്നൊരാ നാളുകൾ
നാളെയാണാദിനം!
പണയത്തിലായ തറവാടുജപ്തിചെയ്-
തീടുവാനധികാരിയെത്തും ദിനം.
തലമുറകളോടിക്കളിച്ചു വളർന്നൊരെൻ
തറവാടു സ്വപ്നത്തിൽ മാത്രമാകും......

SANTHOSH D.
Class I Malayalam

# Try.....



## ACROSS

1. Best Wishes (4, 4) (2)
5. A small stream of water and can it jump? (6)
10. Something important enough to note (6, 2, 7)
11. Almost freezing (3, 4)
12. To cook before a fire (5)
13. One from Spain (8)
15. A man of —— habits, a teetotaller (5)
18. Extreme (5)
20. To —— ——, almost turning white (4, 4)
22. A means of travelling (3)
24. Indian soldier in British Army (5)
26. Chided (7)
27. Don't you like to solve it? (5, 4, 6)
28. Struggle (6)
29. Forget oneself with anger, to get mad (2, 3, 3)

## DOWN

1. A way of opening in chess (6)
2. Instantly, at the present time (2' 3, 4)
3. You do this when you feel tired (3, 4)
4. Two is a company, there is a —— (5)
5. Friends you have never met (7)
7. Passive, inanimate (5)
8. Fights between under world factions (4, 4)
9. —— death. Frightened (6, 2)
14. Unit used for measuring wave length (8)
16. It brings buildings to earth (9)
17. "—— where have you been?" (5, 3)
19. Bottomless or fathomless (7)
21. Make or manufacture (7)
23. Lazy (4)
25. Conspiracies! Are they for sale? (5)
26. Tragic, sorrowful (3)

ROOPA SREEDHARAN
&
DEEPA SREEDHARAN
I P. D. C.

**ANSWERS**

ACROSS: **1.** Good Luck **5.** Spring **10.** Matter of concern **11.** Ice cold **12.** Roast **13.** Spaniard **15.** Sober **18.** Ultra **20.** Grow pale **22.** Bus **24.** Sepoy **26.** Scolded **27.** Cross word Puzzle **28.** Tussle **29.** To see red.

DOWN: **1.** Gambit **2.** On the spot **3.** Lie down **4.** Crowd **5.** Penpals **7.** Inert **8.** Gang wars **9.** Scared to **14.** Angstrom **16.** Bulldozer **17.** Pussy cat **19.** Abyssal **21.** Produce **23.** Idle **25.** Plots **26.** Sad.

# Hello....... I Love You

Together we walked along the street,
Together we shared our joys.
Those moments seemed to be alive;
Those days reminded of paradise.

The whole day from dawn to dark
I think of nothing but you.
Your joking, walking, talking, smiling
Consume my whole time.

Oh dear, please be frank with me;
For I'am tired of waiting for you.
The depth of my love is immeasurable:
Immeasurable in terms of ounce, pounds, and tonnes.

Like to tell you my short stories;
But I doubt that you'll listen to them.
Even if you don't mind me,
I console myself that you do love me.

I always pursue your shadows;
They're leaping all the while.
Still I tell you that I love you.
And wish you to be mine.

Oh dear, you swallow my whole time.
And your thoughts dominate my whole life.
Your name is beautifully written
In the golden pages of my memory.

Come darling,come fast, let us be good friends
For your presence perfumes my whole self.
Love is the magnet that attracts each of us
And I repeat those magic words " I LOVE YOU "

DAVIS J. MALIEKAL
II B. A. Eco.

❊ ❊ ❊

# ആസൂത്രിത വികസനം ഇന്ത്യയിൽ – ഒരു വിലയിരുത്തൽ

ജോലി ഒഴിവുകൾ ദുർലഭമായിവരുന്ന ഇക്കാലത്ത് നല്ലൊരു ഭാഗം യുവാക്കൾ സ്വയം തൊഴിൽ കണ്ടെത്തുവാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. ചെറുകിട വ്യവസായങ്ങളോ, സേവനഘടകങ്ങളോ, ആരംഭിക്കുന്നതിനായി ബാങ്കുകളും മറ്റു സാമ്പത്തികസഹായം നല്കുന്നുണ്ട്. എന്ത് ചെയ്യാനാണ് ലക്ഷ്യമാക്കുന്നത്, ആ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ പ്രതിപാദിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടങ്ങുവാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ ലാഭസാധ്യതകൾ ബാങ്കുകളേയും മറ്റും ബോധ്യപ്പെടുത്തിയാലേ ഈ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ.

എന്തു സാധനം എത്ര അളവിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് അതിന്റെ വിപണന സാധ്യതകൾ സംബന്ധമായും, നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത, സാങ്കേതികവിദ്യ, യന്ത്രങ്ങൾ, തൊഴിലാളികൾ, മുടക്കേണ്ടിവരുന്ന പണത്തിന്റെ കണക്കുകൾ തുടങ്ങിയവയെല്ലാം വ്യക്തമാക്കുന്ന രേഖയാണ് പ്രോജക്ട് റിപ്പോർട്ട്. അടുത്ത അഞ്ചോ പത്തോ വർഷക്കാലത്ത് തുടങ്ങുവാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ ധനപരമായ പ്രവർത്തനവും ലാഭനഷ്ട കണക്കുകളും വിലയിരുത്തുകയാണ് പ്രോജക്ട് റിപ്പോർട്ടിന്റെ ഉദ്ദേശം. ഇതിന്റെ അടിസ്ഥാനത്തിലാണ് മൂലധനം ഇറക്കുന്നതിന് ബാങ്കുകളും മറ്റു സാമ്പത്തിക സ്ഥാപനങ്ങളും തീരുമാനിക്കുന്നത്. ആസൂത്രണ പ്രക്രിയയുടെ ഏറ്റവും ലളിതമായൊരു ഉദാഹരണമാണ് മുകളിൽ കൊടുത്തത്. ലക്ഷ്യം എന്താണെന്ന് വ്യക്തമായി നിർവ്വചിക്കുകയും ആ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള പ്രായോഗിക പരിപാടികൾ നടപ്പാക്കുകയും ചെയ്യുന്നതാണ് ആസൂത്രണത്തിന്റെ അടിസ്ഥാന സമീപനം.

ദേശീയ ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാന സമീപനവും ഏതാണ്ട് മേൽപറഞ്ഞ രീതിയിലാണെന്ന് സാമാന്യമായി പറയാം. എന്നാൽ ഗുണപരമായി നോക്കുമ്പോൾ ദേശീയ ആസൂത്രണത്തിന്റെ ലക്ഷ്യവും മാർഗ്ഗവും എല്ലാം തന്നെ ഒരു വ്യവസായഘടകത്തിന്റെ ആസൂത്രണത്തിൽ നിന്നും തീർത്തും ഭിന്നമാണ്. മുടക്കുന്ന പണത്തിൻമേലുള്ള ലാഭത്തിന്റേയും വരുമാനത്തിന്റേയും കണക്കുകൾ മാത്രമാണ് ഒരു വ്യവസായ ഘടകത്തിന്റെ വിജയം വിലയിരുത്താൻ ഉപയോഗിക്കുന്ന അളവുകോൽ. നിരവധി വ്യവസായങ്ങളുടേയും കൃഷിമേഖലയുടേയും മററും സമൂർത്തമായ രൂപം മാത്രമാണ് ദേശീയസമ്പദ് വ്യവസ്ഥയെന്ന് സാമാന്യവൽകൃതമെങ്കിലും ആസൂത്രിതമായ ദേശീയ വികസന പ്രക്രിയയിൽ തികച്ചും വിഭിന്നമായ അളവുകോലുകൾ ഉപയോഗിക്കേണ്ടിവരുന്നു.

മുതൽ മുടക്കുന്ന പണത്തിൻമേലുള്ള ലാഭമല്ല മൊത്തമുള്ള സാമൂഹ്യ പുരോഗതിയാണ് ദേശീയ ആസൂത്രണം ലക്ഷ്യമാക്കുന്നത് എന്നതാണ് ഈ വ്യത്യാസത്തിന്റെ അടിസ്ഥാന കാരണം. മനുഷ്യൻ കൂട്ടായി ഉല്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും ആത്യന്തികമായ സമൂഹത്തിന്റെ അത്മാവും, ആത്മീയവും സാംസ്കാരികവുമായ പുരോഗതിക്കു വേണ്ടിയാണ് ഉപയോഗപ്പെടേണ്ടത്. ആസൂത്രിത വികസനത്തിന്റെ ഭാഗമായി ആഹാരവും വസ്ത്രവും പാർപ്പിടവുമെല്ലാം ഓരോ പൗരനും എത്തിച്ചുകൊടുക്കാനാണ ലക്ഷ്യം വയ്ക്കുന്നത്. അതേപോലെതന്നെ ഗൃഹോപകരണങ്ങൾ, വാഹനങ്ങൾ, വാർത്താവിനിമയ സാമഗ്രികൾ തുടങ്ങിയവ ലഭ്യമാകണം. വൈദ്യുതി, ഗതാഗതസൗകര്യങ്ങൾ, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. കലാകായിക രംഗങ്ങളിലെ പുരോഗതി, വിദ്യാഭ്യാസം തുടങ്ങിയവയ്ക്കാവശ്യമായ സൗകര്യങ്ങൾ ഉണ്ടാവണം.

വളരെയേറെ പിന്നോക്കം നില്ക്കുന്ന രാജ്യമാണ് ഇന്ത്യ. ശാസ്ത്രനേട്ടങ്ങളുടെ സഹായത്തോടെ നക്ഷത്രങ്ങളെ വാരിപ്പുണരാനുള്ള ശ്രമത്തിലാണ് ഇന്ന് മാനവരാശി. ഈ ആധുനിക യുഗത്തിലും ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും ആഹാരവും, വസ്ത്രവും പാർപ്പിടവുമെല്ലാം നിഷേധിക്കപ്പെട്ടിരിക്കുന്നു. ആസൂത്രിതമായ ദേശീയ വികസനം വഴിമാത്രമേ ഈ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയൂ. ഇതിന് വിഘാതമായി നില്ക്കുന്ന സാമൂഹിക, സാമ്പത്തിക ശക്തികളെ എതിർത്ത് പരാജയപ്പെടുത്തിക്കൊണ്ടു മാത്രമേ പുതിയൊരു പാത വെട്ടിത്തെളിക്കുവാൻ ഇന്ത്യൻ ജനതയ്ക്ക് സാധ്യമാകൂ. കഴിഞ്ഞ നാലു ദശാബ്ദക്കാലത്തെ അനുഭവം ഈ യാഥാർത്ഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

SANTHOSH N. P
II B. A. Economics

# കോളേജ് യൂണിയനുകളുടെ നിറം മങ്ങുന്നു

കോളേജ് യൂണിയനുകൾ ഇന്ന് കേവലം പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഓരോ കോളേജ് യൂണിയനും ഓരോ ജനാധിപത്യപരിശീലന കളരിയാണ്. എന്നാൽ ഇന്നത്തെ ശബ്ദായമന കോളേജ് അന്തരീക്ഷത്തിൽ വളരുന്ന യൂണിയനുകൾക്ക് ഈ പേരിന് അർഹതയുണ്ടാകുമൊ?

കോളേജ് യൂണിയന്റെ ഉദ്ഘാടനത്തിന് അതിഥിയെ തേടി യൂണിയൻ ചെയർമാൻ പരക്കം പായുകയാണ്. എവിടെ ചെന്നാലും എന്നെ ഒഴിവാക്കുകയല്ലെ നല്ലത് എന്ന മറുപടിയായിരിക്കും ചെയർമാന് കേൾക്കേണ്ടിവരിക. ക്ഷണിച്ചുകൊണ്ടുവരുന്ന അതിഥികളോടുള്ള വിദ്യാർത്ഥികളുടെ പെരുമാററമല്ലെ. ഇതിന് കാരണം? കോളേജ് യൂണിയൻ പരിപാടിയിൽ കൂവൽ സഹിക്കാൻ കഴിയാതെ പലർക്കും മൈക്കിലൂടെ തിരിച്ചുകൂവേണ്ടി വന്നിട്ടുണ്ട് ഇതൊക്കെ അനുഭവിച്ചറിഞ്ഞതാവാം സുകുമാർ അഴീക്കോടിനെപ്പോലുള്ളവർ കലാലയ പരിപാടിയിൽ പങ്കെടുക്കില്ല എന്നു വ്യക്തമാക്കിയത്.

കോളേജ് യൂണിയനുകളുടെ ഇന്നത്തെ പ്രവർത്തനരീതിക്ക് അടിമുടിമാററം വരണം. ഉദ്ഘാടനത്തിനും മററും ഭീമമായ തുക ചെലവ് ചെയ്ത് അതിഥികളെ കൊണ്ടുവരുന്ന ഏർപ്പാട് അവസാനിപ്പിക്കണം. ഓരോ കോളേജിലെയും നന്നായി പഠിക്കുന്നവരോ കലാകായിക രംഗങ്ങളിൽ മികവുററവരോ മററുരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരോ ആയ സഹപാഠികളെ കോളേജ് യൂണിയൻ ഉദ്ഘാടനത്തിനും മററ് അവസരങ്ങളിലും എന്തുകൊണ്ട് അതിഥികളായ് ആദരിച്ചുകൂടാ? ഇന്നത്തെ രീതിയിൽ 500ഉം 1000ഉം രൂപ യാത്രാക്കൂലി നൽകി അതിഥികളെ കൊണ്ടുവരുന്ന രീതിയ്ക്ക് മാററം വരുത്തിക്കൂടേ?

കോളേജ് യൂണിയൻ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥി നേതാക്കൻമാർക്ക് മാർഗനിർദ്ദേശം നൽകുവാൻ ഇന്നത്തെ അദ്ധ്യാപകർ താല്പര്യം കാണിക്കാറില്ല. തങ്ങളുടെ രാഷ്ട്രീയ വിശ്വാസപ്രമാണങ്ങളോട് ആഭിമുഖ്യമുള്ള വിദ്യാർത്ഥി സംഘടനയ്ക്കാണ് യൂണിയൻ ഭരണം ലഭിക്കുന്നതെങ്കിൽ അത്തരം സന്ദർഭങ്ങളിൽ മാത്രം മാർഗനിർദ്ദേശം നൽകാൻ വരുന്ന ചില അദ്ധ്യാപകരും ഉണ്ട്. അദ്ധ്യാപകരിൽ ഭൂരിപക്ഷത്തിനും കോളേജ് യൂണിയൻ പരിപാടികളിൽ താൽപര്യം ഇല്ല. യൂണിയൻ പരിപാടികൾ നടക്കുമ്പോൾ വീട്ടിൽ പോകാനും തന്റെ ''സൈഡ് ബിസിനസ്'' ശ്രദ്ധിക്കാനുമാണ് പല അദ്ധ്യാപകർക്കും താൽപര്യം. ഈ അവസ്ഥയ്ക്ക് മാററം വരണം. യൂണിയൻ പരിപാടികളിൽ അദ്ധ്യാപകർക്ക് സജീവപങ്കാളിത്തം നൽകണം. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ കൂടുതൽ അടുക്കാനും അറിയാനുമുള്ള വേദികളാവണം കോളേജ് യൂണിയനുകൾ.

കോളേജ് യൂണിയൻ പരിപാടികളിൽ മുൻതൂക്കം അതത് കലാലയത്തിലെ കുട്ടികൾക്കായിരിക്കണം. എന്നാൽ കോളേജുകളിലെ ഒരു ശതമാനം വിദ്യാർത്ഥികൾക്കുപോലും ഇന്ന് യൂണിയൻ പരിപാടിയിൽ പങ്കാളിത്തം ലഭിക്കാറില്ല. ഈ അവസ്ഥയ്ക്ക് മാററം വരണം. കോളേജ് യൂണിയനുകളുടെ അന്തസത്ത നഷ്ടമാകുകയാണ് എന്നതുതന്നെ സത്യം. അതുകൊണ്ടുതന്നെയാവാം യൂണിയൻ തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കാതെ പല വിദ്യാർത്ഥികളും മാറിനിൽക്കുന്നത്.

ഓരോ വർഷവും നമ്മുടെ കലാലയങ്ങളിൽ നിന്നും പുറത്തുവരുന്ന വിദ്യാർത്ഥികളെ സൂക്ഷ്മനിരീക്ഷണം നടത്തിയാൽ അവരിൽ ഭൂരിഭാഗവും ഗൈഡിനേയും ട്യൂട്ടോറിയലിനെയും ആശ്രയിച്ചാണ് തങ്ങളുടെ ഡിഗ്രി കരസ്ഥമാക്കിയതെന്ന് കാണാൻ കഴിയും. യൂണിയൻ പരിപാടികളുമായി ഓടി നടക്കുന്ന ഭാരവാഹികളിൽ പലർക്കും അതതുവർഷം പരീക്ഷ എന്ന കടമ്പ കടക്കാൻ കഴിയാറില്ല.

തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ച് വ്യാപകമായ ചർച്ചകൾ നടക്കുന്ന കാലഘട്ടമാണല്ലൊ ഇന്ന്. ഇത്തരം പരിഷ്കാരങ്ങൾക്ക് തുടക്കം കുറിക്കാനുള്ള വേദിയായി കോളേജ് യൂണിയനുകളെ ഉപയോഗപ്പെടുത്തണം. യൂണിയൻ തെരഞ്ഞെടുപ്പിലെ പണച്ചെലവ് താങ്ങാവുന്നതിലധികമാണ്. ഇലക്ഷൻ ചെലവ് കുറയ്ക്കുന്നതിനെക്കുറിച്ച് വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ പൊതുവായ ഒരു ധാരണയിൽ എത്തിച്ചേരണം.

മീററ് ദി കാൻസിഡേററ് പ്രോഗ്രാം കുറെക്കൂടി ഫലപ്രദമായി ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പിന്റെ പ്രചാരണപരമായ ചെലവ് നിയന്ത്രിക്കുവാൻ ശ്രമിക്കണം. വിദ്യാർത്ഥികളെ നേരിൽ കണ്ട് വോട്ട് ചോദിക്കാനും സ്ഥാനാർത്ഥികളെ ഒരേ വേദികളിൽ അവതരിപ്പിക്കാനും കൂടുതൽ അവസരം നൽകണം. സ്വതന്ത്രൻമാരെ തെരഞ്ഞെടുപ്പിൽ നിന്നും നിരുൽസാഹപ്പെടുത്തുന്ന രീതി ഉണ്ടാകണം. സംഘട്ടനങ്ങൾക്ക് ഉത്തരവാദികളായവരെയും കുഴപ്പക്കാരെയും യൂണിയനുകളിൽ മൽസരിക്കുന്നതിൽ അയോഗ്യരാക്കണം. സമാധാനവും ലാളിത്യവും ആയിരിക്കണം കോളേജ് യൂണിയനുകളുടെ മുഖമുദ്ര.

കോളേജ് യൂണിയനുകളുടെ പ്രവർത്തന ശൈലിക്കുമാററം വരുത്തണം. നിർദ്ധനരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസുകളും മററും സംഘടിപ്പിക്കുവാനും യൂണിയൻ നേതൃത്വം നൽകണം.

വിദ്യാർത്ഥി സംഘടനകളുടെയും കോളേജ് യൂണിയന്റേയും തെററുകുററങ്ങൾ പെരുപ്പിച്ചുകാട്ടി അവയെ എഴുതിതള്ളുകയല്ല വേണ്ടത്, അവയെ ഫലപ്രദമായ ചർച്ചയിലൂടെ തിരുത്തിയെടുക്കുവാൻ ശ്രമിക്കണം.

ഇന്ന് കോളേജുകളിൽ സമരംമൂലം എത്രയോ അദ്ധ്യയന ദിവസങ്ങളാണ് നഷ്ടപ്പെടുന്നത്. സമരത്തിന് പ്രോത്സാഹനം നൽകുന്ന ചില അദ്ധ്യാപകരും ഉണ്ട്. ഈ പ്രവണത നല്ലതല്ല. സമരം ആവശ്യമാണെങ്കിലും സമരദിനങ്ങളുടെ എണ്ണം കൂടിയാൽ വിദ്യാർത്ഥികൾക്കുതന്നെയാണ് ദ്രോഹമായിത്തീരുക. വിദ്യാർത്ഥികളുടെ പഠനദിവസങ്ങൾ മുടക്കിക്കൊണ്ടുള്ള അനാവശ്യസമരങ്ങൾ ഒഴിവാക്കുവാൻ കോളേജ് യൂണിയൻ ശ്രദ്ധിക്കണം.

ജനാധിപത്യപരിശീലന കളരി എന്ന നിലയിൽ നമ്മുടെ കോളേജ് യൂണിയനുകൾ നിലനിൽക്കുകതന്നെ വേണം. പക്ഷേ ഇന്നത്തെ പ്രവർത്തന ശൈലി മാററുകയാണ് യൂണിയനുകൾ മെച്ചപ്പെടുത്താനുള്ള മാർഗം. കോളേജ് യൂണിയനുകളുടെ നിറം മങ്ങുകയാണെന്ന യാഥാർത്ഥ്യം മനസിലാക്കി പ്രവർത്തിക്കുവാൻ എല്ലാവരും തയ്യാറാവണം.

**പ്രിൻസ് എ. ഒ.**
ഒന്നാം വർഷ മലയാള സാഹിത്യം

# IF YOU WANT YOUR WIFE'S NAME....

SINDHU T. I.
Class III Mathematics

**TABLE I**

| | |
|---|---|
| A | 322 |
| B | 1495 |
| C | 1564 |
| D | 1311 |
| E | 2001 |
| F | 874 |
| G | 2254 |
| H | 1794 |
| I | 2093 |
| J | 437 |
| K | 1242 |
| L | 989 |
| M | 483 |
| N | 418 |
| O | 836 |
| P | 1045 |
| Q | 380 |
| R | 1748 |
| S | 1463 |
| T | 1881 |
| U | 741 |
| V | 1672 |
| W | 1102 |
| X | 1311 |
| Y | 1254 |
| Z | 247 |

**TABLE II**

| | |
|---|---|
| A | 14 |
| B | 65 |
| C | 68 |
| D | 57 |
| E | 87 |
| F | 38 |
| G | 98 |
| H | 78 |
| I | 91 |
| J | 19 |
| K | 54 |
| L | 43 |
| M | 21 |
| N | 22 |
| O | 44 |
| P | 55 |
| Q | 20 |
| R | 92 |
| S | 77 |
| T | 99 |
| U | 39 |
| V | 88 |
| W | 58 |
| X | 69 |
| Y | 66 |
| Z | 13 |

If you want your wife's name,

Write your name

Write the corresponding numbers from table 1

Write 1029, 4508, 3773, towards the left hand side of the numbers.
For example if your numbers are 483, 322, 418, 741, write it as
*1029, 4508, 3773, 483, 322· 418, 741*

Divide – the first three numbers by 49. Those corresponding first half of the alphabets (A to M) by 23 and the rest by 19 (F to Z)

Now replace the new numbers by the corresponding alphabets from table II

The result what you get is your wife's name.

# OH! MY MARGAREETA !!!

MARGAREETA:- A character in Goetha's "FOUST".
GRACHEN:- Pet name for FAUST Margareeta.
HE - In foust, foust is characterised as half human and half godly. That is why "He" is used. "MAN" mephostophiles.
NOTE:- In "Foust" foust characterised as semi manly and semi godly mephostophiles makes his wicked plan to lead him to hell as he represents "Satan" also. The Poetess analyses thease characters in her own view point. "Margareeta" Conquers over the inspirations and insinuations and fools mephostoPhiles and sacrifices her life to teach the world a lesson. The theame of "Foust" is taken from the drama "Tragical history of Dr. Foust" written by Cristopher marlow (before Elizabethan period)

In this foiled turmoiled world
Where I find a place so pure
When I turned the pages of life
I find you in the mirror of life
You, my Grachen, stands alone
Alone as I had stood
He the brute I may say
And you denied, it is sure
Oh ! Margareeta, why you cared life so much?
And gave your life for the sake of love.
Above the sky he flied
Even the heaven he reached
The 'Man' who took him along
Why you forgave him so
He was a man indeed
And all men should be like that
His heart was pure and filled with fury
Why and what you didn't ask
It is your fate margareeta, it's your fate
He plucked a wild rose once
And took its each petal soon
One for love, another is hate
People around us say it is dull
But, I know it was rare
Rare as my agate !
When you were in the goal
You lived on hay strips
But Grachen, you made it velvet
The 'Man' I may say
Helped him to untie the knot:
But you my soul
Fooled him and died
Died like that why ?
To teach a lesson for the world



SREEJA A. MENON
Ist Economics

# Captions....



" ബെററിയെന്താ ബെററിനുണ്ടോ ? ബെററിയ്ക്ക് റാങ്ക് കിട്ടില്ലെന്ന്." — SAIRA I P. D. C. IInd group

" Laughing gas's in the air " — ASHA PAUL. I B. A. English

" ഓ നില്പ് കണ്ടാൽ University V. C. ആണെന്ന് തോന്നുമല്ലോ; അതൊന്നുമല്ല, U. C. C. യുടെ Temporary V. C. മാത്രമാണ് " — SCARIA II D. C. Economics

" ഇതെന്താ കൂട്ടുകുടുംബമാണോ ? ഇവിടെ Family planning വിജയിച്ചെന്നാരു പറഞ്ഞു " — XAVI P. P. I Economics

" അല്ലാ എല്ലാവരും എന്താ കുതിരവട്ടത്ത് " — ANTO V. V. I P. D. C.

" അയ്യേ M. A. യിലെ ചേച്ചിമാരും ചെത്താൻ തുടങ്ങിയോ? " — ELDHOSE T. J. I P. D. C. III group

" ബെററി പ്രസംഗിക്കുമ്പോൾ ഞങ്ങൾ കൂകും sure. " " മോനേ എന്നാ കാണാം, മൈക്കിലൂടെ അതിലും വലിയ കൂകൽ ഞാനും കൂകും " — SANTHOSH P. S. II Economics

" എന്തിനാ ബെററി മണിയടിക്കുന്നേ, II M. A. യല്ലേ ? അടുത്ത കൊല്ലം ഇലക്ഷന് നിൽക്കാൻ പററില്ലല്ലോ " — YACOB P. V. III B. A. Economics

" ഓ എന്താത്? ഇതൊന്നും ഇവിടെ അനുവദിക്കില്ലട്ടോ, ' We have......... ' നമുക്കൊരു പാരമ്പര്യമുണ്ട്, നിങ്ങളതൊന്നും കളഞ്ഞു കുളിക്കരുത്ട്ടോ. " — SUNITHA RAJAN URUMBATH I P. D. C.

" മൂത്തോരെന്ന് പറഞ്ഞിട്ടെന്താ കാര്യം, ഒരു മൂളയുമില്ല. " — NIBY PAUL II D. C. Physics

" എന്താ എല്ലാവരും കൂടെ? ബസ്സ് കാശ് പിരിക്കാനായിരിക്കും. " — JISHA ABRAHAM I D. C. Physics

" എന്താ ഇവിടെ ആരും ചോദിക്കാനും പറയാനുമില്ലെന്ന് വിചാരിച്ചോ? " — SHINY PAUL II Malayalam

" ബോണെഴുതണമെന്ന് ഗുരുവായൂര് വല്ല വഴിപാടുമുണ്ടോ? " — SREEKUMAR G. II History

" എന്താ മോളെ ആ കാൻറീനിലെ പൈസ കൊടുത്തുകൂടെ, പത്തു പൈസ വേണമെങ്കിൽ ഞാൻ തരാം. " GIGI ELIAS II Economics

" ഇത്രം വെളിവില്ലാത്തോരാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ വോട്ടു ചെയ്യില്ലായിരുന്നു " JOY SEBASTIAN II Economics

Ist PRIZE

"ബെററിയെന്താ ബെററിനുണ്ടോ? ബെററിക്ക് റാങ്ക് കിട്ടില്ലെന്ന്" – SAIRA I P. D. C. IInd Group

# दहेज़-प्रथा

IBRAHIMKUTTY
II B A. History

विवाह के समय लड़की की ओर से लड़के को कु
रक़म आदा करने की प्रथा दहेज़-प्रथा कहलाती है
भारत के सामाजिक जीवन को जो बातें नरक बना रह
हैं, यह दहेज़-प्रथा उन में प्रमुख है ।

इस प्रथा का कोई क्रमिक इतिहास नहीं बताय
जा सकता । अनुमान और अनुभव से ही काम लिया ज
सकता है । धर्म-शास्त्रों में विवाह के समय कन्या-पक्ष क
ओर से वर को कन्या के साथ-साथ कुछ संपत्ति दी जा
का भी विधान है । ईसाई और मुसलमान समाज में भ
ऐसी ही प्रथा है । एक तरह से यह अच्छी बात है
विवाह के बाद दो नये प्राणी एक साथ मिलकर संसार या
करने लगते हैं । इसलिए दोनों के शुभेच्छु अपने आशी
के साथ कुछ लौकिक साधन भी दे देते हैं, ताकि उ
तकलीफ़ न हो । धर्मशास्त्र में कन्यादान के साथ-साथ संप
देने का जो विधान हैं, वह इसी मनोभावना का परिचाय
है । लेकिन यह मानोभावना बहुत दिनों तक इसी रूप
न रह पायी ।

जातियों, उपजातियों व प्रान्तों के अनुसार इसमें ब
परिवर्तन हो गये । किसी उपजाति में लडकियों की सं
अधिक हो गयी, किसी में लडकों की । किसी प्रान्त
लड़के अधिक हैं, किसी में लडकियाँ । परिणाम यह हु
कि जिस जाति या प्रांत में लडकियों की संख्या अधिक ह
वहाँ अधिक धन लडके को देने की प्रथा चल पडी । य
इसलिए कि लड़की छाती का पीपल न बनकर अपने घ
चली जाए । अपने सिर की बला टालने और लड़की क
सुखी रखने केलिए लोगों ने वर-पक्ष को अधिक से अधि
लोभ दिखाकर अपने क़ब्ज़े में करने की चेष्टा की । य
हाल जहाँ लड़कियों की संख्या कम थी, वहाँ लड़के वाल
का हुआ ।

यही बात आज बढ़ते-बढ़ते इस रूप में आ गयी है
जो हमारे सामने है । आज ये दोनों बातें पायी जाती हैं

लेकिन लडकीवालों की ओर से धन देने का सवाल ही अधिक दिखायी पड़ता है, लडकेवाले कहीं-कहीं ही धन देते हैं।

दहेज-प्रथा, के इस रूप ने विवाह को आत्मिक और शारीरिक संबन्ध न मानकर एक सौदा बना दिया है। जिनके घर में अच्छा लडका है वे उसके लिए अच्छी लडकी नहीं, अच्छी अच्छो रकम खोजते हैं। जिनके घर लडका नहीं है, लेकिन उनका कुल अच्छा है, उनकी नजर भी मोटे आसामी को ढूंढ़ती है। परिणामस्वरूप अच्छे जोडे नहीं मिलते। बहुत लड़कियाँ कुंआरी रह जाती हैं। कई तो बूढ़ो और अयोग्यों के गले मढ़ी जाती है, इससे अधिक करुणात्मक बात यह होती है कि बहुत-सी लडकियाँ आत्महत्या करके अपना दुखद जीवन ही समाप्त कर लेती है। बंगाल, उत्तरप्रदेश और मध्यप्रदेश में दहेज-प्रथा का ताण्डव अधिक दीख पडता है। इस दहेज-प्रथा के कारण जब अच्छे जोड़े नहीं मिलते, तब उनकी संपत्ति भी अच्छी नहीं होती, विधवाओं की संख्या बढ़ती है, सब तरह के दुराचार फैलते हैं। जो दहेज की बलिवेदी पर अपना बलिदान दे चुकी हैं, उनकी पूरी संख्या एकत्रित की जाए तो एक मोटी पोथी तैयार हो सकती हैं, जिसे पढ़कर पत्थर का कलेजा भी पिघले बिना नहीं रह सकता।

केवल स्त्रियाँ ही इस प्रथा के परिणामस्वरूप परेशान नहीं होती, पुरुषों को भी योग्य पत्नियाँ भी नहीं मिलतीं। वे भी इसी तरह परेशान होते हैं।

आज यह सिद्ध हो चुका है कि दहेज-प्रथा के कारण अनेक युवतियाँ जिनके खेलने-खाने के दिन हैं, जो संसार की मिट्टी पर सोने के महल खड़े कर सकती हैं, वीर माताएँ बनकर राष्ट्र का गौरव बढ़ा सकती हैं, असमय में आत्महत्या करने केलिए विवश होती हैं। अनेक युवक योग्य पत्नी के अभाव में निकम्में बन जाते हैं। फलत: योग्य संतति के अभाव में राष्ट्र का निर्माण नहीं हो पाता।

हैरानी की बात यह है कि कुछ लोग इस प्रथा का समर्थन इसलिए करते हैं कि यह एक धार्मिक विधान है। वे यह भी सोचने की तकलीफ नहीं उठाते कि मानव समज को धारण करनेवाली शक्ति का ही नाम धर्म है — वह सदा कल्याणकारी है। ऐसी कोई व्यवस्था धर्म की व्यवस्था नही हो सकती, जिससे समाज और राष्ट्र का-मानव जाति का कल्याण नहीं होता है। इस प्रथा का धार्मिक रूप इतना ही है, जितना कि मैंने ऊपर बताया है, इस बात से किसीको आपत्ति नहीं सकती।

यदि दहेज-प्रथा न होती, तो हमारा समाज उन्नत होता, दांपत्य जीवन की विषमता भी इतनी तेजो न होती। बूढ़ो को बार-बार ब्याह करने का मौका न मिलता। दहेज़ का सौदा न करके हमें इसे मिटा देने में भी किसी तरह की आनाकानी न होनी चाहिए। जब तक यह प्रथा इसी रूप में रहेगी, तब तक हमारा कल्याण नहीं हो सकता।

# ...Retire



**Dr. C. JOYCE MATHEW**

Dept. of Botany. Principal from 1985-'89. Retires leaving behind him years of dedicated service and a tradition of academic sincerity. One great quality that he never lacked was humility. May he have peace and joy wherever he goes; a harvest due for he had sown their seeds in plenty on our poor earth.

**Sri. KUNJATRAHMAN**



Attender in the Dept. of Physics Retires after 15 years of service. As the very name implies, he was 'child like'. He was always at others' disposal. A man who could win many hearts in silence, we wish the rest of his life will be peaceful and happy.



**Prof. T. M. MATHEW**

Dept. of History. Retired on 31st March 1990. As a teacher he was conscientious and industrious, qualities that are becoming rare in the academic world as elsewhere. He was a disciplinarian with a heart and a companion with a head. A self-made man. He fought battles of life with dignity and courage. We wish him well.

# We Wish....

















• *See Union Report for details*

## A SONG TO MY PRINCIPAL

On your retirement, I sing a song of praise to you
For your glorious years and sweetest days have past
(In this college)
Wish you many a joyous year to come.........
Your hands strove hard for moulding a generation

With "Honesty is the best policy" that you strictly followed
On your innocent character, adorns a beautiful
befitting nick name,
Which is hardly known to you (wonder why you shouldn't)
And can hardly ever hurt you

Like a tolerent mother - stamped on her breast by her child
You forgave us for all that we did
And our love and respect for you
Never was less

On some occasions, your words of advice
Inflamed in us the fire of inspiration
It takes us to the zenith of life.
Your presence may fade away but
Your spirit will linger in our minds.

With your parting; begins a new epoch
Still the learners strive to their destiny
Abreast with the newcomers and brighter years.

JOBY VARGHESE
II Maths

# എന്റെ സൈക്കിൾ യാത്രയിലെ അനുഭവങ്ങൾ

സൈക്കിളിന്റെ പെഡലിൽ കാലമർത്തി മുന്നോട്ടു നീങ്ങുമ്പോൾ മനസ്സുനിറയെ ആശങ്കയായിരുന്നു. എന്തൊക്കെയാണാവോ സംഭവിക്കുക? വഴിയാത്രക്കാർ എന്നെ നോക്കി മിഴിച്ചുനില്ക്കുന്നു. ബസ്സുകളിൽ നിന്നും തലകൾ എനിക്കുനേരെ തിരിയുന്നു. ഏതോ അപൂർവ്വ ജന്തുവിനെ കണ്ട ഭാവമാണ് പലരുടേയും മുഖത്ത്. ഇതിനിടെ പുറകിൽ നിന്നൊരു ശബ്ദം — ''അയ്യോ! ടയറിൽ കാറ്റില്ലല്ലോ?'' ഒരു 'സ്റ്റൈലൻ' ചെറുപ്പക്കാരൻ ഒന്നു തിരിഞ്ഞുപോലും നോക്കാതെ എന്നെ മറികടന്നുപോയി. എനിക്കുമൊരു സംശയം, ഇതുകേട്ടപ്പോൾ. അയാൾ കൺമുന്നിൽനിന്നും മറഞ്ഞപ്പോൾ ഞാൻ ഇരു ടയറുകളും പരിശോധിച്ചു. കുഴപ്പമില്ലെന്നുകണ്ടപ്പോഴേ ആശ്വാസമായുള്ളൂ. നാൽക്കവലയിലെത്തിയപ്പോൾ, പലരും സ്തംഭിച്ചു നിൽക്കുന്നതാണ് കണ്ടത്. അവരുടെയെല്ലാം കൂർത്തനോട്ടം കണ്ടപ്പോൾ ഞാനാകെ വിയർത്തുപോയി........മെല്ലെ സൈക്കിൾ ചവിട്ടി നീങ്ങുമ്പോൾ ഒരു ബാലൻ വിളിച്ചു പറയുന്നതുകേട്ടു — ''ആണ്ടെ ഒരു പെണ്ണ് സൈക്കിളിൽ പോണ്!'' പലർക്കും മനസ്സിൽ തോന്നിയത് വിളിച്ചുപറയാൻ, എട്ടുംപൊട്ടും തിരിയാത്ത ആ ബാലന്റെ നിഷ്കളങ്കതയ്ക്കേ കഴിഞ്ഞുള്ളൂ. പാലമെത്തിയപ്പോൾ ഒരു ട്രക്കറിന്റെ പുറകേ നീങ്ങി. യാത്രക്കാരുടെ മാത്രമല്ല, ഡ്രൈവറുടെപോലും കണ്ണു പുറകോട്ടാണ്. എന്റെ പിറകിലെ വണ്ടിയാണെങ്കിൽ നിർത്താതെ ഹോൺ മുഴക്കുന്നു. ഒരു വിധത്തിൽ അവിടെനിന്ന് രക്ഷപ്പെട്ട് മുന്നോട്ടു നീങ്ങുമ്പോൾ ഒരു ടെമ്പോയിൽ നിന്നൊരു കൂവൽ — ''അങ്ങ് സ്പീഡിൽ ചവിട്ട്.'' കോളേജിലെത്താൻ തിടുക്കപ്പെടുമ്പോൾ, ഒരു ബൈക്കിൽനിന്നൊരഭിനന്ദനം — ''നല്ല സ്റ്റൈലായിട്ടുണ്ട്ട്ടോ!'' കോളേജ്ഗേറ്റ് കടന്നപ്പോഴേ ആശ്വാസമായുള്ളൂ.

വിമൻസ്കോളേജായതുകൊണ്ട്, സ്റ്റാൻഡിൽ വച്ചിരിയ്ക്കുന്ന സൈക്കിളിന് കുഴപ്പമൊന്നും സംഭവിയ്ക്കില്ലെന്ന വിശ്വാസത്തോടെ ക്ലാസ്സിൽ പോയി. ഉച്ചയ്ക്ക് കാന്റീനിൽപോയപ്പോൾ കുറേ സ്കൂൾകുട്ടികൾ ഉച്ചത്തിൽ വിളിയ്ക്കുന്നു — ''സൈക്കിളേ, സൈക്കിളേ........'' തിരിഞ്ഞുനോക്കിയപ്പോൾ ആരും വിളിച്ചമട്ട് ഭാവിയ്ക്കുന്നില്ല. എല്ലാവരും ചിരി അടക്കാൻ ശ്രമിയ്ക്കുകയാണ്. ഒന്നുമറിയാത്ത ഭാവത്തിൽ ഞാനും തിരിഞ്ഞു നടന്നു. വൈകുന്നേരം വീട്ടിലേയ്ക്കു മടങ്ങുമ്പോൾ പുറകിൽ നിന്നെങ്ങോ ചൂളംവിളിപോലൊരു ശബ്ദം. ചെറുപ്പക്കാർ കൂക്കിവിളിയ്ക്കുന്നത് എന്നെയാണെന്ന് മനസ്സിലായപ്പോൾ ഞാനാകെ വിറച്ചുപോയി. എന്റെ വിളറിയ മുഖം കാണാൻ ആരും അടുത്തില്ലാതിരുന്നതു ഭാഗ്യം. പിന്നീട്, അടക്കാനാവാത്ത ദേഷ്യവും സങ്കടവും മൂലം സൈക്കിളിന് വേഗത കൂടിയതും വീടെത്തിയതും എങ്ങനെയെന്ന് ഞാനറിഞ്ഞില്ല. പിന്നീടും പലരും പലതും പറഞ്ഞിട്ടുണ്ടാകണം. പക്ഷേ ഞാൻ കേട്ടില്ല. ഇങ്ങനെയായിരുന്നു സൈക്കിളിൽ കോളേജിലേയ്ക്കുള്ള എന്റെ ആദ്യത്തെ യാത്ര. അന്നു ഞാൻ സെന്റ് സേവിയേഴ്സ് കോളേജിലെ ആദ്യവർഷ പ്രീഡിഗ്രി വിദ്യാർത്ഥിനി ആയിരുന്നു.

സൈക്കിളിൽ സഞ്ചരിയ്ക്കുന്നതുകൊണ്ട് പലപ്പോഴും പരിഹസിയ്ക്കപ്പെട്ടിട്ടുണ്ട്. ഒരു ദിവസം ക്ലാസ്സിലെത്താൻ അൽപം വൈകി. ഇളിഭ്യച്ചിരിയോടെ ക്ലാസ്സിന്റെ വാതിൽക്കൽ നിൽക്കുമ്പോൾ ടീച്ചറുടെ ചോദ്യം, — "എന്തുപറ്റിയെടോ? ടയർ പഞ്ചറായിപ്പോയോ?" ക്ലാസ്സിലുള്ളവർ ഒന്നടങ്കം ചിരിച്ചു, കൂടെ ഞാനും. പാഞ്ഞുപോകുന്ന വണ്ടികളിൽനിന്നും തെറിച്ചുവീഴുന്ന കമന്റുകൾ ധാരാളമുണ്ട്. പലതും ഇവിടെ എഴുതാൻ കൊള്ളാവുന്നവയുമായിരിക്കും. പറഞ്ഞുതീരുംമുമ്പേ ഈ മനുഷ്യന്മാർ അപ്രത്യക്ഷരാവുകയാണ് പതിവ്. ഒരിയ്ക്കൽ പതിവുപോലെ രാവിലെ പോകുമ്പോൾ ഒരാളുടെ സഹതാപം സ്ഫുരിക്കുന്ന വാക്കുകൾ — "നിന്നെയൊക്കെ ആരു കെട്ടുമെടീ?" എന്റെ കാര്യത്തിൽ ഇദ്ദേഹത്തിന് എന്റെ വീട്ടിലുള്ളവരേക്കാളും ഉൽകണ്ഠ!

പലപ്പോഴും പലരും എന്നെ ഓർത്തിരിക്കുന്നത് 'സൈക്കിൾ' എന്ന പേരിലാണ്. ഒരിക്കൽ എന്റെ കൂട്ടുകാരി ലിസിയോടൊപ്പം ടൗണിൽ ഷോപ്പിങ്ങിനു പോയി. അവിടെ ഞങ്ങളുടെ കോളേജിൽത്തന്നെ

പഠിക്കുന്ന ലിസിയുടെ കൂട്ടുകാരിയെ കണ്ടു. ലിസി ചോദിച്ചു ''ഇയാളെ അറിയില്ലേ?'' എന്റെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കിയിട്ട് ആ കുട്ടി പറഞ്ഞു– ''ഇയാളെ എനിക്കറിയാം, നമ്മുടെ സൈക്കിളല്ലേ.'' കോളേജിലെ മിക്ക അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്നെ നല്ല പരിചയമാണ്. സൈക്കിൾ എന്റെ 'ഐഡന്റിറ്റി'യുടെ ഭാഗമായതോടെ പരിചയപ്പെടൽ വളരെ എളുപ്പവുമാണ്.

മിഡ്ഡ് കോളേജിൽ ആദ്യമായി പോകുമ്പോൾ സൈക്കിളിൽ– പ്പോകാൻ വലിയ പേടിയായിരുന്നു പേടിച്ചതുപോലെ ഒന്നും സംഭവിച്ചില്ലെങ്കിലും ആൺകുട്ടികളുടെ അസ്വസ്ഥത വ്യക്തമായിരുന്നു. എന്റെ സീനിയേഴ്സിന്റെ ഈ അസ്വസ്ഥത 'വെൽക്കം പാർട്ടിയ്ക്ക്' പുറത്തുവരികയുംചെയ്തു. പരിചയപ്പെടലിന്റെ സമയത്ത് 'നിരുപദ്രവ'മായ ഒരഭ്യർത്ഥന — ഈ കോളേജിന്റെ മുമ്പിലെ കയറ്റം എങ്ങനെയാണ് ഉന്തിക്കയറ്റുന്നത് എന്ന് ഒന്നുകാണിയ്ക്കാമോ? ചേച്ചിമാർക്ക് പഠിയ്ക്കാനാണ്.'' ആകെ വിറച്ചുപോയ ഞാൻ ഒരു വിധത്തിൽ ധൈര്യം സംഭരിച്ച് പറഞ്ഞു — ''അതിന് സൈക്കിൾ വേണം.'' ഉടൻ മറുപടിയും വന്നു — ''സൈക്കിൾ ഉണ്ടെന്ന് 'സപ്പോസ്' ചെയ്താൽമതി.'' അത് ശരിയാവില്ലെന്നുപറഞ്ഞ് ഞാൻ അനങ്ങാതെ നിന്നു. ഭാഗ്യവശാൽ കണ്ണുനിറയുന്നതിനുമുൻപ് അവിടെ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞുവെന്നുമാത്രം.

ഞാൻ കോളേജിന്റെ മുന്നിലെ കയറ്റം ഉന്തിക്കയറ്റുമ്പോൾ പലർക്കും നാവടക്കാൻ കഴിയില്ല. ഒരു ദിവസം എവിടെനിന്നോ ഒരു ശബ്ദം — ''ഏലയ്യാ ഏലയ്യാ... ....'' ശ്രദ്ധിച്ചപ്പോൾ മനസ്സിലായി അവിടത്തെ ഒരു കടയിൽ നിന്ന് കുറേപ്പേർ എന്നെ സഹായിക്കാൻ ശ്രമിക്കുകയാണ്. വേറൊരിക്കൽ ഒരു വൃദ്ധന്റെ അഭിപ്രായം — ''എന്തിനാ മോളേ ഇങ്ങനെ ഉന്താണെ. അതങ്ങ് ചവിട്ടിക്കയറ്റ്''. പലരും ഇങ്ങനെ പരിഹസിച്ചപ്പോൾ ഞാൻ ഒരിക്കൽ ചവിട്ടിക്കയറാൻതന്നെ തീരുമാനിച്ചു. വിയർത്തൊലിച്ച് മുന്നോട്ട് നീങ്ങുമ്പോൾ ഒരാൾ ആശംസിച്ചു — അങ്ങനെ ചവിട്ടടീ, മുറുകെച്ചവിട്ട്. വണ്ടി നീങ്ങട്ടെ.''

വെറുതേ പോകുമ്പോൾതന്നെ ആൾക്കാർക്ക് കൗതുകം. അപ്പോൾപ്പിന്നെ അമളി പറ്റിയാലോ? ഒരിക്കൽ ഞാനെന്റെ അമ്മാവന്റെ വീട്ടിലേക്കുപോകുകയായിരുന്നു. അവരുടെ വീടിനടുത്ത് ഇറക്കത്തോടൊപ്പം ഒരു വളവുമുണ്ട്. വളവുതിരിഞ്ഞപ്പോഴാണ് കേബിളിടാൻ കുഴിച്ചിരുന്ന കുഴി കാണുന്നത്. എന്തുചെയ്യണമെന്ന് ആലോചിയ്ക്കേണ്ടി വന്നില്ല. അതിനുമുമ്പുതന്നെ വീണുകഴിഞ്ഞിരുന്നു. ആദ്യം പൊട്ടിക്കരയാനാണു തോന്നിയത്. പരിസരബോധം വന്നപ്പോൾകണ്ടു, വഴിയിലുള്ളവർ എന്നെ നോക്കി ആർത്തു ചിരിക്കുന്നു. സങ്കടം ഒതുക്കി, പിടഞ്ഞെണീറ്റ് സൈക്കിൾ പൊക്കി. കുഴപ്പമൊന്നുമില്ലെന്നു കണ്ടപ്പോൾ എല്ലാവരേയും നോക്കി ഒരു വിഡ്ഢിച്ചിരിയും ചിരിച്ച് സ്ഥലം വിട്ടു. മറ്റൊരിയ്ക്കൽ കോളേജിലെത്താൻ ഞാൻ വേഗത്തിൽ പോവുകയായിരുന്നു. പാലമെത്തിയപ്പോൾ അവിടെ ട്രാഫിക് 'ബ്ലോക്ക്', ഒരാന കടന്നു പോകുന്നുവത്രേ. ധൃതിയിൽ ഫുട്പാത്തിലേയ്ക്ക് തിരിച്ചുകടക്കുമ്പോൾ ഒരു കോൺക്രീറ്റ്ബാറിൽത്തട്ടി ഞാനും സൈക്കിളും റോഡിനു നടുവിലേയ്ക്ക്! പരുക്കുകൾ സാരമാക്കാതെ സൈക്കിൾ പൊക്കിയപ്പോൾ 'ഹാൻഡിൽ' വല്ലാതെ വളഞ്ഞിരിയ്ക്കുന്നു. 'ഹാൻഡിൽ' നേരെയാക്കുക എന്നതൊരഭ്യാസം തന്നെയാണല്ലോ. ചുറ്റും നോക്കിയപ്പോൾ അമ്പരന്നുപോയി. ആനയുടെ നേർക്കായിരുന്ന കണ്ണുകളെല്ലാം ഇപ്പോഴെന്റെ നേർക്കാണ്. ഒരു കണക്കിന് ക്ലാസ്സിൽച്ചെന്നപ്പോൾ കൂട്ടുകാരിയുടെ ചോദ്യം ''താൻ ആനയെക്കണ്ടു മറിഞ്ഞു വീണെന്നു കേട്ടല്ലോ, വല്ലതും പറ്റിയോ?'' ഞാൻ മറുപടിയൊരു ചിരിയിലൊതുക്കി. വേറൊരിയ്ക്കൽ കോളേജിൽനിന്നു പോരുമ്പോൾ ആരോ എന്റെ ഷോളിൽ പിടിച്ചു വലിയ്ക്കുന്നതുപോലെ തോന്നി. കാര്യമറിയുന്നതിനുമുമ്പേ ഞാൻ റോഡിലേയ്ക്ക് വീണു. അപ്പോഴാണ് മനസ്സിലായത് എന്റെ ഷോൾ ചക്രത്തിനിടയിൽപ്പോയെന്ന്. ഷാളും ചക്രവുമായി കുറച്ചുനേരം ഞാൻ വട്ടംകറങ്ങി'. ചുറ്റുമുള്ളവർ ഉറക്കെ ചിരിച്ചതല്ലാതെ സഹായിക്കാനെത്തിയില്ല. ഒരപ്പൂപ്പൻ വന്ന് ഷോൾ പതുക്കെ വലിച്ചെടുത്തു. എന്നിട്ട്, എന്നോടു പറഞ്ഞു 'എനിക്ക് നേരത്തേ തോന്നിയതാ സൂക്ഷിയ്ക്കണേ.' ഞാൻ പറയുന്നതിനുമുൻപുതന്നെ വീട്ടിൽ എല്ലാവരുമിതറിഞ്ഞിരുന്നു.

എന്തായാലും, എതിർപ്പുകളെ അവഗണിയ്ക്കുന്നതിനും, ആത്മനിയന്ത്രണശീലം വളർത്തുന്നതിനും എന്റെ സൈക്കിൾ യാത്ര എന്നെ ഏറെ സഹായിച്ചിട്ടുണ്ട്.

**ELIZABETH JOSHUA AMPATTU**
II. D· C. Physics.

# my wish

SAPNA RAVINDRAN
Class I English

I wish I were a butterfly,
For towards every flower, I could fly.
And upto the blue sky; with my wing,
Without fear - I would sink.

Even now I find lovely daffodils calling
"What a pity!" all flowers are falling
I wanna taste from every flower its honey
And today's life is not funny.

I would visit Bluebells, Marigold, Poppy and pancy
As they have always gained much of my fancy.
Pretty in that gold little frock,
An occasional wash from tiny little dewdrop.

Grasses and lawns and the sweet forget me not
Oh! I can never resist them all.
Dancing and glancing and sliding and dipping
I shall see my very small life slipping.

★

"FOR EVERYTHING IN TEXTILES"



FASHION FABRICS
TRICHUR

# ശാസ്ത്രലോകത്തിന്
# * ഭാരതം നൽകിയ സംഭാവന *

വൈദേശീയ ശക്തികളുടെ ആക്രമണത്തിന്റെയും, ആധിപത്യത്തിന്റെയും ഫലമായി ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിന് മങ്ങലേററു. ഇംഗ്ലീഷുകാരുടെ വിദ്യാഭ്യാസനയവും, ചരിത്രനിർമ്മാണവും ഭാരതത്തിന്റെ ശാസ്ത്ര ഗവേഷണ നേട്ടങ്ങളെ താഴ്ത്തിക്കാട്ടുന്നതായിരുന്നു. എന്നാൽ സ്വതന്ത്രഭാരതം അവളുടെ പൂർവ്വകാലവൈഭവം വെളിച്ചത്തുകൊണ്ടുവരാൻ മടിച്ചില്ല. പൗരാണിക-സാംസ്കാരിക ഭാരതം ശാസ്ത്രലോകത്ത് ഒരു അത്ഭുതമായിരുന്നു. വ്യാസൻ മഹാഭാരതത്തിൽ,

യദിഹാസ്തി തദന്യത്ര
യന്നേ ഹാസ്തി നതൽ കാചിൽ

എന്നുവരെ പറയുന്നു. ശാസ്ത്രസാങ്കേതികരംഗത്ത് ഭാരതത്തിന്റെ ചുരുക്കം ചില നേട്ടങ്ങളെക്കുറിച്ച് പറയാം.

ശാസ്ത്രലോകത്തിന് ഭാരതത്തിന്റെ സംഭാവന 'ശൂന്യ' മാണെന്ന് പറയപ്പെടുന്നു. എന്നാൽ, പൂജ്യത്തിന്റെ വിലയെക്കുറിച്ച് അധികം പറയേണ്ടതില്ലല്ലോ. ഇന്ന് കമ്പ്യൂട്ടർരംഗത്ത് ഉപയോഗിക്കുവാൻ ഏററവും അനുയോജ്യമായ ഭാഷ സംസ്കൃതമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഗണിതശാസ്ത്രരംഗത്ത് ആര്യഭടന്റെ 'ആര്യഭടീയം' എന്ന ഗ്രന്ഥം ഒരു അമൂല്യസംഭാവനയാണ്. വൃത്തപരിധി, വർഗ്ഗമൂലം, ക്യൂബ്റൂട്ട് ഇവയും, ഇന്ന് ഉപയോഗിക്കുന്ന π യുടെ വിലയും ഇതിൽ വിശദീകരിക്കുന്നുണ്ട്. പഞ്ചസിദ്ധാന്തത്തിന്റെ കർത്താവായ വരാഹമിഹിരൻ ഭൂമിയെ തേററയിൽ ഉയർത്തിയ വരാഹത്തിന്റെ തേററയുടെ വലുപ്പം കണക്കാക്കുവാൻ ശ്രമിച്ചതായി പറയുന്നു. ഭൂകമ്പശാസ്ത്രത്തെക്കുറിച്ചും അദ്ദേഹം തന്നെ പറയുന്നുണ്ട്. 20 അക്കങ്ങളുള്ള സംഖ്യകൾ ഭാരതത്തിലല്ലാതെ വേറൊരു രാജ്യത്തും കാണുവാൻ സാധ്യമല്ല. പുരി ശങ്കരാചാര്യരുടെ "വേദിക് മാത്തമാറ്റിക്സ്" ഭാരതത്തിന്റെ മറെറാരു സംഭാവനയാണ്. ഇതിൽ കേവലം 16 മന്ത്രങ്ങൾകൊണ്ട്, കമ്പ്യൂട്ടറിനുപോലും ചെയ്യാനാവാത്ത കണക്കുകൾ ചെയ്യുവാൻ സാധ്യമാണെന്ന് കാണാം. ഉദാ: അഞ്ചിൽ അവസാനിക്കുന്ന സംഖ്യകളുടെ വർഗ്ഗം കാണാൻ 'ഏകാധികേനപൂർവ്വേണ' എന്ന മന്ത്രം ഉപയോഗിക്കാവുന്നതാണ്.

ഏററവും വിഷമേറിയ ലോഹമാണ് മെർക്കുറി. എന്നാൽ ചില രാസപ്രക്രിയകൾക്ക് വിധേയമായ മെർക്കുറി മരുന്നായി ഉപയോഗിക്കാമെന്ന് നാഗാർജ്ജുനൻ കണ്ടുപിടിച്ചു. കാളിദാസൻ 'കുമാരസംഭവ' ത്തിൽ ജലകണങ്ങളിൽ തട്ടുന്ന സൂര്യകിരണങ്ങൾക്കുണ്ടാകുന്ന വർണ്ണവിപര്യയത്തെക്കുറിച്ച് പറയുന്നു. ഇത് തന്നെയല്ലേ പ്രിസത്തിലൂടെ ഇന്ന് ദർശിക്കുന്നതും. ന്യൂട്ടൻ ഗുരുത്വാകർഷണസിദ്ധാന്തം കണ്ടുപിടിക്കുന്നതിനുമുൻപേ ഭാസ്കരാചാര്യൻ ഇതിനെക്കുറിച്ചും, കാൽകുലസ്, ത്രികോണമിതി ഇവയെക്കുറിച്ചും പറയുന്നുണ്ട്. സിമന്റ് കണ്ടുപിടിക്കുന്നതിനുമുൻപുതന്നെ ഭാരതത്തിൽ അതിലേക്കാൾ ഉറപ്പുള്ള 'വജ്രസംഘാതം' ഇതിനു പകരമായി ഉപയോഗിച്ചു.

KRISHNADAS P. NAIR
I B. A. Economics

ആയുധ നിർമ്മാണരംഗത്ത് ശതാനികന്റെ സംഭാവനകൾ ചെറുതല്ല. കപ്പൽനിർമ്മാണം ഭോജന്റെ നേതൃത്വത്തിൽ പണ്ടേ നടന്നിരുന്നു. എന്നാൽ, അവർ ആണിക്കുപകരമായി നൂലാണ് ഉപയോഗിച്ചിരുന്നത്. ശാസ്ത്രലോകത്തിന്റെ പുത്തൻ സംഭാവനയാണല്ലോ ദൂരദർശൻ. എന്നാൽ ഭാരതത്തിന് ഇത് പുത്തരിയല്ല. ഹസ്തിനപുരത്തിലിരുന്ന് സഞ്ജയൻ കുരുക്ഷേത്രത്തിൽ നടക്കുന്ന യുദ്ധരംഗങ്ങൾ വർണ്ണിച്ചത് ദൂരദർശന്റെ

പഴയ പതിപ്പല്ലേ!. ആദികാവ്യമായ രാമായണത്തിൽ തന്നെ വിമാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

വൈദ്യശാസ്ത്രരംഗത്ത് ഭാരതം ഒരു അത്ഭുതമാണ്. ചരകന്റെയും, സുശ്രുതന്റെയും സംഭാവനകൾ ഇതിന് മാററുകൂട്ടുന്നു. സുശ്രുതൻ 1120 രോഗങ്ങൾക്ക് പ്രതിവിധിയായ ശസ്ത്രക്രിയകളെക്കുറിച്ചും, 121 തരം ഉപകരണങ്ങളെക്കുറിച്ചും പറയുന്നു. അദ്ദേഹം മസ്തിഷ്ക ശസ്ത്രക്രിയകളും, പ്ലാസ്ററിക് സർജറിപോലുള്ള ചികിൽസകളും നടത്തിയിരുന്നു. വില്യം ഹാർവി രക്തചംക്രമണം കണ്ടുപിടിക്കുന്നതിന് 500 വർഷം മുമ്പുതന്നെ ഭാവമിത്രൻ ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു. ആയുർവ്വേദത്തിൽ ധന്വന്തരിയുടെ സംഭാവനകൾ ചെറുതല്ല. എയ്ഡ്സിനുപോലും ആയുർവ്വേദത്തിൽ മരുന്നു നിർദ്ദേശിക്കുന്നുണ്ട്. ഇന്ന് ടെസ്ററ്യൂബു ശിശുക്കൾ അത്ഭുതമാണ്. പക്ഷെ, മഹാഭാരതത്തിൽ വ്യാസന്റെ ദിവ്യമന്ത്രത്താൽ 100 പുത്രൻമാരും ഒരു പുത്രിയും ജനിച്ചത് കുടത്തിൽ നിന്നാണെന്ന് പറയുന്നു.

ഇത്തരത്തിലുള്ള ഭാരതത്തിന്റെ ഒട്ടനവധി സംഭാവനകളെക്കുറിച്ച് നാം ഇന്ന് അജ്ഞരാണ്.


# KAMCO

The No. 1 Power Tiller

Manufactured by:

**KERALA AGRO MACHINERY CORPN. LTD.**

ATHANI - 683 585

ERNAKULAM DISTRICT

# To My Heart

Roll on, my heart;
Warm others;
Though I am gone,
Weep not for me.

I love you!
So stop not after me,
But continue to give love
To others, when I am gone.

Convey to all my friends
That I had truly loved them deep.
They knew not of me,
And complained of me, often

Only to you had I ever,
Conveyed my heart revelations
And it was only you
That ever loved me deep.

You alone were my comrade,
Who shared all my adventures
And advised my fedlings,.
Too truly and sincerely.

Roll on, my heart
With the bond between us.
Telling the intimacy between us,
Show me not as a brute.

For many name me a brute,
In the field of friendship.
Being a part of me,
Kindly tell them the real me.

You are my only comrade
And my very life itself.
Therefore, kindly roll on, my heart
With the truth of the real me.




ˌEETHA K.
VASUDEVAN
IInd English



ˌest Compliments:-

SAJEEVA PHARMACY

ALWAYE [H. O.]

# Views...

# ....On Communism



Recent months have been months of turbulence. Eastern Europe, China and even the U S S R have been rocked by violent political turmoil. The white heat of political passions seems to have diffused the aura of infallibility around the ideology of communism.

What is the future of communism?

— Theorists, Ideologues, Politicians, Scholars and even Governments continue to be preoccupied with the question. Yet the question can hardly be contained within the intellectual sphere. The magnitude of the events has jolted the people at large. There is concern everywhere.

Is Communism dying?

— The question was put to people around us, and short responses sought from them. Responses of this nature can hardly be conclusive. Yet, these Project a limited sampling of popular reaction to global events.

# The Question Was Put to..........

MIKHAIL GORBACHEV-President U. S. S. R.

POPE JOHN PAUL II-Head of R. C. Church

GEORGE BUSH-President U. S. A.

Dr. U. R. ANANTHA MOORTHY-V. C.; M. G. University

E. M. S.-All India General Sectry. C P I (M)

A. K. ANTONY-K. P. C. C. President

PRINCIPAL

ASSOCIATION SECRETARIES

HEADS OF DEPARTMENTS

POLITICAL UNIT SECRETARIES (Staff and Students)

LEADERS N. C. C; N. S. S.

HOSTEL SECRETARIES

NON TEACHING STAFF etc..........

Conducted by - RAJENDRAN K. M.
Associate Editor

**MIKHAIL GORBACHEV**



President; U. S. S. R.

" മൌലിക പരിഷ്കാരങ്ങളുടെ പാതയിലൂടെ പ്രയാണമാരംഭിച്ച സോഷ്യലിസ്റ്റ് രാജ്യങ്ങൾ പഴയതിലേക്കുള്ള തിരിച്ചുവരവ് അസാധ്യമാക്കുന്ന അതിർത്തിരേഖ കടന്നുകഴിഞ്ഞു. ഇതു പക്ഷേ, പാശ്ചാത്യ ശക്തികൾ വ്യാഖ്യാനിക്കുന്നതുപോലെ സോഷ്യലിസത്തിന്റെ തകർച്ചയിലും ഇതുവരെ അജ്ഞാതമായ മേഖലകളിലും രൂപത്തിലും സോഷ്യലിസ്റ്റ് പ്രസ്ഥാനം വികസിക്കുമെന്നാണിതിന്റെ അർത്ഥം. ശീതസമരത്തിൽ മുതലാളിത്തം ജയിച്ചതിൽ സന്തോഷിക്കാനുള്ള അവകാശം കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രചാരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നമുക്ക് വിട്ടുകൊടുക്കാം. സത്യത്തിന്മേലുള്ള കുത്തകാവകാശം ഞങ്ങൾ കയ്യൊഴിഞ്ഞു. ചെയ്യുന്നതെല്ലാം ശരിയാണെന്നോ അഭിപ്രായവ്യത്യാസമുള്ളവരെല്ലാം ശത്രുക്കളാണെന്നോ ഉള്ള ചിന്ത ഇന്നു ഞങ്ങൾക്കന്യമാണ്. ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായി നവരൂപവല്ക്കരണം നടത്താനും, സാഹചര്യങ്ങൾക്കിണങ്ങുന്ന എല്ലാം സ്വീകരിച്ച് സംസ്കാരം വളർത്താനും ഞങ്ങൾ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്."

**POPE JOHN PAUL II**

" ലോകജനതയുടെ ഭാവി നിർണ്ണയിക്കുന്നത് ദൈവമല്ല വൈരുദ്ധ്യാത്മിക ഭൗതിക വാദമാണെന്ന മാർക്സിന്റെ പ്രവചനം തെറ്റാണെന്ന് തെളിഞ്ഞു. ആത്മാവും മരണാനന്തര സൌഭാഗ്യവും വേണ്ടെന്നുവയ്ക്കുന്നവരെപ്പോലും തൃപ്തിപ്പെടുത്താൻ കമ്മ്യൂണിസത്തിനു കഴിവില്ല. മുതലാളിത്വത്തിന്റെ ഉന്മൂലനം വഴി സൃഷ്ടിക്കാവുന്ന 'ഭൗമിക പറുദീസാ'യെപ്പറ്റിയുള്ള മാർക്സിന്റെ സ്വപ്നം വെറും പേക്കിനാവാണെന്ന് അനുഭവം തെളിയിച്ചു. വ്യക്തികളുടേയും സമൂഹത്തിന്റേയും മേലുള്ള ശാശ്വതമായ അധികാരം ദൈവത്തിനുമാത്രം അവകാശപ്പെട്ടതത്രെ. മനുഷ്യനെ ആദരിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിനും അത്തരമൊരു അധികാരം തങ്ങൾക്കുമുണ്ടെന്ന അവകാശ വാദവുമായി മുന്നോട്ടുപോകാനാവില്ല. ഈ വസ്തുത കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങൾ അംഗീകരിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ അപ്രത്യക്ഷമാകുന്നത് കമ്മ്യൂണിസം (സോവിയറ്റ് ഭരണഘടന:- 6-ാം വകുപ്പ്) തന്നെയായിരിക്കും. "



Head; R. C. Church

**GEORGE BUSH**



president; U. S. A.

" A new breeze is blowing. and a world refreshed by freedom seems reborn. The day of the dictator is over. The totalitarian era is passing its ideas blown away like leaves from an ancient lifeless tree.... Great nations of the world are moving towards democracy—through the door to freedom. Men and women of the world move towards free markets—through the door to prosperity. The people of the world agitate for free expression and free thought-through the door to *the moral* and *intellectual* satisfactions that only liberty allows. We know what works. Freedom works. We know what's right: Freedom is right. We know how to secure a more just and prosperous life for man on earth. Through free markets, free speach, free elections, and the exercise of free will unhampered by the state ..... For democracy belongs to all of us and freedom is like a beautiful kite that can go higher and higher with the breeze "

**U. R. ANANTHAMOORTHY**



V. C.; M. G. Universit/

"മനുഷ്യ പ്രകൃതിയെ മനസ്സിലാക്കാൻ മാർക്സിസത്തിനു കഴിഞ്ഞില്ല. മതങ്ങൾ ഉടലെടുത്തതും തഴച്ചുവളർന്നതും മനുഷ്യപ്രകൃതിയുടെ പ്രത്യേക സ്വഭാവത്തെക്കുറിച്ചുള്ള ആഴമായ ഉൾക്കാഴ്ചയോടുകൂടിയാണ്. മാർക്സിസ്റ്റ് സാമൂഹ്യ സമത്വവാദമാകട്ടെ, അത്തരമൊരു ഉൾക്കാഴ്ചയിൽ അടിത്തറയിട്ട് പണിതുയർത്തിയ ഒരു പ്രത്യയശാസ്ത്രമല്ല. മനുഷ്യചേതനയുടെ സമ്പൂർണ്ണതയ്ക്ക് ഭൗതികവസ്തുക്കൾ മാത്രം പോരെന്ന് ഗ്രഹിക്കാൻ മാർക്സിനായില്ല. അദ്ദേഹത്തിന്റെ മനുഷ്യദർശനത്തിന്റെ ഏറ്റവും വലിയ പോരായ്മ അതായിരുന്നു. മാർക്സ് വിഭാവനംചെയ്തതുപോലുള്ള വർഗ്ഗസമരത്തിലൂടെ ഏതെങ്കിലും രാജ്യത്ത് കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ വ്യവസ്ഥിതിയിലേക്ക് അധികാരക്കൈമാറ്റം നടന്നിട്ടുണ്ടോ എന്നു സംശയമാണ്. കേരളം ഒന്നാംതരം ഉദാഹരണമാണ്. ഇവിടെ മാർക്സിസ്റ്റുകാർ അധികാരത്തിൽ വന്നത് ഒരു വർഗ്ഗസമരത്തിലൂടെയല്ല; ഒരു പ്രത്യേകതരം പ്രായോഗികമായ ഒത്തുതീർപ്പിലൂടെയാണ്........"

**A. K. ANTONY**



President; K. P. C. C. [I]

" മാർക്സിന്റെ സാമ്പത്തികശാസ്ത്രവും, രാഷ്ട്രീയസിദ്ധാന്തവും അബദ്ധജടിലമാണെന്നും തെറ്റുകൾ തിരുത്തി മാർക്സിസം പുനഃസംഘടനക്ക് വിധേയമാകുന്നില്ലെങ്കിൽ കമ്മ്യൂണിസത്തിന്റെ പ്രസക്തി നഷ്ടപ്പെടുമെന്നും കിഴക്കൻ യൂറോപ്പിലേയും റഷ്യയിലേയും സംഭവപരമ്പരകൾ വിളിച്ചുപറഞ്ഞിരിക്കുന്നു. ഹെഗലിന്റെ വൈരുദ്ധ്യാത്മിക ഭൗതികവാദവും മാർക്സിന്റെ വർഗ്ഗസമര സിദ്ധാന്തങ്ങളും ശരിയല്ലാതായിത്തീർന്നിരിക്കുന്നു. മൂലധനത്തെപ്പററിയും ചൂഷണത്തെപ്പററിയുമുള്ള പ്രബോധനങ്ങൾക്ക് ഇളക്കം തട്ടി. സാമൂഹിക വൽക്കരണവും തൊഴിലാളിവർഗ്ഗസർവ്വാധിപത്യവും കടങ്കഥയായി മാറി. ഇതിന്റെയൊക്കെ ഫലമായി ലോക കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ സ്റ്റാലിനിസത്തിൽനിന്ന് മുക്തി നേടി ജനാധിപത്യവൽക്കരണത്തിലേക്കും വ്യക്തിസ്വാതന്ത്ര്യത്തിലധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥിതിയിലേക്കും മാറുകയാണ്. "

**E. M. S. NAMBOOTIRI**



All India General Secretary
C P I [M]

" .......ഒരു വിപ്ലവത്തെത്തുടർന്ന് രൂപംകൊള്ളുന്ന സാമൂഹ്യ വ്യവസ്ഥിതി പിന്നീട് പഴഞ്ചനായിത്തീരുന്നു. അപ്പോൾ പുതിയ ഒരു വിപ്ലവം വേണ്ടിവരുന്നു. അത് പഴഞ്ചനാകുമ്പോൾ മറ്റൊന്ന്. ഇങ്ങനെ തുടർച്ചയായി നടക്കുന്ന വിപ്ലവങ്ങളിലൂടെയാണ് സമൂഹം പുരോഗമിച്ചിട്ടുള്ളത്.......കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങളെ നിരീക്ഷിച്ച്, കമ്മ്യൂണിസം കാലയവനികക്കുള്ളിൽ മറഞ്ഞുകഴിഞ്ഞുവെന്ന് അട്ടഹസിക്കുന്നവർ ചരിത്രയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ ചന്ദ്രഹാസമിളക്കുകയാണ് ചെയ്യുന്നത്. എന്നൊക്കെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ, അന്നൊക്കെ പൂർവ്വാധികം ശക്തിയോടെ ഉയർത്തെഴുന്നേററിട്ടേ ഉള്ളൂ. "

**Dr. C. Joyce Mathew**



Principal (Dept. of Botany)

"The recent events in the Soviet Union, China and the East European countries have proved beyond doubt that communism cannot solve the problems of man. No doctrine can succeed unless it meets the requirements of the body and mind of man. In communism, emphasis is given to the material needs of man while his basic needs like freedom of expression and his personal dignity are ignored. Gorbachev has realised this aspect and through 'Perestroika' and 'Glasnost' he is trying to bring back these basic needs of man. In the communist nations, state is in control of everything and private ownership is discouraged. Therefore, there is no motivation on the part of individuals for hard work and for the progress of the country as a whole. On the other hand, in democratic nations, more freedom is available to individuals and private ownership is encouraged. Even inj the democratic nations, when compared with the private sector, public sector enterprises are not very successful. It has been proved beyond doubt that where individual freedom is allowed, there is more economic progress. A comparison of the economic progress of West Germany with East Germany is a clear evidence of this fact. To me it seems that, atleast for the time being, communism is facing extinction.""

**Prof. B. T. Joy**



"ഇരുപതാം നൂററാണ്ടിന്റെ പ്രത്യാശയായിട്ടാണ് കമ്മ്യൂണിസം കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ കമ്മ്യൂണിസ്ററ് തത്വസംഹിതയുടെ പ്രായോഗികതയെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള സംഭവപരമ്പരകളാണ് സമീപകാലങ്ങളിൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ നാം കണ്ടത്. ജനാധിപത്യവും സ്വാതന്ത്ര്യവും കമ്മ്യൂണിസവും സംയോജിപ്പിച്ചുകൊണ്ടുപോവുക അസാദ്ധ്യമാണെന്നു തെളിയിക്കപ്പെട്ടു. വരുംകാലങ്ങളിൽ കമ്മ്യൂണിസത്തിനു നിലനില്ക്കണമെങ്കിൽ സമൂലമായ മാററങ്ങൾ വരുത്തേണ്ടിയിരിയ്ക്കുന്നു."

Member, Senate
M. G. University
Secretary, P. C. T. A

**Prof.
Joy Job Kulavelil**



Member, Syndicate
M. G. University

"കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ കമ്മ്യൂണിസത്തിന് തിരിച്ചടിയുണ്ടായി എന്നുള്ളത് സത്യമാണ്. ഇതിന് മുഖ്യകാരണം ഭരണീയരുടെ ഇച്ഛക്കനുസരിച്ച് കാര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ ഭരണക്കാർക്ക് പററിയ പാളിച്ചകളാണ്.

എന്നാൽ ഒരു പ്രത്യയ ശാസ്ത്രത്തിന്റെ പ്രയോഗത്തിൽ വന്ന പാളിച്ചകൾ പെരുപ്പിച്ച് പ്രത്യയശാസ്ത്രം തന്നെ കഥാവശേഷമായി എന്ന് പ്രചരിപ്പിക്കുന്ന തിരക്കിലാണ് മുതലാളിത്ത സംവിധാനങ്ങൾ ആകെത്തന്നെ. കോളോണിയൻ സംവിധാനവും, ഫ്യൂഡലിസവും അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് ഈ പ്രത്യയശാസ്ത്രത്തിന്റെ വളർച്ച അല്ലെന്നു പറയാമോ? എല്ലാവർക്കും വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം, ആരോഗ്യം, സാമൂഹ്യസുരക്ഷിതത്വം തുടങ്ങിയവ നൽകുന്നതിൽ സോഷ്യലിസ്ററ് രാഷ്ട്രങ്ങളല്ലേ മുന്നിൽ? ഉദാഹരണം ജി. ഡി. ആർ. വികസ്വര രാഷ്ട്രങ്ങളുടെയും ജനതയുടേയും മോചനത്തിനായി സോഷ്യലിസ്ററ് സമൂഹം ശ്രമിക്കുമ്പോൾ മുതലാളിത്തം അവയെ ചൂഷണം ചെയ്തുകൊഴുക്കുകയല്ലേ? യുദ്ധരഹിതമായ ഒരു ലോക സൃഷ്ടിക്കുവേണ്ടി സോഷ്യലിസ്ററ് രാഷ്ട്രങ്ങൾ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുമ്പോൾ തങ്ങളുടെ ആയുധങ്ങൾ വിൽക്കാൻ രാജ്യങ്ങളെ തമ്മിലടിപ്പിക്കുന്ന തിരക്കിലാണ് സാമ്രാജ്യശക്തികൾ.

മനുഷ്യന്റെ അസംഖ്യം പ്രശ്നങ്ങൾക്ക് മനുഷ്യത്വപരമായ സമീപനങ്ങളിലൂടെ മോചനം തേടുന്ന ഒരു പ്രത്യയശാസ്ത്രത്തിന് പകരംവെക്കാൻ എന്തുണ്ട്? ഈ പ്രത്യയശാസ്ത്രത്തിന്റെ ഉൻമൂലനാശം കാത്തിരിക്കുന്നവർക്ക്

## JEEJI P. B.



Unit Secretary (S. F. I.)

"Marxism has already stood as the guiding principle for many rebellions which were intended for the liberation of millions of the down-trodden all over the world and still continues to be an undeniable philosophy having numerous possibilities. The "revolutionary changes" that have "rocked" East European socialist countries must be seen as the propaganda and assault of the Imperialist and Bourgeois Class intended to weaken, discourage and prevent the exploited from identifying and resisting their exploiters. Marxism is not a dogma–it has enough inherent dynamism to evolve viable counter-strategies to stern this 'rot'."

## NAZAR N. A.



Unit Secretary (K. S. U.)

"കാലം ചെല്ലുംതോറും ഏതു ചിന്താഗതികളും, തത്വശാസ്ത്രങ്ങളും മനുഷ്യസമൂഹത്തിന്റെ നൻമക്ക് ഉതകുന്നുണ്ടോ എന്ന് പരീക്ഷിക്കപ്പെടും. ഇല്ലെങ്കിൽ അത് കാലയവനികക്കുള്ളിൽ മറയും. സമൂഹത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത ഭരണകൂടത്തിനെതിരെ ജനം ശബ്ദമുയർത്തിയതിന് തെളിവാണ് പോളണ്ടിലെ സോളിഡാരിററിയുടെ ഉയർച്ചയും ചൈനയിലെ വിദ്യാർത്ഥികളുടെ അലർച്ചയും. മാററത്തിന്റെ കാററ് ഗോർബച്ചോവിൽ നിന്ന് വീശി റുമേനിയയിലെ ചിഷ്സ്ക്യുവിനെ തെറിപ്പിച്ച് ജർമ്മനികളുടെ ഏകീകരണത്തിൽ എത്തി നിൽക്കുകയാണ്. ഇതിന് സാക്ഷി ചരിത്രം മാത്രം.

സിദ്ധാന്തത്തിന്റെ പ്രായോഗികവശം പരിഗണിക്കാതെ അത്യന്തികമായി അതിന് നിലനിൽപ്പുണ്ടോ എന്ന് ചിന്തിക്കാതെ, വാഗ്ദാനങ്ങൾകൊണ്ടു മാത്രം ഒരു സമൂഹത്തെ കരകയററാൻ ശ്രമിച്ചു. ഇവിടെയാണ് ഈ തത്വശാസ്ത്രം പരാജയപ്പെട്ടത്."

## SHAJU P. D.



Unit Secretary (A. I. S. F.)

ഈ ചോദ്യം തികച്ചും അപ്രസക്തമാണ്– ജനിക്കാത്ത കുഞ്ഞിന്റെ ജാതകം കുറിക്കുന്നതെങ്ങിനെ? കമ്മ്യൂണിസം അതിന്റെ താത്വികതലത്തിൽ മാത്രമേ ഉള്ളൂ. ഈ വ്യവസ്ഥിതി ഒരു രാജ്യത്തും ഇന്നുവരെ നടപ്പിലായിട്ടില്ല. പിന്നെ, ഇവിടെ ഉദ്ദേശിക്കുന്നത് കമ്മ്യൂണിസത്തിന്റെ മുന്നോടിയായ സോഷ്യലിസമാണ്. ഒററ വാചകത്തിൽ പറഞ്ഞാൽ, സോഷ്യലിസം വളരുകയാണ്. സോഷ്യലിസം മരണമടഞ്ഞു, അതിന്റെ ഭാവി ഇരുളടഞ്ഞു എന്ന് പുലമ്പുന്നവർ സോഷ്യലിസം തകർന്ന് കാണുവാൻ ആഗ്രഹിക്കുന്നവരാണ്. ശാസ്ത്രീയ വ്യവസ്ഥിതികളിൽ കാലാകാലത്തിനനുസരിച്ച് മാററങ്ങൾ അനിവാര്യമാണ്. അത്തരമൊരു മാററമാണ് ഇന്ന് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സോഷ്യലിസ്ററ് വ്യവസ്ഥിതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനെ സോഷ്യലിസത്തിന്റെ തകർച്ചയായി കാണുന്നത് വിഡ്ഢിത്തമാണ്. വിളക്കിലെ തീയിൽ കൈകൊണ്ടുചെല്ലുന്ന കുഞ്ഞിനെ മാതാവ് വിലക്കും. തീയിൽ കൈതൊട്ടാൽ പൊള്ളുമെന്ന കാര്യം കുഞ്ഞിനറിയില്ലല്ലോ? എന്നാൽ അവൻ വളരുന്തോറും നിയന്ത്രണങ്ങൾ ഒന്നൊന്നായി ഇല്ലാതാവുന്നു. സോഷ്യലിസത്തിന്റെ ശൈശവദശയിൽ ഒട്ടനവധി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ, വളരുന്തോറും നിയന്ത്രണങ്ങളില്ലാത്ത കൂടുതൽ സ്വതന്ത്രമായ ഘട്ടത്തിലേക്ക് നീങ്ങുന്നു. ഇത്തരത്തിൽ വിലക്കുകളില്ലാത്ത സ്വതന്ത്രമായ ഒരു ലോകമാണ് സോഷ്യലിസത്തിന്റെ പരമമായ ലക്ഷ്യം."

## Krishnadas P. Nair



Unit Secretary (A.B.V.P.)

"Communism ! Now a days Communist ideas are facing an ideological crisis. In some places it is facing its natural death whereas some others blindly following its ideals. Russia, Poland, Hungary and W. Germany etc: still retain Communism. The decline of Communism is not due to the incapability of unarmed authorities, inefficient administration but basically due to the wrong ideals and principles. This shows that communism is on the decline. In China, the autocratic rulers cruelly suppressed 'The great freedom movement'. In Russia Gorbachev, initiated a revolution in favour of liberty.

How much of the communist ideals will be practicable ? It is theoretically wrong and practically dangerous. Really communism is going to disappear for ever from the face of earth. A renaissance ! that will not be due to communism, but the attainment of freedom and nationalism."

## K. P. Vinayarajan



Unit Secretary (K. V. J.)

"യഥാർത്ഥത്തിൽ കമ്മ്യൂണിസം മരിക്കുകയാണോ? സോവിയറ്റ് ഭരണ മേധാവിയിൽ നിന്നാരംഭിച്ച അപ്രതിഹത സിദ്ധാന്തവും കിഴക്കൻ യൂറോപ്പിനെയാകമാനം പ്രകമ്പനം കൊള്ളിച്ചതുമായ സംഭവ വികാസങ്ങൾ വിരൽ ചൂണ്ടുന്നത് ഈ വസ്തുതയിലേക്കല്ലേ?

സർവ്വതും അടിച്ചമർത്തപ്പെട്ട ജനതയുടെ രക്തച്ചൊരിച്ചിലിൽ കലാശിച്ച സ്വപ്നസാക്ഷാൽകാരമായിരുന്നു ഈ അപ്രതിഹത സിദ്ധാന്തം. സൈദ്ധാന്തികന് അവർ സ്തുതിപാടുകയാണ്.

സോവിയറ്റ് ഭരണഘടനയിലും സമൂഹത്തിലും ഉളവാക്കിയേക്കാവുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം മിഖായേൻ ഗോർബച്ചോവ് ബലപ്രയോഗത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകാൻ നിർബന്ധിതനായത്.

ഒരു വശത്ത് യാഥാസ്ഥിതിക വിഭാഗം ഗോർബച്ചേവിനെതിരെ അണിനിരക്കാൻ ആരംഭിച്ചപ്പോഴേക്കും കറുത്ത ഹസ്തങ്ങൾക്കടിയിൽ ഞെരിഞ്ഞമർന്ന ജനത സ്വാതന്ത്ര്യത്തിന്റെ ദാഹജലം തേടിത്തുടങ്ങിയിരുന്നു. ടാങ്കുകളും സ്കപയറുകളും അവർക്ക് പ്രശ്നമായിരുന്നില്ല, അവർക്ക് വേണ്ടിയിരുന്നത് സ്വാതന്ത്ര്യമായിരുന്നു. ജീവൻപോലും ബലികൊടുത്ത് മുക്കാൽ നൂറ്റാണ്ടോളം അസ്വാതന്ത്ര്യത്തിന്റെ വീർപ്പുമുട്ടലനുഭവിച്ച ജനകോടികൾ ഇന്ന് സ്വാതന്ത്ര്യത്തിന്റെ പരിമളം ആർത്തിയോടെ ശ്വസിക്കുകയാണ്."

## A. A. Ayyappan



"പാവങ്ങളേയും, അദ്ധ്വാനിക്കുന്നവരെയും, ചൂഷിതരെയും, കരുവാക്കികൊണ്ടാണ് കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ നിലവിൽ വന്നത്. എന്നാൽ പിന്നീടുള്ള പ്രവർത്തനങ്ങൾ തൊഴിലാളി വർഗത്തെ അവഗണിച്ചുകൊണ്ടുള്ളതായിരുന്നു. അതുകൊണ്ടുതന്നെ ഞാൻ ചിന്തിക്കുന്നതുപോലെ ഇനിയെങ്കിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ തൊഴിലാളി വർഗത്തിന് വേണ്ടി പ്രവർത്തിക്കുന്നില്ല എങ്കിൽ, ചൂഷിതർക്കും, മർദ്ദിതർക്കും വേണ്ടി നിലകൊള്ളുന്നില്ല. എങ്കിൽ, അവ എന്നെന്നേക്കുമായി ഈ 'ഇസ'ത്തോടൊപ്പം ഭൂമുഖത്തുനിന്നും തുരത്തപ്പെടും. ഇതുതന്നെയാണ് ഇന്ത്യയിലെ കമ്മ്യൂണിസത്തിനും സംഭവിക്കാൻ പോകുന്നത്. ആരേയും, എല്ലായ്പ്പോഴും കബളിപ്പിക്കാൻ ഒന്നിനും സാധിച്ചിട്ടില്ല. സത്യമേ വാഴൂ."

Staff - Works dept.

"ജനകീയ ഇച്ഛ പ്രതിഫലിപ്പിക്കുന്നതും സമത്വത്തിലധിഷ്ഠിതവുമായ ജനാധിപത്യം, മാനവീക സർഗാത്മകശക്തി (Human Creativity) യേയും സ്വയം മുൻകൈയെടുക്കലി (Private Initiative) നേയും പ്രോൽസാഹിപ്പിക്കുന്ന വ്യക്തി സ്വാതന്ത്ര്യം, എന്നിവയ്ക്ക് സന്തുലിത നിലയിൽ ശക്തീകരണം നല്കുന്ന ഭരണ സംവിധാനത്തിന് മാത്രമേ മാററങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കുവാൻ സാധിക്കൂ. ഇവയിലൊന്നിനുമാത്രം ശക്തീകരണം നല്കുന്ന ഭരണ സംവിധാനം ഒന്നുകിൽ വ്യക്തി സ്വാതന്ത്ര്യത്തിനെതിരായോ, അല്ലെങ്കിൽ ജനകീയ ഇച്ഛയ്ക്കെതിരായോ നീങ്ങിയെന്നുവരാം.

ജനങ്ങൾക്കിടയിലെ അന്യവൽക്കരണം, മനുഷ്യത്വമില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളുടെയെല്ലാം ഏകകാരണം വർഗവൈരുദ്ധ്യമാണെന്നും സോഷ്യലിസം നിലവിൽ വന്നുകഴിയുമ്പോൾ അഴിമതിയും ചൂഷണവുമൊന്നുമില്ലാത്ത വർഗരഹിതസമൂഹം രൂപം കൊള്ളുമെന്നും കരുതുന്നത് വെറും ഉട്ടോപ്യൻ (Utopian) സങ്കല്പം മാത്രമാണെന്ന് റഷ്യയിലെയും ചൈനയിലെയും മാററങ്ങൾ വിളിച്ചറിയിക്കുന്നു. സ്റ്റാലിനിസവും മാവോയിസവുമൊക്കെ കമ്മ്യൂണിസ്ററ് സിദ്ധാന്തത്തിന്റെ അപജയമായി പരിണമിക്കുകയും ഏകാധിപത്യത്തിന്റെ കടുത്ത ദൂഷ്യഫലങ്ങളിലേക്ക് നയിക്കുകയും ചെയ്തു. തങ്ങൾ വിശ്വസിക്കുന്നെന്നവകാശപ്പെട്ടിരുന്ന അടിസ്ഥാന മാർക്സിയൻ പ്രത്യയ ശാസ്ത്രത്തിനെതിരായിപ്പോലും ഒരളവിൽ, ഇന്ന് സ്വകാര്യവൽക്കരണവും, സാങ്കേതിക പുരോഗതിയ്ക്കും ഉപഭോഗസംസ്കാരത്തിനും ഊന്നൽ നല്കുന്ന ആധുനിക വൽക്കരണവും സ്വീകരിപ്പാൻ അവർ നിർബന്ധിതരായി. ഗോർബച്ചേവിന്റെ ഗ്ലാസ്നോസ്റ്റും, പെരിസ്ട്രോയ്ക്കയും സ്വയം തിരുത്തുന്നതിനുള്ള ലക്ഷ്യത്തോടെ പ്രഖ്യാപിക്കപ്പെട്ട നയങ്ങളാണ്.

സോഷ്യലിസ്ററ് ഭരണം നിലവിലിരുന്ന പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിൽ അടുത്തകാലത്ത് ഉണ്ടായ സംഭവവികാസങ്ങൾ ഭരണ സംവിധാനം കൂടുതൽ ജനായത്തവൽക്കരിക്കുന്നതിനുള്ള ലക്ഷ്യത്തോടുകൂടെയായിരുന്നു. റുമേനിയായിൽ അത് രക്തരൂക്ഷിത വിപ്ലവശ്രമ പോലുമായി. പോളണ്ട്, ഹംഗറി, പൂർവ്വജർമ്മനി എന്നീ രാജ്യങ്ങളിൽ കമ്മ്യൂണിസ്ററ് പാർട്ടി മേധാവിത്വത്തിന്റെ ഏകാധിപത്യത്തിനെതിരായുള്ള നീക്കങ്ങളായിരുന്നു. സ്റ്റാലിന്റെ ഭരണം അവരുടെ മേൽ കെട്ടിയേൽപ്പിച്ച ഒരു വിദേശച്ചരക്കായിട്ടുമാത്രമേ കമ്മ്യൂണിസ്ററ് ഭരണത്തെകാണാൻ ഈ രാഷ്ട്രങ്ങൾക്ക് കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ ബൾഗേറിയ, ചെക്കോസ്ലോവോക്യ എന്നീ രാജ്യങ്ങളിൽ കമ്മ്യൂണിസ്ററ് പാർട്ടിതന്നെ ഭരണസംവിധാനത്തിൽ കൂടുതൽ ജനായത്തവൽക്കരണം വരുത്തുവാൻ ജനസമ്മർദ്ദം മൂലം നിർബന്ധിതരായി. സോവിയററ് യൂണിയനിലും ഗോർബച്ചേവിന്റെ നേതൃത്വത്തിൽ നടക്കുന്നത് കമ്മ്യൂണിസ്ററ് സിസ്ററത്തിന്റെ തന്നെ ജനായത്തവൽക്കരണമാണ്. പ്രസിഡൻഷ്യൽ ഭരണത്തോടുകൂടിയ ജനാധിപത്യ സംവിധാനം അംഗീകരിക്കുവാൻ സോവിയററ് കോൺഗ്രസ് തയ്യാറായത് തുറന്ന ചർച്ചയ്ക്കുശേഷമാണ്. വിമതാഭിപ്രായം പ്രകടിപ്പിക്കാനും എതിർവോട്ടുചെയ്യാനുമൊക്കെ സോവിയററ് യൂണിയനിൽ ആദ്യമായി സ്വാതന്ത്ര്യമുണ്ടായത് കമ്മ്യൂണിസ്ററ് പാർട്ടിക്കുള്ളിൽത്തന്നെ ജനാധിപത്യ സംവിധാനം ആരംഭിച്ചതിന്റെ തെളിവാണ്. ഇതിന്റെയെല്ലാം ഫലമായി സമത്വവും സ്വാതന്ത്ര്യവും സന്തുലിത നിലയിൽ പരിപാലിക്കപ്പെടുന്നതും ജനകീയ ഇച്ഛയ്ക്ക് മുൻഗണന നൽകുന്നതും ഭരണ സംവിധാനത്തിൽ ജനങ്ങളുടെ ഭാഗഭാഗിത്വം ഉറപ്പാക്കുന്നതുമായ ഒരു പുതിയ രീതിയിലുള്ള ഡെമോക്രാററിക് സോഷ്യലിസം ഉരുത്തിരിയുമെന്നു പ്രത്യാശിക്കാം."

**Dr. A. M. Chacko**



Head of the Dept.
(Chemistry)
Former Principal

**CHANDRAN V. M.**



Associ. Secretary [Eco.]

"കമ്മ്യൂണിസം വളരുകയല്ല തളരുകയാണ്. അഥവാ വളരാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അത് യഥാർത്ഥ കമ്മ്യൂണിസമല്ല. കമ്മ്യൂണിസത്തിന്റെ ഭാവി നിർണ്ണയ ചർച്ച വർത്തമാന കാലഘട്ടത്തിലെ ഒരു ചൂടുപിടിച്ച ചർച്ചയാണ്. കമ്മ്യൂണിസം കര ചൂടുപിടിച്ച ഒരു പ്രതീതിയെ ഉണ്ടാക്കുന്നുള്ളു. Communism defective in theory and danger in practice എന്ന് ഗോൾവാൾക്കർ പറഞ്ഞത് വളരെ ശരിതന്നെ. ഐൻസ്റ്റീൻ ന്യൂട്ടന്റെ ദ്രവ്യവാദത്തെ മുറിച്ചതുകൊണ്ട് അതിൽ തൂങ്ങിക്കിടന്ന മാർക്സിയൻ ഭൗതികവാദത്തിലെ മൂലം പൊട്ടി താഴെ വീണു. The thao of Physics എന്ന ഗ്രന്ഥത്തിൽകൂടി ഫ്രിജി ഡോഫ് കാപ്ര ഈ വീഴ്ചയെ ശരിവെച്ചപ്പോൾ കമ്മ്യൂണിസത്തിന്റെ അടിത്തറതന്നെ പൊളിഞ്ഞതായി സമ്മതിക്കാതെ വയ്യ. Synthesis വിഘടിച്ച് thesis ഉം Anti thesis ഉം ഉണ്ടാകുകയും സംഘട്ടനം നടക്കുകയും ചെയ്യുന്നു എന്നതു dialetic meterialism-ത്തിലെ സാർവ്വജനീന തത്വമാണെന്ന് മാർക്സ് അടിവരയിട്ട് പറയുന്നതുകൊണ്ട് കമ്മ്യൂണിസം എന്ന synthesis തകരുമെന്ന് മാർക്സ് തന്നെ സമ്മതിക്കുന്നു. Thank God I am not a communist എന്ന് മാർക്സ് തന്നെ പറയുന്നുണ്ടല്ലോ. New Economic Policy നടപ്പാക്കിക്കൊണ്ട് ലെനിൻ പറഞ്ഞത് ഇങ്ങനെയാണ് - മാർക്സ് പൂർണ്ണമായ ഒരു ശാസ്ത്രരേഖയും നൽകിയിട്ടില്ല. അന്ത്യശ്വാസം വലിക്കുന്നൊരു സൈദ്ധാന്തിക ഉട്ടോപ്യക്ക് മരണം ഒട്ടും അകലെയല്ല."

**SUBASH THOMAS**



Associ. Secretary [Chemistry]

"ജന്മിവാഴ്ചയുടെ ചൂഷണത്തിനും അമാനവികമായ മുതലാളിത്തത്തിനുമെതിരായി രംഗപ്രവേശം ചെയ്ത കമ്മ്യൂണിസം അതിന്റെ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടു. ഒരു സമഗ്ര ദർശനത്തിന്റെ അഭാവംമൂലം കമ്മ്യൂണിസത്തിന് സ്ഥായിയായ ഒരു വ്യവസ്ഥിതി പടുത്തുയർത്താൻ കഴിഞ്ഞില്ല. പ്രപഞ്ചത്തെ മാറ്റി മറിക്കുക എന്നതാണ് തങ്ങളുടെ ദൗത്യം എന്നു പ്രഖ്യാപിച്ച മാർക്സും ഏംഗൽസും രൂപം കൊടുത്ത കമ്മ്യൂണിസം പ്രായോഗികതയുടെ കളത്തിൽ കാലിടറിവീണു. വ്യവസ്ഥിതിയുടെ സൃഷ്ടിയാണ് വ്യക്തി എന്നും വ്യവസ്ഥിതി മാറിയാൽ വ്യക്തി അതോടൊപ്പം മാറുമെന്നും വൃഥാ ധരിച്ച കമ്മ്യൂണിസത്തിന്റെ ഉപജ്ഞാതാക്കൾ വ്യവസ്ഥിതിയെ അതോടൊപ്പം മാറ്റിയെങ്കിലും വ്യക്തി മാറിയില്ല. അഴിമതി, കൈക്കൂലി, സ്വജനപക്ഷപാതം, കുടുംബവാഴ്ച തുടങ്ങിയവ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ ഭരണാധികാരികളിൽ പടർന്നു പിടിച്ചു. പ്രത്യയശാസ്ത്രത്തെ അധികാരം നിലനിർത്താൻ മാത്രമാണ് ഇവർ ഉപയോഗിച്ചത്. ആ രാഷ്ട്രങ്ങളിലെ ജനങ്ങളുടെ മതരാഷ്ട്രീയ വികാരങ്ങളെ ദശാബ്ദങ്ങളോളം സൈനിക ശക്തിയുടെ ബലത്തിൽ അടിച്ചമർത്തി. ഗോർബച്ചേവിന്റെ ഉദാര നിലപാടിൽ ആ വികാരങ്ങൾ അണപൊട്ടിയൊഴുകി. ആ ഒഴുക്കിൽ കിഴക്കൻ യൂറോപ്പിലെ ഒട്ടുമിക്ക കമ്മ്യൂണിസ്റ്റ് ഏകാധിപതികളും ഇല്ലാതായി. ആ തകർച്ചയുടെ അവശിഷ്ടങ്ങളിൽ നിന്നുമുള്ള ഒരു ഉയിർത്തെഴുന്നേൽപ്പ് ഇനി പ്രതീക്ഷിക്കേണ്ടതില്ല."

**SAJAN V. K.**



Associ. Secretary [Psychology]

"വ്യവസായവിപ്ലവം ജന്മം നൽകിയ പുതിയ സാഹചര്യങ്ങളെ വ്യക്തമായി മനസിലാക്കുന്നതിൽ പരാജയപ്പെടുകയും തെറ്റായ വർഗ്ഗ സമരസിദ്ധാന്തം രൂപീകരിക്കുകയും സാമ്പത്തിക ശാസ്ത്രത്തിൽ മാത്രം ഊന്നിക്കൊണ്ട്, മുതലാളിത്തത്തിന്റെയും അതിന്റെ അനുകൂലികളുടേയും സർവ്വനാശം മാത്രമാണ് ലോകത്തിന്റെ മോചനമാർഗ്ഗമെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത കമ്മ്യൂണിസം കാലഹരണപ്പെട്ടു എന്നതിൽ പക്ഷാന്തരമില്ല. മാർക്സ് രൂപം കൊടുത്തു എന്ന് പ്രചരിപ്പിക്കപ്പെട്ട വൈരുദ്ധ്യാത്മകവാദം തന്നെ (യഥാർത്ഥത്തിൽ ഭാരതീയ സാംഖ്യദർശനമാണിതിന്റെ ഉറവിടം) കമ്മ്യൂണിസത്തിന്റെഅസ്ഥിത്വത്തെ ചോദ്യം ചെയ്യുന്നുമുണ്ട്. 'സിദ്ധാന്തരൂപത്തിൽ അപൂർണ്ണവും പ്രയോഗരൂപത്തിൽ ആപത്കരവും' എന്ന് ഗോൾവാൾക്കർ അതിനെ വിശേഷിപ്പിച്ചതിന്റെ പൊരുൾ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ അന്വർത്ഥമാക്കുന്നു. ഗാന്ധിജിയുടെ വാക്കുകൾ ശ്രദ്ധിക്കുക, 'ബോൾഷെവിസത്തെക്കുറിച്ച് മനസിലാക്കിയതിൽനിന്നും തോന്നുന്നത് അത് ഹിംസയുടെ മാർഗ്ഗം ഉപേക്ഷിക്കുന്നില്ല എന്നു മാത്രമല്ല സ്വകാര്യസ്വത്ത് പിടിച്ചെടുക്കുന്നതിനുവേണ്ടി ഹിംസ പ്രയോഗിക്കുവാൻ സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു എന്നതാണ്. എങ്കിൽ അത് അധികകാലം നിലനിൽക്കാൻ പോകുന്നില്ല. കാരണം ഹിംസയുടെ അടിസ്ഥാനത്തിൽ ശാശ്വതമായ യാതൊന്നും പടുത്തുയർത്താൻ സാദ്ധ്യമല്ല എന്ന് ഞാൻ വിശ്വസിക്കുന്നു.'"

**ALIKUNJU V. K.**

"ഭൂമിയിൽ സ്വർഗ്ഗം സ്ഥാപിക്കുക, നല്ല ആശയം. ലക്ഷ്യം മാർഗ്ഗത്തെ ശുദ്ധീകരിക്കുന്നുവെന്ന തത്വത്തെ അടിസ്ഥാനമാക്കിയാണെങ്കിൽപോലും. രക്തരൂഷിത വിപ്ലവത്തിലൂടെ ഈ ഭൂമിയിൽ ഒരു സ്വർഗ്ഗം പടുത്തുയർത്തുക എന്ന മാർക്സിന്റെ ആശയത്തെ ഞാനിഷ്ടപ്പെടുന്നു. പക്ഷേ, തീയറിയും പ്രാക്ടിക്കലും തമ്മിലുള്ള നികത്താനാവാത്ത അന്തരം നാം കണ്ടുകഴിഞ്ഞു. പലയിടത്തും ലക്ഷ്യപ്രാപ്തി കൈവരിക്കാതെ രക്തരൂഷിത വിപ്ലവം അന്തമില്ലാതെ നീണ്ടുപോകുന്നു, തൊഴിലാളി വർഗ്ഗത്തിന്റെ കൈയ്യിൽ അധികാരം കിട്ടിയിട്ടും സ്വർഗ്ഗം പടുത്തുയർത്താനാവാതെ വിലപിക്കുന്നു. അതെ, മാർക്സിസം അതിന്റെ പ്രായോഗികവശത്ത് അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ഏതാശയവും അർത്ഥവത്താകുന്നത് അത് പ്രായോഗികതലത്തിൽ നടപ്പാക്കുമ്പോഴാണ്. കിഴക്കൻ യൂറോപ്പിലും, റഷ്യയിലും മാർക്സിസ്ററ് ആദർശങ്ങൾക്ക് ഇനി തിരിച്ചുവരാനാവാത്തവിധം ക്ഷതമേററിരിക്കുന്നു. ജനകോടികൾ പരീക്ഷിച്ചുനോക്കി പരാജയപ്പെട്ട ഒരു പ്രത്യയശാസ്ത്രത്തെ അന്ധമായി ഇനിയും പിന്തുണച്ചുകൊണ്ടിരിക്കുന്നത് വിഡ്ഢിത്തമാണ്."



Associ. Secretary
[History]

**SURESH BABU**



Secretary, Population Study Club

"കാലഘട്ടങ്ങളിലൂടെ വരുന്ന അനിവാര്യമായ മാററം ഏത് പ്രസ്ഥാനത്തിനും അത്യന്താപേക്ഷിതമാണ്. യഥാർത്ഥത്തിൽ കമ്മ്യൂണിസത്തിനും സംഭവിച്ചത് മറിച്ചൊന്നല്ല. എന്നിരിക്കിൽ കമ്മ്യൂണിസം തകരുന്നു എന്ന വിശ്വാസം മൗഢ്യമാണ്. ഇന്ന് കിഴക്കൻ യൂറോപ്പിലെയും പ്രത്യേകിച്ച് സോവിയററ് യൂണിയനിലെയും സംഭവങ്ങൾ മാദ്ധ്യമങ്ങളുടെ കുപ്രചാരണത്താൽ കമ്മ്യൂണിസത്തിന്റെ തകർച്ചയായി വ്യാഖ്യാനിക്കപ്പെടുന്നു. സോവിയററ് യൂണിയനിലെ സോഷ്യലിസ്ററ് സമൂഹനിർമ്മാണത്തിന്റെ വിജയം കണ്ട് കിഴക്കൻ യൂറോപ്പിലെ ഭരണാധികാരികൾ ഒരു സോവിയററ് മോഡൽ ഭരണം തങ്ങളുടെ നാട്ടിൽ സ്വീകരിച്ചു. പരിതസ്ഥിതികൾക്ക് യോജിച്ച സോഷ്യലിസ്ററു ഭരണം കെട്ടിപ്പടുക്കാൻ കഴിയാഞ്ഞതും നേതാക്കൾക്ക് ജനങ്ങളിൽനിന്നുണ്ടായ അകൽച്ചയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ കമ്മ്യൂണിസ്ററ് ഭരണത്തിന് കോട്ടമായി. സോവിയററ് യൂണിയനിൽ ഗോർബച്ചേവിന്റെ ഗ്ലാസ്-നോസ്തും, പെരിസ്ട്രോയിക്കയും നൽകിയ പിൻബലത്താൽ അണഞ്ഞുകിടന്ന ദേശീയത പല സ്റേററുകളിലും കത്തിയുണർന്നതും കമ്മ്യൂണിസത്തിന്റെ തകർച്ചയായി ചിത്രീകരിക്കപ്പെട്ടു. ഇന്ന് സോഷ്യലിസ്ററ് രാജ്യങ്ങളിൽ നടപ്പാക്കികൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ കമ്മ്യൂണിസത്തെ ചവററുകൊട്ടയിൽ തള്ളുകയല്ല. മറിച്ച് ഉലയിലൂതി ഉരുക്കിതെളിയിക്കുന്ന സ്വർണ്ണം കണക്ക് മാററ് കൂട്ടുകയാണ്. ഇൻഡ്യയിലും കമ്മ്യൂണിസത്തിന്റെ കാലാനുസൃതമായ മാററം നമുക്ക് കാത്തിരുന്നു കാണാം."

**P. SIJU**

"പ്രയോഗങ്ങളുടെ അനന്തമായ സാദ്ധ്യതകൾ ഉൾക്കൊള്ളുന്ന ഒരു ശാസ്ത്രശാഖതന്നെയാണ് മാർക്സിസവും. കാലദേശങ്ങൾക്കനുസൃതമായി മാററപ്പെടാവുന്നതൊന്ന് മാർക്സ് തന്നെ പ്രസ്താവിച്ചിട്ടുള്ള ഈ ദർശനം ലോകമെമ്പാടുമുള്ള മർദ്ദിതജനതയുടെ ആവേശപൂർണ്ണമായ നിരവധി പോരാട്ടങ്ങൾക്ക് ചാലകശക്തിയായി തീർന്നിട്ടുണ്ടെന്നുള്ളത് ചരിത്രത്തിന്റെ ഏടുകളിൽ ഇന്നും മായാതെ കിടക്കുന്ന സത്യമാണ്. ഇന്നു നടക്കുന്ന പ്രചരണങ്ങൾ, ചരിത്രത്തോളം തന്നെ പഴക്കമുള്ള മുതലാളിത്തവാദികളുടെ കടന്നാക്രമണങ്ങളുടെ ഒരു തുടർക്കഥ മാത്രമാകുന്നു. ലോകം എന്നും നിലനിൽക്കും – അതുപോലെ, മാനവികതയുടെ ശക്തമായ അസ്ഥിവാരമുള്ള മാർക്സിസ്ററ് ദർശനവും."



N. C. C. Under Officer
Associ. Secretary
[Maths.]

"സോവിയററ് യൂണിയനിൽ 'പെരിസ്ത്രോയിക്ക', 'ഗ്ലാസ്നോസ്ററ്' എന്നീ പരിഷ്ക്കാരങ്ങളുണ്ടായതിനെ തുടർന്ന് യൂറോപ്യൻ കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ പൊതുവേ കുറെ മാററങ്ങളുണ്ടായി. കമ്മ്യൂണിസ്ററ് ഭരണകുത്തക അവസാനിപ്പിക്കാൻ ചില രാജ്യങ്ങൾ തയ്യാറായി! എന്നതാണ് അതിൽ പ്രധാനം. ഭരണകുത്തക ഇല്ലാതാക്കുക എന്നത് കമ്മ്യൂണിസത്തെ തൂത്തെറിഞ്ഞു എന്ന് പറഞ്ഞു പരത്താൻ കാരണമായ ഒന്നല്ല. മററു പാർട്ടികൾക്കും കൂടി ഭരണത്തിലേക്കുവരാൻ വഴിതുറന്നു എന്നേ അതിനർത്ഥമുള്ളൂ. യഥാർത്ഥത്തിൽ കമ്മ്യൂണിസം ഇന്ന് ജനാധിപത്യത്തിൻെറ വഴിയിലേക്ക് മാറി സഞ്ചരിക്കാൻ തുടങ്ങി എന്നാണ് ധരിക്കേണ്ടത്. ലോകത്തിലാദ്യമായി തെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്ററ് പാർട്ടി അധികാരത്തിൽ വന്നത് 1957 ലാണ് — കേരളത്തിലെ ആദ്യത്തെ ഇ. എം. എസ്. മന്ത്രിസഭ. അതുപോലെ ലോക കമ്മ്യൂണിസവും ജനാധിപത്യമാർഗം അവലംബിച്ചുതുടങ്ങി എന്നാണ് ഇന്നത്തെ സംഭവവികാസങ്ങളിലൂടെ വ്യക്തമാകുന്നത്. എന്തെന്നാൽ കമ്മ്യൂണിസ്ററ് കുത്തക ഭരണങ്ങളെല്ലാം സായുധ സമരത്തിലൂടെയാണ് സംഭവിച്ചിട്ടുള്ളത്. ആ ആയുധശക്തി മുതലെടുക്കാൻ ചില സ്വേച്ഛാധികാരികൾക്ക് അവസരമുണ്ടായി എന്നത് ശരിയാണ്. അത് പ്രസ്ഥാനത്തിൻെറ പരാജയമായി കാണുന്നത് അബദ്ധമാണ്. അതേ സമയം കമ്മ്യൂണിസ്ററ് കുത്തക ഭരണങ്ങൾക്കും സാമൂഹികമാററവും സാമ്പത്തിക ഭദ്രതയും കൈവരുത്താൻ കഴിഞ്ഞു. ഫ്യൂഡലിസം, മുതലാളിത്തം, സാൻമാർഗികാധഃപതനം, മതം–ജാതി–വർഗീയതകളുടെ അഴിഞ്ഞാട്ടം, എന്നിവയുടെ വളർച്ച തടയാനും തൊഴിലാളി വർഗത്തെ സംഘടിപ്പിച്ച് അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്താനും സഹായിച്ചത് കമ്മ്യൂണിസമാണ് എന്നത് മറക്കാനാവില്ല. കമ്മ്യൂണിസത്തിനെതിരെ പ്രചാരണം നടത്തുന്ന ശക്തികൾ മുതലാളിത്ത ചേരിയെയാണ് കൂടുതലിഷ്ടപ്പെടുന്നത് എന്നത് നാം കണ്ടില്ലെന്ന് നടിച്ചുകൂടാ. എന്നാൽ മാർക്സ് വിഭാവനം ചെയ്ത സായുധ സമരം അന്നത്തെ യൂറോപ്യൻ സാഹചര്യത്തിൻെറ അടിസ്ഥാനത്തിലാണെന്ന് ഓർക്കണം. അതിനാൽ കാലോചിതവും ദേശോചിതവുമായ പരിവർത്തനങ്ങൾ മറേറതൊരു ആശയത്തിനുമെന്നപോലെ കമ്മ്യൂണിസ്ററ് തത്വസംഹിതക്കും സംഭവിച്ചേ തീരൂ. അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അത് ആ പ്രസ്ഥാനത്തിൻെറ പരാജയമോ വിനാശമോ ആയി കണക്കുകൂട്ടുന്നത് ശരിയല്ല."

**Dr. Thonnakkal Narayanan**



Dept. of Malayalam

**Prof: E. Narayanan Nambiar**



Head, English Dept.

"മനുഷ്യനെ ഏതെങ്കിലും ഒരു സിദ്ധാന്തത്തിൻെറ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്താനാവില്ലെന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കിയിരിക്കുകയാണ് കമ്മ്യൂണിസ്ററ് രാഷ്ട്രങ്ങളിൽ ഈയിടെ ആഞ്ഞടിച്ച പരിവർത്തനത്തിൻെറ കൊടുങ്കാററുകൾ. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വർഗ സമരത്തിൻെറ കഥമാത്രമാണ് മനുഷ്യൻെറ ഇതുവരെയുള്ള ചരിത്രമെന്ന മാർക്സിയൻ ദർശനം ഒരു ഭാഗികസത്യം മാത്രമാണെന്നും, സാമ്പത്തിക മാനദണ്ഡം കൊണ്ടളക്കാൻ കഴിയാത്ത എന്തെല്ലാമോ ഘടകങ്ങൾ കൂടി മനുഷ്യനിലുണ്ടെന്നും ഇവ വ്യക്തമാക്കുന്നു. അതോടൊപ്പം, സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മനുഷ്യൻെറ അദമ്യമായ അഭിനിവേശം എന്നന്നേക്കും തടഞ്ഞുനിർത്താനാവില്ലെന്നും മാർക്സിസം വിഭാവനംചെയ്ത സമത്വസുന്ദരമായ സമൂഹത്തിൽ മനുഷ്യത്വം തഴച്ചുവളരുന്നതിനുപകരം അതിഭൗതികതയുടെ കൊടുംതാപമേററ് വാടിക്കരിഞ്ഞുപോകുന്ന ദാരുണമായ ദുരന്തമാണ് കമ്മ്യൂണിസ്ററ് ഭരണം നിലനിന്നിരുന്ന പലരാജ്യങ്ങളിലും നാം ദർശിച്ചത്. കാലത്തിൻെറ ചുമരെഴുത്തുകൾ മനസിലാക്കിയ റഷ്യൻ നേതാവ് ഗോർബച്ചേവ് വ്യക്ത

രിച്ചതോടെ, കിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് കോട്ടകൾക്കുള്ളിൽ നടക്കുന്ന ബഹുജന മുന്നേറ്റത്തെ അടിച്ചമർത്താൻ പീരങ്കികൾ ഘടിപ്പിച്ച റഷ്യൻ സൈനിക ടാങ്കുകൾ നീങ്ങുകയില്ലെന്ന സ്ഥിതിവിശേഷം ആ രാഷ്ട്രങ്ങളെ മുഴുവൻ ഇളക്കിമറിച്ചു. സോവിയറ്റ് സമൂഹത്തിൽ പ്രകടമായ 'തുറന്ന മനസ്ഥിതി'യും അതിനെ അടിസ്ഥാനമാക്കിയ 'പുതുക്കിപ്പണിയലും' അങ്ങനെ ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. വിപ്ലവത്തിന്റെ ഫലമായി സ്ഥിതിസമത്വത്തിൽ അധിഷ്ഠിതമായ ഒരു പുതിയ സാമൂഹിക വ്യവസ്ഥ നിലവിൽ വന്നുകഴിഞ്ഞാൽ വ്യക്തികൾ സ്വയം നന്നായിക്കൊള്ളുമെന്ന ധാരണയും അതോടെ തകർന്നു. വ്യക്തിയുടെ ഉള്ളിൽ സത്യം, നന്മ, നീതി, സ്നേഹം എന്നീ മൂല്യങ്ങളോട് ആഭിമുഖ്യമുളവാക്കുകയെന്ന ധാർമ്മിക സമീപനത്തെ പാടെ അവഗണിക്കുന്ന ഏതു വിപ്ലവവും ആത്യന്തികമായി പരാജയപ്പെടുകയേയുള്ളൂവെന്നും ഈ സംഭവ പരമ്പര തെളിയിക്കുന്നു. നല്ല ലക്ഷ്യത്തിലെത്തിച്ചേരാൻ ചീത്തയായ മാർഗങ്ങൾ ഉപകരിക്കുകയില്ലെന്ന പഴഞ്ചനെങ്കിലും ശാശ്വതപ്രസക്തിയുള്ള തത്വത്തിലേയ്ക്കാണ് ഇവയെല്ലാം വിരൽ ചൂണ്ടുന്നത്."

"സമീപകാലത്ത് കിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ ഒന്നൊന്നായി നിലംപൊത്തിയപ്പോൾ സ്വാഭാവികമായും ഒരു ചോദ്യം ഉയർന്നു വന്നു–കമ്മ്യൂണിസം തകരുകയാണോ? ദോഷൈകദൃക്കുകളും കമ്മ്യൂണിസ്റ്റ് വിരുദ്ധരും ഉടൻതന്നെ വിധിയെഴുതി കമ്മ്യൂണിസം മരിച്ചുകഴിഞ്ഞു. ഈ വാദത്തിൽ എത്രത്തോളം കഴമ്പുണ്ടെന്ന് നമുക്ക് പരിശോധിച്ചു നോക്കാം.

Prof:
N. Lakshmikutty



Dept. of History

കിഴക്കൻ യൂറോപ്പിൽ കമ്മ്യൂണിസത്തിന് മങ്ങലേറ്റപ്പോഴും, ചൈനയിലും സോവിയറ്റ് യൂണിയനിലും ക്യൂബയിലും കമ്മ്യൂണിസ്റ്റ് ഭരണക്രമം തകർന്നില്ല. എന്ന പരമാർത്ഥം ശ്രദ്ധിക്കപ്പെടേണ്ടതാണ്. കിഴക്കൻ യൂറോപ്പിൽ എന്തുകൊണ്ട് കമ്മ്യൂണിസ്റ്റ് ഭരണക്രമത്തിന് താളം തെറ്റി? ദേശീയത എക്കാലവും യൂറോപ്പിൽ വളരെ ശക്തമായ ഒരു പ്രതിഭാസമായിരുന്നു. യൂറോപ്പിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ സോവിയറ്റ് റഷ്യ ഒരു പ്രബല രാഷ്ട്രമായിത്തീർന്നു. ഭൂമിശാസ്ത്രപരമായി അടുത്തുള്ള ചെറിയ രാജ്യങ്ങളുടെമേൽ അവർക്ക് പിടിമുറുക്കാൻ കഴിഞ്ഞിരുന്നു. ഈ ചെറിയ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം ഉണ്ടായതല്ല, അവിടങ്ങളിൽ കമ്മ്യൂണിസം അടിച്ചേൽപിക്കയാണുണ്ടായത്. അവരുടെ കടുത്ത ദേശീയ ബോധത്തെ അടിച്ചമർത്തിയാണ് കമ്മ്യൂണിസം നിലവിൽ വന്നത്. സോവിയറ്റ് റഷ്യയിൽതന്നെ മാറ്റത്തിന്റെ കാറ്റ് വീശിത്തുടങ്ങിയപ്പോൾ സോവിയറ്റ് നുകത്തിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗം അവർ മുന്നിൽ കണ്ടു. അങ്ങനെ വന്നുചേർന്ന സുവർണ്ണാവസരം ഉപയോഗപ്പെടുത്തി അവർ സോവിയറ്റ് അധികാര വലയത്തിൽനിന്ന് പുറത്തുചാടി. ഹങ്കറിയിലും ചെക്കോസ്ലോവാക്യയിലും പണ്ടത്തെപോലെ ബലപ്രയോഗം നടത്താൻ റഷ്യക്ക് താൽപര്യമുണ്ടായില്ല എന്നു മാത്രമല്ല ഒരുമെന്നും മറ്റു രാഷ്ട്രങ്ങൾ അത്തരം ഇടപെടൽ അനുവദിക്കുകയില്ലെന്ന് അവർക്ക് ബോദ്ധ്യമായിരുന്നു. അതായത് കിഴക്കൻ യൂറോപ്പിലുണ്ടായ മാറ്റങ്ങൾ കമ്മ്യൂണിസം എന്ന തത്വസംഹിതയുടെ തകർച്ചയല്ല.

കമ്മ്യൂണിസ്റ്റ് തത്വസംഹിതയ്ക്ക് ലോകത്തിൽ മർദ്ദിതരും ചൂഷിതരും നിലനിൽക്കുന്നിടത്തോളം കാലം പ്രസക്തിയുണ്ടാകും. ശാസ്ത്രം

എത്ര പുരോഗമിച്ചിട്ടും മനുഷ്യമനസിന് കാര്യമായ മാററമൊന്നും ഉണ്ടായിട്ടില്ല. മനുഷ്യൻ നന്നാകാത്തിടത്തോളം ചൂഷണവും മർദ്ദനവും അവസാനിക്കില്ല. മനുഷ്യൻ നന്നാകാനുള്ള സാദ്ധ്യത ഒരു ജനററിക്ക് (Genetic) വിപ്ളവത്തിലൂടെ അല്ലാതെ കാണുന്നില്ല. അതത്ര എളുപ്പമല്ലതാനും.

കമ്മ്യൂണിസം ഉടലെടുത്തപ്പോൾ ഉണ്ടായിരുന്ന പരിതസ്ഥിതികൾ പലതും വളരെയേറെ മാറിക്കഴിഞ്ഞു. കാലാനുസൃതമായ മാററങ്ങൾ വരുത്താത്ത തത്വസംഹിതകൾ ബലഹീനമാകും എന്നത് ഒരു ചരിത്ര സത്യമാണ്. ആ നിലയ്ക്ക് കമ്മ്യൂണിസത്തിന് ഒരു മങ്ങലേററിട്ടുണ്ടെന്നുള്ളത് അവിതർക്കിതമാണ്. കൂടാതെ മുതലാളിത്തത്തിനും പല മാററങ്ങളും വന്നിട്ടുണ്ട്. ശരിയായ മുതലാളിത്തം നില നില്ക്കുന്ന ഒരു രാജ്യവും ഇന്നില്ല. സൂക്ഷ്മമായി പരിശോധിച്ചാൽ സോഷ്യലിസ്ററ് തത്വങ്ങൾ സ്വീകരിച്ച് കാലാനുസൃതമായ മാററങ്ങൾ മുതലാളിത്ത ഭരണ ക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് കാണാം. മുതലാളിത്തം നിലനില്ക്കുന്നതും അതുകൊണ്ടുതന്നെ. അത്തരം തിരുത്തൽ നടപടികൾ കമ്മ്യൂണിസത്തിന് ആവശ്യമാണ്. ഗ്ലാസ്നോസ്ററും, പെരിസ്ട്രോയിക്കയും വിരൽ ചൂണ്ടുന്നത് ഈ സത്യത്തിലേക്കാണ്.”

**Rajasekharan P. S.**



Staff – Canteen

“ഇന്നത്തെ കമ്മ്യൂണിസം ലോകമതത്തിൽ നിന്നും ഒരു കാര്യത്തിൽ മാത്രമേ വ്യത്യസ്തത പുലർത്തുന്നുള്ളു. അത് ബലപ്രയോഗത്തിന്റെ കാര്യത്തിലാണ്.

എപ്പോഴെല്ലാം മതം ബലപ്രയോഗത്തിലൂടെ അനുസരിപ്പിക്കുന്നുവോ ആ നിമിഷം മുതൽ അത് മതമല്ലാതാകുകയും, സ്വച്ഛാധിപത്യത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു. കിഴക്കൻ യൂറോപ്പിൽ സംഭവിച്ചതും ഇതു തന്നെയാണ്.

സ്വതന്ത്രമായി ചിന്തിക്കാനും, പ്രവർത്തിക്കാനുമുള്ള അവകാശം തടയുന്ന ഒരു പ്രത്യയശാസ്ത്രവും ശാശ്വതമല്ല. അതുകൊണ്ടുതന്നെ കമ്മ്യൂണിസം ഒരു 'പകൽ കിനാവായി' മാറുകയാണ്

ഇനിയും ഇത്തരമൊരു പ്രത്യയ ശാസ്ത്രത്തെ അനുകൂലിക്കുന്നതിലൂടെ ഇന്ത്യൻ കമ്മ്യൂണിസ്ററ് പാർട്ടി “വിപ്ലവമെന്ന പുളുവാക്കിലൂടെ ഇന്ത്യൻ ജനതയെ കബളിപ്പിക്കുക” എന്ന തങ്ങളുടെ യഥാർത്ഥ ലക്ഷ്യം തുറന്നുകാട്ടുകയാണ്.

**Asha Achi Joseph**



Secretary (East Hostel)

“കമ്മ്യൂണിസമെന്ന പ്രത്യയ ശാസ്ത്രമല്ല. സോഷ്യലിസ്ററ് രാഷ്ട്രങ്ങളിലെ കമ്മ്യൂണിസ്ററ് പാർട്ടിയുടെ ഘടനയുടെയും സമഗ്രാധിപത്യത്തിന്റെയും ഫലമായുണ്ടായ സ്വേച്ഛാധിപത്യവും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവുമാണ് വിമർശിക്കപ്പെടുന്നത്. ഈ രാജ്യങ്ങളിലെ സാംസ്കാരിക രംഗങ്ങളിൽ അവലംബിച്ചിട്ടുള്ള മർദ്ദന നയങ്ങളും സോഷ്യലിസ്ററ് രാഷ്ട്രങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള വൻശക്തി പ്രവണതകളുമാണ് വിമർശന വിധേയമായിക്കൊണ്ടിരിക്കുന്ന മററു രണ്ടു ഘടകങ്ങൾ. ജനാധിപത്യാവകാശങ്ങൾ നിഷേധിച്ചുകൊണ്ടുള്ള സോഷ്യലിസ്ററ് പ്രയോഗത്തിന്റെ അനിവാര്യമായ അപചയമാണ് ഈ വിമർശനങ്ങളിലൂടെ വെളിപ്പെടുന്നത്. മനുഷ്യസിദ്ധികളുടെ വികാസത്തിനും പൂർണ്ണതക്കും വേണ്ടിയുള്ള പോരാട്ടങ്ങളെ സൂക്ഷ്മമായ ശാസ്ത്രീയാപഗ്രഥനത്തിലൂടെ ലക്ഷ്യത്തോടടുപ്പിക്കുന്ന കമ്മ്യൂണിസത്തിലും മഹത്വമുള്ള ഒരു സാമൂഹ്യദർശനവും ലോകത്തുണ്ടായിട്ടില്ലാത്തതിനാൽ സോഷ്യലിസ്ററ് രാജ്യങ്ങളിൽ നടക്കുന്ന 'തെററുതിരുത്തലിന്', സോഷ്യലിസത്തിന്റെ വിജയം നിർണ്ണയിക്കുന്ന ജനാധിപത്യത്തിന്റെ വികാസമായി വേണം വിലയിരുത്താൻ.”

**Marina K. Kuriakose**

"There is no doubt that Communism everywhere in the world, especially in Soviet Union and Eastern Europe is on the path of decline from its peak of glory. It may seem unbelievable, because, a decade age, communism was advancing inexorably. But we can see clear evidences for the decline of communism in the political economical and spiritual fields. Mikhail Gorbachev's curtailment of communism's traditional means of maintaining order and his allowance of criticism and election paved the way for the collapse of communism. It can be concluded that, communism will indeed be banished to the "ash heep of history" as Reagan has once remarked."



Secretary (Skinner Hostel)

**Dixon P. Thomas**



Secretary (S. C. F.)
Member (Chacko Hostel)

"കമ്മ്യൂണിസം പ്രയോഗവും മാർക്സിസം ദർശനവുമാണ്. മാർക്സിയൻ ദർശനത്തിന്റെ കാതൽ മൂന്ന് അടിസ്ഥാന നിയമങ്ങളിലാണ് നിഷേധങ്ങളുടെ നിഷേധനിയമം, അളവിൽ നിന്ന് ഗുണത്തിലേക്കുള്ള മാററത്തെ പഠിക്കുന്ന നിയമം, വിപരീതങ്ങളുടെ ഐക്യത്തിന്റേയും, സമരത്തിന്റേയും നിയമം, എന്നിവയാണവ. ഇവയുടെ വേരുകൾ മാററം എന്ന അനിവാര്യതയിലാണ്. ഈ പ്രപഞ്ച വികാസ നിയമങ്ങളെ തെററന്ന് തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ പ്രയോഗത്തിൽ വരുന്ന പ്രതിസന്ധികളെ തകർച്ചയെന്ന് വ്യാഖ്യാനിക്കുന്നത് ചരിത്രബോധത്തിന്റേയും, ശാസ്ത്രബോധത്തിന്റേയും അഭാവം മൂലമാണ്. കാലത്തിനും, ദേശത്തിനും പൂരിപ്പിക്കേണ്ട സമസ്യകളാണ് പ്രായോഗിക രീതികൾ ഉൾക്കൊള്ളേണ്ട മാററം എന്ന സങ്കല്പം. അതിന്റെ നിഷേധമാണ് കമ്മ്യൂണിസം അല്ലാതാകുന്നത്. ദർശനം കൂടുതൽ ശരിമയോടെ ചരിത്രചക്രവാളങ്ങളിലേക്ക്........."

**Alyamma C. J.**

"Second half of the past decade of the on going century was marked by the plethora of epitaphs written and elegies sung for marxism and communism. Today communism is roaring at the whip of time. Communist parties, the unquestionable centres of power are being collapsed and dashed to the ground. The red flag claimed to have been reddened with the blood of the proliterates seems to be abandoned. The imperial statnes revered and venerated by millions have been off rooted. All these bear testimony to the collapse of the marxist idea. The recent developments in Eastern Europe and Russia clearly show that the marxist ideology is disappearing."



Secretary (West Hostel)

**Kuruvilla Varghese**



LIBRARIAN

"You have asked me this question, I doubt, in the background of the fall of the Communist regime in Eastern Europe. I don't want to relate my answer to the recent developments in Eastern Europe or Russia. Further before answering your question let me clarify that communism and communist parties are quiet different. Communism I view basically as a philosophy or a branch of epistimology which has substantially enriched the human progress. It has originated out of the unjust social order of the 18th and 19th Centuries when Europe was experiencing the industrial revolution or capitalistic production. Ever since it was the Vanguard of innumerable intellectual and political movements in the world.

If I give you a straight answer to your question, the future of Indian communism is bright.

I needn't tell you that our society is one of the most backward and unjust societies in the world. Any revolutionary change to this cruel character of our Society can be affected only through the help of a revolutionary ideology. In the present context communism is an important political ideology capable of providing this helping hand. Looking back I will not say what communism did in the past was all right. If it can correct its mistakes and adjust to the changing times its future is very very bright in India.

**Sreenivasan P. V.**



Programme Officer
N. S. S.

"കിഴക്കൻ യൂറോപ്പിൽ നടന്ന സംഭവ വികാസങ്ങൾ കമ്മ്യൂണിസത്തിന്റെ പരാജയമാണോ ? ഈ ചോദ്യം എത്രമാത്രം പ്രസക്തമാണെന്നറിയില്ല. കമ്മ്യൂണിസത്തിന് പരാജയമില്ല എന്നുഞാൻ വിശ്വസിക്കുന്നു. കിഴക്കൻ യൂറോപ്പിൽ കമ്മ്യൂണിസം വിപ്ലവത്തിലൂടെയാണ് നിലവിൽ വന്നത്. ഒരു വിപ്ലവത്തെത്തുടർന്ന് രൂപംകൊള്ളുന്ന സാമൂഹ്യ സാമ്പത്തിക വ്യവസ്ഥ നാളുകൾക്കുശേഷം പഴഞ്ചനായിത്തീരുന്നു. അപ്പോൾ പുതിയൊരു വിപ്ലവം വേണ്ടിവരുന്നു അത് പഴഞ്ചനാകുമ്പോൾ മറ്റൊന്ന്, ഇങ്ങനെ തുടർച്ചയായി നടക്കുന്ന വിപ്ലവങ്ങളിലൂടെയാണ് സമൂഹം പുരോഗമിച്ചിട്ടുള്ളത്. ഇതാണ് കിഴക്കൻ യൂറോപ്പിൽ നടന്നത്. പുതിയ ഒരു വ്യവസ്ഥിതിക്കുവേണ്ടി പഴയതിനെ ജനങ്ങൾ നിരാകരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കമ്മ്യൂണിസം കുറച്ചുകൂടി ജനാധിപത്യവൽക്കരിക്കപ്പെട്ടിരിക്കുന്നു."

**Asha R.**



"മാർക്സിന്റെ കമ്മ്യൂണിസം അദ്ദേഹത്തിന്റെ ജീവിത നൈരാശ്യത്തിൽ നിന്നും ഉതിർത്തതാണ്. ദാരിദ്ര്യത്തിലാണ്ട ആ കാലഘട്ടം തന്റെ പ്രത്യയശാസ്ത്രത്തിന് യോജിച്ച വിളനിലമായിരുന്നതിനാൽ ലോകത്തിന്റെ അംഗീകാരം നേടാൻകഴിഞ്ഞു. പക്ഷേ, ലോകം പുരോഗതിയിലേക്ക് കുതിച്ചപ്പോൾ, വിശപ്പകന്നപ്പോൾ, കമ്മ്യൂണിസമെന്ന 'വിശപ്പിന്റെ പ്രത്യയശാസ്ത്രം' പുറം തള്ളപ്പെടാൻ തുടങ്ങി. ഇതിനർത്ഥം കമ്മ്യൂണിസം ഒരു കാലഘട്ടത്തിനുവേണ്ടി എഴുതപ്പെട്ടതായിരുന്നു എന്നുള്ളതാണ്. ഇനിയും കമ്മ്യൂണിസത്തെ പരീക്ഷിക്കാനുള്ള പ്രവണത അബദ്ധമാണ്. ഇതുമനസിലാക്കികൊണ്ടുള്ള ഭാവി പരിപാടിയാണ് ഗോർബചേവിന്റെ ''പെരിസ്ത്രോയിക്കയും'' ''ഗ്ലസ്നോസ്തും''. ഈ തുടച്ചുനീക്കൽ തന്നെയാണ് കിഴക്കൻ യൂറോപ്പിലും നടന്നുകൊണ്ടിരിക്കുന്നത്."

Mahesh G.



Secretary N. S. S.

"കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന് സംഭവിച്ച പ്രതിസന്ധിയും, പല രാഷ്ട്രങ്ങളിലുമുണ്ടായ തകർച്ചയും അതിന്റെ മരണമണിയല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം കമ്മ്യൂണിസത്തിന് ലോകമാനവികതയുടെ വക്താക്കളാകാൻ കഴിയുമെന്ന് ഉദ്ഘോഷിച്ച ആചാര്യൻമാർ ജീവിച്ച് ഒരു ആയുസ്സ് തികയും മുൻപ് അത് മരണത്തിന്റെ മൃദുല ഹസ്തങ്ങളിൽപ്പെട്ടുകഴിഞ്ഞു. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ഒരു മതത്തിന്റെ സ്വഭാവമാണ് കൈക്കൊണ്ടിട്ടുള്ളത്. അതുകൊണ്ട് അതിനെ കാലയവനികയ്ക്കുള്ളിൽ മറയേണ്ട ഒരു മിത്താണെന്ന് പറയുന്നതിൽ തെറ്റില്ല. ഈ തകർച്ച ഒരു പുതിയ മനഃസ്ഥിതിയിൽ ഊന്നിയുള്ള പ്രത്യയ ശാസ്ത്രത്തിന്റെ ആവിർഭാവത്തിനും വളർച്ചയ്ക്കും കാരണമാവുന്നു. ദേശീയതയ്ക്ക് പ്രിയമേറുന്നു. സാമ്പത്തിക ഭദ്രതയിൽ സുഖം കണ്ടെത്തുന്നതിന് പകരം തങ്ങളുടെ സംസ്കാരത്തിലും, പാരമ്പര്യത്തിലും അഭിമാനംകൊള്ളുവാൻ ലോകജനത വെമ്പുന്നു. ഇവിടെയാണ് ഏകാത്മമാനവ ദർശനത്തിന്റെ പ്രസക്തി."

Ouseph P. C.



Associ. Secretary
(Malayalam)

"വർഗ വിദ്വേഷവും വർഗ സമരവുമാണ് മാനവപുരോഗതിയുടെ മാർഗമെന്നു പറയുക തികച്ചും അവിവേകവും ചരിത്രത്തിനു ചേരാത്തതുമാണ്. സഹകരണത്തിലൂടെയാണ് മനുഷ്യൻ പുരോഗതി പ്രാപിച്ചിട്ടുള്ളത് മൗലികാവകാശമായ സ്വാതന്ത്ര്യത്തിന് അർഹമായ പ്രാധാന്യം നല്കാത്തതാണ് കമ്മ്യൂണിസം ഇന്നു നേരിടുന്ന പ്രതിസന്ധിക്ക് പ്രധാന കാരണം....... തൊഴിലാളി വർഗ സർവ്വാധിപത്യത്തിന്റെ രൂപീകരണത്തിൽ ഒരു സർവ്വാധിപതി ആവിർഭവിക്കുക സ്വാഭാവികം മാത്രമാണ്. എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും തന്നെ ഇത് സംഭവിച്ചു. അങ്ങിനെ സർവ്വാധിപത്യത്തെ നിർമ്മാർജ്ജനം ചെയ്യാൻ രൂപംകൊണ്ട കമ്മ്യൂണിസം സർവ്വാധിപത്യത്തെ തന്നെ വളർത്തി."

"The reason for the disintegration of the communist parties in Eastern Europe was probably the insensitivity of the communists to the changes in the needs and aspirations of the people in those countries. They are now preparing to experiment on, a different order of governance, the establishment of a social democracy. The course of events in Soviet Union is also indicative of moving towards the establishment of a social democracy.

An ideology, or a theory, however appealing it has been to the people at or a certain period in the history of mankind, can never remain static for a long period. It will have to adapt itself to changes that are taking place around. Any principle or theory which cannot stand the test of time will succumb to extinction. So the future of communism also depends to a large extent on its ability to adapt itself to changes that are taking place in the society."

**Prof. T. Simon**
Head, Psychology dept.

